# ആശാൻെറ 'സീത'

രാമചന്ദ്രൻ പി. ടി.
I B.Sc. Maths.

കുമാരനാശാൻെറ ചിന്താവിഷ്ടയായ സീത വളരെ വാദപ്രതിവാദങ്ങൾക്ക് വിഷയമായിട്ടുള്ള ഒരു കൃതിയാണല്ലോ ? ഒരു വിഭാഗം നിരൂപകർ ഇതിനെ ആശാൻെറ മികച്ച കൃതിയായിക്കാണുമ്പോൾ മററൊരു വിഭാഗം ഇതിനെ അനൗചിത്യങ്ങളുടെ കേദാരമായിട്ടാണ് കാണുന്നത്. ഇതിനെ പുകഴ്ത്തുന്നവർതന്നെ വിവിധ കാരണങ്ങളിലാണ് അങ്ങിനെ ചെയ്യുന്നതെന്നും നമുക്കു കാണാം. തന്മൂലം പ്രസ്തുത കൃതിയിൽ പ്രതിപാദിക്കപ്പെട്ടിട്ടുള്ള സീതയുടെ ചിന്തയാം വനകല്ലോലിനിയുടെ ഒഴുക്ക് ശ്രദ്ധിക്കുന്നത് കൗതുകകരമായിരിക്കുമല്ലോ ?

## ചിന്താസന്ദർഭം :

കവി മുഖവുരയിൽ സൂചിപ്പിച്ചതുപോലെ 'സീതാദേവി അന്തർദ്ധാനം ചെയ്യുന്നതിൻെറ തലേനാൾ രാത്രി വാത്മീകിയുടെ ആശ്രമത്തിൽ ഒരു ഏകാന്ത സ്ഥലത്തിരുന്നു തൻെറ പൂർവ്വകാലാനുഭവങ്ങളേയും ആസന്നമായ ഭാവിയേയും മററും പററിച്ചെയ്യുന്ന ചിന്തകളാണ് ഈ കൃതിയുടെ പ്രധാന വിഷയം, ശ്രീരാമൻ സീതയുടെ പ്രതിമ വെച്ചാണ് യാഗം കഴിച്ചത് എന്നതിനാൽ, ശ്രീരാമനു് തന്നോട്ട് സ്നേഹമുണ്ടെന്നു് സീതക്കുറിയാം. തന്മൂലം വാത്മീകി മഹർഷി ഉപദേശിച്ചാൽ രാമൻ തന്നെ തിരിയെ വിളിക്കുമെന്നു് സീതക്കുറപ്പുണ്ട്. വിളിച്ചാൽ തിരിച്ചുചെല്ലേണമോ അതോ ആശ്രമത്തിൽ സന്യാസിനിയായി തുടരണോ എന്നത് സീതയെ സംബന്ധിച്ചിടത്തോളം ഒരു ചിന്താവിഷയംതന്നെയാണ്. സീതയുടെ എല്ലാമായിരുന്ന പുത്രന്മാർ വാത്മീകിയുടെ കൂടെ അയോദ്ധ്യയിലേയ്ക്ക് പോയതിനാൽ സീതക്കു് ഏകാന്തത അനുഭവപ്പെടുന്നു. സുകുമാർ അഴീക്കോട്ട് ചോദിച്ചതുപോലെ 'നിപുണനായ ഒരു കവി ഈ സന്ദർഭം പാഴാക്കിക്കളയുമോ ?'

സീതയുടെ ചിന്തക്കു് കവി തിരഞ്ഞെടുത്ത സന്ദർഭംപോലെത്തന്നെ കവി സീതയെയിരുത്തുന്ന അന്തരീക്ഷവും ചിന്തക്കു്യോജിച്ചത്തന്നെ. ആശ്രമത്തിൽനിന്നകന്നു് ഒരു തോട്ടത്തിൽ നിലാവേററ് ആമ്പൽ വിരിയുന്ന പൊയ്കക്കരികിലാണ് സീത ചിന്താവിഷ്ടയായി ഇരിക്കുന്നത്.

> 'അരിയോരണിപന്തലായ് സതി-
> ക്കൊരു പൂവാകവിതിർത്തശാഖകൾ
> ഹരിനീലതൃണങ്ങൾ കീഴിരു -
> ന്നരുളും പട്ടുവിരിപ്പുമായിതു'

എന്ന വരികളിലൂടെ സീത 'അവനീശപരി'യായിരുന്ന കാലത്തെയും ഇന്നത്തെ സ്ഥിതിയേയും കവി താരതമ്യം ചെയ്യുന്നു. പക്ഷെ തളിർപോലെയുള്ള ഉടയാടകളെ

കൊണ്ട് ഉടൽ മൂടിയിരിക്കുന്ന സുന്ദരിയായി തപസ്വിനിയായ സീതയെ സങ്കല്പിച്ചതിലെ അനൗചിത്യം പ്രകടമാണ്.

## തത്ത്വചിന്ത :

ഇനി നമുക്ക് സീതയുടെ ചിന്തകളെന്തെല്ലാമാണെന്ന് പരിശോധിക്കാം. ആദ്യഘട്ടത്തിൽ സീതയുടെ ചിന്താവനകല്ലോലിനി വളരെ സാവധാനത്തിൽ മാത്രമേ ഒഴുകുന്നുള്ളൂ. ആശ്രമത്തിലെ സന്യാസിനിയായി താമസിക്കുന്ന സീത ആദ്യമായി ചിന്തിക്കുന്നത് ജീവിതത്തിന്റെ അനിശ്ചിതത്വത്തെപ്പററിയുമാണ്.

'ഒരു നിശ്ചയമില്ലയൊന്നിനും
വരുമോരോ ദശവന്നപോലെ പോം.
തിരയുന്നു മനുഷ്യനേതിനോ
തിരിയാലോക രഹസ്യമാർക്കുമേ

എന്നും

ഒരുവേള പഴക്കമേറിയാ
മിരുളുംമെല്ലെ വെളിച്ചമായ് വരും
ശരിയായ് മധുരിച്ചിടാം സ്വയം
പരിശീലിപ്പൊരുകയ്പ്പു താനുമേ

എന്നുമുള്ള സംക്ഷിപ്തസുന്ദരങ്ങളായ ലോകോക്തികൾ എന്നും നമ്മുടെ മനസ്സിൽ പച്ചപിടിച്ചു നില്ക്കും.

## രാമവിമർശനത്തിനു മുമ്പ് :

സീതയ്ക്ക് ഏററവും കൃതാർത്ഥത തോന്നുന്ന ദിവസം ഒരിടത്തിരുന്ന് നേരെ രാമനെപ്പററി കുററം പറയാനിരുന്ന എന്നു പറഞ്ഞാൽ അത് ശരിയല്ലെന്ന് ഔചിത്യബോധമുള്ള കുമാരനാശാനറിയാമായിരുന്നു. അതുകൊണ്ട് അദ്ദേഹം സീതയുടെ ചിന്തകൾ ഒന്നിൽനിന്ന് മറെറാന്നിലേക്കായി വ്യാപിപ്പിച്ചിരിക്കുന്നു. സീത ആദ്യമായി ചിന്തിക്കുന്നത് കഴിഞ്ഞുപോയ സംഭവങ്ങളെക്കുറിച്ചാണ്. രാമന്റെ കല്പനപ്രകാരം ലക്ഷ്മണൻ തന്നെ കാട്ടിൽ ഉപേക്ഷിച്ചതും, താൻ ശീതളമൂർച്ഛയേററ് കിടന്നതും, വാത്മീകിതന്നെ ആശ്രമത്തിൽ പ്രവേശിപ്പിച്ചതുമെല്ലാം സീത ഓർമ്മിക്കുന്നു. പിന്നീട് സീത ആശ്രമത്തിലെ 'ഇഷുയാം പുകമൂടാത്ത' സന്യാസിനികളെയും പട്ടണത്തിലെ പരംപച്ഛവും അസൂയയും ദുർവൃതിയാനസക്തിയുമുള്ള സ്ത്രീകളെയും താരതമ്യം ചെയ്യുന്നു. പി. കെ. ബാലകൃഷ്ണന്റെ ശൈലിയിൽ പറഞ്ഞാൽ അങ്ങിനെ മുനീന്ദ്രയോഷമാരുടെ വെണ്മയുള്ള പശ്ചാത്തലത്തിൽ അരങ്ങേറുകയാണ് നഗരസ്ത്രീകളാകുന്ന ഗ്രഷണിക്കാരുടെ കറുകറുത്ത ബീഭത്സരൂപങ്ങൾ.'

## രാമവിമർശനം :

രാമൻ കീർത്തിയിൽ മയങ്ങി തന്നെ ചതിവിൽ ഉപേക്ഷിച്ചതിനെ സീത ചോദ്യം ചെയ്യുകയാണീഘട്ടത്തിൽ. വിഭവോന്നതി, കൃതുവൈഭവം ശ്രുഭഖ്യാതി ജയങ്ങൾ എന്നിവയാൽ രാമൻ അഹങ്കാരിയായി എന്നും രാമന്റെ ഈവക കുററങ്ങൾക്ക് കാരണം അയാളുടെ അച്ഛന്റെ പാരമ്പര്യമാണെന്നും പറഞ്ഞ് രാമനെയും രാമന്റെ അച്ഛനെയും കുററം പറയുന്ന സീത, നമുക്കു പരിചയമുള്ള ഹൈന്ദവ സാംസ്കാരിക സങ്കല്പത്തിന്റെ മൂലശിലകളിൽ ഒന്നായ സീതാദേവിയല്ലെന്ന് നിസ്സംശയം പറയാം. ക്ഷമയുടെ മൂർത്തീകരണമായ ആ സീതാദേവിയെവിടെ, രാമനെപ്പററി

'സഹജാഭൃത ധർമ്മാദിയാം
മഹനീയാത്മ ഗുണങ്ങൾ ഭുവനെ
സഹധർമ്മിണിയാൾക്കു മുമ്പഹാ!
സഹസാവിട്ടു പിരിഞ്ഞുപോയി
താൻ'

എന്നു് രാമന്ന് എല്ലാ നല്ല ഗുണങ്ങളും നഷ്ടപ്പെട്ടിരിക്കുന്നുവെന്ന് പ്രഖ്യാപിച്ച ആശാന്റെ സീതയെവിടെ ?

''അനിയന്ത്രിതമായ് ചിലപ്പൊഴീ
മനമോടാത്ത കുമാർഗ്ഗമില്ലെടോ''

എന്ന പ്രഖ്യാപനം എന്തും പറയാനുള്ള 'ലൈസൻസ്' അല്ലല്ലോ?

## ആത്മനിന്ദനം ചെയ്യുന്ന സീത:

രാമനെ വിമർശിച്ചതിനുശേഷം സീത പിന്നീട് രാമനനുകൂലമായും തനിക്ക് പ്രതികൂലമായുമുള്ള ന്യായങ്ങൾ തേടിപ്പോകയാണ്.

'അതികഷ്ടമതാണു നീതിതൻ-
ഗതി; കഷ്ടം! പരതന്ത്രർ മന്നവർ.,
പതിനാടകടത്തിയെന്നെ, മൽ
പ്രതിമാരാധകനാവതായ്ഫലം!!

എന്നിങ്ങിനെ രാമൻതന്നെ ഉപേക്ഷിച്ചതിനു കാരണം മന്നവനായതുകൊണ്ടുള്ള അസ്വതന്ത്രതയാണെന്നു പറഞ്ഞു രാമനോട് സഹതപിക്കുകയാണ് സീത. സുകുമാർ അഴീക്കോട് അഭിപ്രായപ്പെടുന്നതുപോലെ 'രാമൻെറ ലോകോത്തര മഹത്വത്തെ ഉള്ളോടുതട്ടി മനസ്സിലാക്കിയ സീതയ്ക്ക് വിമുഖനായ രാമൻെറ ഗുണഭാഗങ്ങളോട് കലർപ്പില്ലാത്ത സമാദരവും, അദ്ദേഹത്തിൻെറ അസ്വതന്ത്രമായ സാഹചര്യത്തിൽ അകംനിറഞ്ഞ അനുകമ്പയുമുണ്ടെന്നു സ്ഫടികംപോലെ ആർക്കും വെളിപ്പെട്ടു കാണാവുന്നതാണ്. ഈ ഘട്ടത്തിൽതന്നെ സീത രാമവിമർശനത്തിനു ക്ഷമ ചോദിക്കുകകൂടി ചെയ്യുന്നുണ്ട്. ഇങ്ങിനെ വിമർശനഘട്ടത്തിലേതിനെക്കാൾ ജാജ്ജ്വല്യമാനയായി മഹാകവി സീതയെ ഈ ഘട്ടത്തിൽ അവതരിപ്പിച്ചിരിക്കുന്നു.

## ഇനി യാത്ര പറഞ്ഞിടട്ടെ:

തനിക്ക് ഈ ലോകത്തിൽ ചെയ്തുതീർക്കാനുള്ളതെല്ലാം ചെയ്തുതീർത്തു കഴിഞ്ഞതിനാൽ ഈ ലോകത്തിലെ ജീവിതം അവസാനിപ്പിക്കുവാൻ സീത തീരുമാനിക്കുന്നു. മണ്ണിൻെറ മകളായ സീത തനിക്കു പ്രിയപ്പെട്ട സൂര്യചന്ദ്രന്മാരോടും, രമണീയവനങ്ങളോടും, സുമങ്ങളോടും എല്ലാം യാത്ര ചോദിക്കുന്നു.

ലസിതസ്മിതനായ ചന്ദ്രികാ-
ഭസിതസ്നാത! മൃഗാങ്ക! കൈതൊഴാം,

എന്ന വരികളിൽ ചന്ദ്രികാഭസിതസ്നാതൻ എന്നു ചന്ദ്രനെ വിശേഷിപ്പിച്ചത് പലരും സൂചിപ്പിച്ചതുപോലെ തെററായിത്തന്നെ എനിക്കും തോന്നുന്നു. കാരണം ചന്ദ്രികയാകുന്ന ഭസ്മത്തിൽ കുളിച്ചുനില്ക്കുന്നത് ചന്ദ്രികയുടെ സ്രോതസ്സായ ചന്ദ്രനല്ല, ഭൂമിയാണല്ലോ.

## ചിന്തയ്ക്കുശേഷം:

ചിന്തയുടെ താങ്ങാനാവാത്ത ഭാരം നിമിത്തം ബോധരഹിതയായ സീതയെ താപസികൾ കണ്ടെത്തി ശുശ്രൂഷിക്കുന്നു. പുലർച്ചയ്ക്ക് സീതയെ കൂട്ടിക്കൊണ്ടുചെല്ലാൻ വന്ന വാല്മീകിയോടൊപ്പം രാമസന്നിധിയിലെത്തി സീത ലോകം വെടിഞ്ഞിരിക്കുന്നു. 'ചിന്താവിഷ്ടയായ സീത' എന്ന ശീർഷകത്തോട് പരിപൂർണ്ണമായും നീതിപുലർത്താത്തതെങ്കിലും ചിന്തയോട് അഭേദ്യമായ ബന്ധമുള്ള ഈ കഥാഭാഗവും കൂടി ഒരു ശ്ലോകത്തിൽ മനോഹരമായി അവസാനം ചേർത്തിരിക്കുന്നു.

## ആശാൻെറ സീത:

രാമനിൽനിന്നു വേറിട്ട് സ്വന്തമായി ഒരു വ്യക്തിത്വമുള്ള ഒരു സീതയെയാണ് ആശാൻ അവതരിപ്പിച്ചിരിക്കുന്നത്. പക്ഷെ ഇതുവരെ നമുക്കു പരിചിതയായ സീതയിൽനിന്നു ആശാൻെറ സീത വളരെ വ്യത്യസ്തയാണ്. ആശാൻെറ സീത മഹത്തായ ഗുണങ്ങൾ ഉള്ള ഒരു മനുഷ്യസ്ത്രീയാണ്

[മനുഷ്യർക്ക് അല്പമെങ്കിലും ദോഷവും ഉണ്ടാകുമല്ലോ] — വികാരങ്ങളും വിചാരങ്ങളും സീതയുടെ മനസ്സിനെ മഥിക്കുകതന്നെ ചെയ്യുന്നു. പക്ഷെ രാമനെ വിമർശിക്കുമ്പോൾ ആശാന്റെ സീതയുടെ സ്വഭാവം ഭാരതീയ സ്ത്രീത്വത്തിന്റെ മാതൃകയെന്നും അന്യാദൃശയെന്നും മററും വിവേകാനന്ദനെക്കൊണ്ടുപോലും പറയിച്ച ആ ആർഷഭാരത സങ്കല്പത്തോട് പരിപൂർണ്ണമായും യോജിക്കുന്നില്ല എന്നുതന്നെ പറയേണ്ടിയിരിക്കുന്നു. അഭിമാനിനിയായ സീതയ്ക്ക് തന്റെ മേലുള്ള അപരാധം തെററാണെന്ന് വാദിച്ചു തെളിയിക്കാം. പക്ഷെ അത് രാമനെയും രാമന്റെ അച്ഛനെയും ഇടിച്ചു താഴ്ത്തിക്കൊണ്ടാവാൻ പാടില്ല. വിമർശനഘട്ടത്തിൽ സംഭവിക്കുന്ന ഈ പതറിച്ച ഒഴിവാക്കിയാൽ, മററു ഭാഗങ്ങളിൽ കുമാരനാശാൻ സീത എന്ന ആ പവിത്രസങ്കല്പത്തെ മനോഹരമായിത്തന്നെ അവതരിപ്പിച്ചിരിക്കുന്നു.

'ചിന്താവിഷ്ടയായ സീത' ഡ്രാമാററിക് മോണോലോഗ് അഥവാ നാടകീയ സ്വാഗതാഖ്യാനം എന്ന സങ്കേതത്തിലാണ് രചിക്കപ്പെട്ടിരിക്കുന്നത്. സീതയുടെ ചിന്തകളെ ഒന്നിൽനിന്ന് ഒന്നിലേക്കായി അനർഗ്ഗളമായി പ്രവഹിക്കുന്ന ഒരു വനകല്ലോലിനിയെപ്പോലെ അവതരിപ്പിച്ചത് മഹാകവിയുടെ പ്രതിഭയുടെ മഹത്തായ നേട്ടങ്ങളിലൊന്നാണ്. സീതയുടെ ചിന്താവനകല്ലോലിനിയിൽനിന്ന് മലയാളത്തിന് ലഭിച്ച അനർഘരത്നങ്ങളായ ലോകോക്തികൾ 'ചിന്താവിഷ്ടയായ സീത' വായിച്ച് എത്രകാലം കഴിഞ്ഞാലും നമ്മുടെ നാവിന്മേൽ തത്തിക്കളിച്ചുകൊണ്ടിരിക്കും.

"പുടവസ്ത്രപിടിച്ച തീച്ചുഴ-
ന്നുടൽകത്തുന്നൊരു
ബാലപോലവൾ", എന്നും
"അരുതോർപ്പതിനിന്നു കാർനിറ
ഞ്ഞിരുളാമെൻ ഹൃദയാങ്കണങ്ങളിൽ
ഉരുചിന്തകൾ പൊങ്ങിടുന്നു ചുഴ്-
ന്നൊരുമിച്ചീയൽ കണക്കെ
മേൽക്കുമേൽ"

എന്നുമുള്ള ഉപമകൾ ആശാന്റെ കവിതാകാമിനിയുടെ മോഹനങ്ങളായ അലങ്കാരങ്ങൾതന്നെ.

തന്റെ കവിതകൾക്കു വിഷയംതേടി സൗരസ്യപാരസികകഥകളിലേയ്ക്ക് പോയ ആശാൻ ഇതിഹാസകഥാഭാഗം സ്വീകരിച്ച് രചിച്ച ഈ കൃതി സീത എന്ന ആ അതിപ്രാചീനമായ സങ്കല്പത്തെ നമ്മോടടുപ്പിക്കുകയും സീതയുടെ നാംകാണാത്ത വശങ്ങളിലേയ്ക്ക് വെളിച്ചംവീശുകയും ചെയ്യുന്നു.

# അവർ പറയുന്നു

ജീവിതം ഒരു പുഷ്പമാണ്, അതിലെ മധുവാണ് പ്രേമം. —വിക്ടർഹ്യൂഗോ

ഏററവും മികച്ച തൂലികാവിലാസങ്ങൾ ജീവിതവുമായി അനുരഞ്ജിക്കാത്ത ആത്മാക്കളുടെ വെളിപാടുകളാണ്. —ഹാൻസി

സ്ഥിരോത്സാഹത്തിനു പകരം നിൽക്കാൻ കൊള്ളാവുന്ന ഒന്നും ഈ ലോകത്തില്ല.
—ഹാരി തോംസൺ

പരാജയം നേരിടുമ്പോൾ വിജയികളായവരെ അനുകരിക്കുക. —ജോർജ്ജ് മെറിഡിത്ത്

ഒരു കടുംപിടുത്തക്കാരന് സ്ഥിരമായ അഭിപ്രായങ്ങളില്ല. അവൻ അഭിപ്രായങ്ങളുടെ അടിമ മാത്രമാണ്. —അലക്സാണ്ടർ പോപ്പ്

വിവാഹജീവിതത്തിൽ അനേകം സങ്കടങ്ങളുണ്ട്; ബ്രഹ്മചര്യത്തിൽ ഒട്ടും സുഖവുമില്ല
—ഡോ: സാമുവൽ ജോൺസൻ

മതമില്ലാത്ത ശാസ്ത്രം മുടന്തനാണ്; ശാസ്ത്രമില്ലാത്ത മതം അന്ധനും. —ഫിലിപ്പ് ഫ്രാങ്ക്

അന്യർ നിങ്ങളോട് പ്രവർത്തിച്ചുകാണാൻ ഇഷ്ടപ്പെടാത്തതൊന്നും നിങ്ങൾ അന്യരോടും പ്രവർത്തിക്കരുത്. —കൺഫ്യൂഷ്യസ്

തക്കസമയത്തുള്ള നിശ്ശബ്ദത പ്രസംഗത്തേക്കാൾ വാചാലമാണ്. —എം. ഫാർക്വാർ ടപ്പർ

നാളെ നിങ്ങൾ ചെയ്യാൻ പോകുന്നത്, ഇന്നലെ നിങ്ങൾക്ക് നഷ്ടപ്പെട്ടതിനെ ഒരിക്കലും പരിഹരിക്കുകയില്ല. —എബ്രഹാം ലിങ്കൻ

കൂടുതൽ പറയാനുള്ളവർ ഏററവും കുറച്ച് വാക്കുകൾ ഉപയോഗിക്കുന്നു. —എച്ച്. ഡബ്ല്യൂ. ഷാ

അനുഭവജ്ഞാനമാണ് ഏററവും അസ്സലായ അറിവ്. —ഗെഥെ

മനുഷ്യത്വം വളരെ ബൃഹത്താണ്, എന്നാൽ മനുഷ്യൻ വളരെ ചെറുതും. —ബോർണെ

പാപം ചരിത്രം എഴുതുമ്പോൾ നന്മ മൗനം ദീക്ഷിക്കുന്നു. —ഗെഥെ

മനുഷ്യസമൂഹത്തെ സ്നേഹിക്കാൻ കഴിയണമെങ്കിൽ നിങ്ങൾ അധികമൊന്നും അവരിൽ നിന്ന് പ്രതീക്ഷിക്കാതിരിക്കുക. —ഹെൽവേഷ്യസ്

നമ്മുടെ ഏററവും വലിയ സന്തോഷവും ഏററവും വലിയ സന്താപഹേതുവും യഥാർത്ഥസുഹൃത്തുക്കളാണ് —ഫെനിലോൺ

ആത്മാവിൽ വിടരുന്ന ഏററവും സുന്ദരസൂനമാണ് കൃതജ്ഞത; അതിനേക്കാൾ സുരഭിലമായ മറെറാന്നും മനുഷ്യഹൃദയം ഇന്നേവരെ കണ്ടെത്തിയിട്ടില്ല. —എച്ച്. ബാല്ലു

സ്നേഹിക്കാതിരിക്കുന്നതിനേക്കാൾ എത്രയോ നല്ലതാണ് സ്നേഹിച്ചുനഷ്ടപ്പെടുകയെന്നത്.
—ഹാൾകെയിൻ

അർഹിക്കാത്ത പ്രശംസ വേഷം മാറിയ നിന്ദയാണ്. —അലക്സാണ്ടർ പോപ്പ്

റൊട്ടി ശരീരത്തിൻെറ ഭക്ഷണമാണ്, സത്യം ആത്മാവിൻെറ ഭോജനവും.

മരണത്തെയല്ല മാനഭംഗത്തെയാണ് ഭയപ്പെടേണ്ടത്.

ഒരു ആൺകുട്ടി അവൻെറ പ്രവർത്തനംകൊണ്ടും, ഒരു പെൺകുട്ടി അവളുടെ സ്വഭാവംകൊണ്ടും അറിയപ്പെടുന്നു.

ഒരു കൂട്ടുകാരനെ പഠിക്കുന്നത് അപരിചിതമായ ഒരു നാട്ടിൽ നടത്തുന്ന പര്യടനത്തിന് തുല്യമാണ്.

സമ്പാദനം: റോണി ചാക്കോ പുലിക്കോട്ടിൽ

# അയ്യപ്പപ്പണിക്കരുടെ കവിത - ഒരാസ്വാദനം

മോഹൻദാസ്, പി. വി. II M.A. (Eng.)

കാലദേശബന്ധിതമായ കെട്ടുകളിൽനിന്നും മോചനം പ്രാപിച്ച് മനുഷ്യമനസ്സിന്റെ വിശാലവാനങ്ങളിലേക്ക പറന്നുയരാൻ കഴിയുമ്പോഴാണ്, അപ്പോൾ മാത്രമാണ്, കവിത പൂർണ്ണത പ്രാപിക്കുന്നത്; കവി സാഫല്യമടയുന്നത്. തീരങ്ങളിൽ വിതുമ്പാവന്ന മുത്തുച്ചിപ്പി ഒരു മണൽത്തരിയെ ടുത്ത അഗാധതകളിലേക്ക് ഊളിയിട്ടിറങ്ങി ദീർഘമായ തപസ്യക്കുശേഷം മനോഹരമായൊരു മുത്താക്കി മാററുന്നതുപോലെ, തനിക്കുചുററും തുടിക്കുന്ന ജീവിതത്തിൽനിന്ന് ചില തരികളെ മനസ്സിലേക്കാവാഹിച്ച് മുഗ്ദ്ധമായ രൂപവും ചടുലമായ ഭാവവും നൽകി ലോകത്തിനു സംഭാവന ചെയ്യുക എന്നതാണ് കവിയുടെ ധർമ്മം. വൈയക്തികദുഃഖങ്ങളും സാമൂഹ്യദുരന്തങ്ങളും കവിഭാവനയുടെ രാസപ്രക്രിയക്കു വിധേയമായി പുറത്തുവരുമ്പോൾ ആസ്വാദകഹൃദയത്തെ കോരിത്തരിപ്പിക്കുന്ന രൂപപരിണാമമാണ് സംഭവിക്കുന്നത്. ഹൃദയത്തിന്റെ തന്ത്രികളിൽ എക്കാലവും അനുരണനമുണ്ടാക്കുവാൻ കഴിയുക എന്നതാണ് ഉത്തമസാഹിത്യത്തിന്റെ ലക്ഷണം. വിശ്വസാഹിത്യത്തിൽ പൊതുവെയും മലയാളസാഹിത്യത്തിൽ പ്രത്യേകിച്ചും ഇത്തരം കൃതികൾ ചുരുക്കമാണ്; അപൂർവ്വമല്ലെങ്കിലും.

മലയാളകവിതയുടെ വളർച്ച യഥാർത്ഥത്തിലാരംഭിക്കുന്നത് ചങ്ങമ്പുഴക്കുശേഷമാണ്. കാൽപനികതയുടെ വസന്തം വഴിയൊരുക്കിയത് ആധുനികതയുടെ പുലരിക്കായിരുന്നു. ആശാനും വള്ളത്തോളിനും ഉള്ളൂരിനും കവിതാരചന ഒരു തപസ്യയായിരുന്നുവെങ്കിൽ ചങ്ങമ്പുഴക്ക് അതൊരു ലഹരിയായിരുന്നു. തന്റെ സമകാലീന കവികളിലേക്കദ്ദേഹം ആ ലഹരി പകർന്നു. പലരും ആ ലഹരിക്കടിപ്പെട്ടു. തങ്ങളുടേതായ ഒരു പ്രപഞ്ചം സൃഷ്ടിക്കാൻ മറന്നുപോയി. ചുരുക്കം ചിലർ മാത്രം അതിൽനിന്നുതിരിച്ചാടി സ്വന്തം മേച്ചിൽപുറങ്ങൾ തേടിയകന്നു. അവരിലൊരാളായിരുന്നു ശ്രീ. അയ്യപ്പപ്പണിക്കർ.

ഇരുപതാം നൂററാണ്ടിന്റെ ആദ്യദശകങ്ങളിൽ പുറത്തുവന്ന ടി. എസ്. എലിയററിന്റെ കവിതകളോടെയാണ്, 'ആധുനികത' സാഹിത്യരംഗത്ത് പ്രത്യക്ഷപ്പെടുന്നത്. എലിയററിന്റെ കവിത നിലവിലുള്ള സാഹിത്യസങ്കല്പങ്ങളോടുള്ള ഒരു വെല്ലുവിളിയായിരുന്നു. വികാരങ്ങൾക്ക് യോജിച്ച ഭാഷയാണ്, ഭാഷയ്ക്ക് യോജിച്ച വികാരമല്ല സാഹിത്യത്തിന്റെ അടിസ്ഥാനശിലയെന്ന പുതിയൊരാശയം രൂപം കൊണ്ടു. കാല്പനികകവിതയുടെ മാംസളമായ സൗന്ദര്യം ആധുനികമനുഷ്യന്റെ ശക്തങ്ങളായ വികാരങ്ങൾക്ക് യോജിച്ച മാദ്ധ്യമമല്ലെന്നും അത്തരം വികാരങ്ങൾക്ക് മാദ്ധ്യമമായി ഭാഷ വർത്തിക്കണമെങ്കിൽ നിലവിലുള്ള കാവ്യസങ്കേതങ്ങളെ പാടെ ഉപേക്ഷിച്ച്, പുതിയ സങ്കേതങ്ങൾ കണ്ടെത്തണമെന്നും എഴുത്തുകാരൻ മനസ്സിലാക്കി.

ശ്രീ. പണിക്കരുടെ കവിതകളിലും നമുക്ക് കാണാവുന്നത് ഈ വസ്തുതകൾതന്നെയാണ്. അമ്പതുകളുടെ ആദ്യത്തിൽ അദ്ദേഹമെഴുതിയ "എന്റെ ഭിത്തിമേൽ" എന്ന കവിതയിലെ.

"നാഡിയിൽനിന്നും നയ
നങ്ങളിൽനിന്നും നീളും
നാഡികൾ തലച്ചോറിൽ
ദാഹിച്ചു ദഹിക്കുന്നു
ചുററിനും കത്തിക്കത്തി-
യൊഴുകീടുന്നു ചത്തൊ
രഗ്നിപർവ്വതം പൂത്ത
ചെമ്പിച്ച കിനാവുകൾ"

എന്ന വരികൾ, നമുക്കുറപ്പിച്ചു പറയാം. അക്കാലത്ത് അത്യന്താധുനികമായിരുന്നിരിക്കും. നാഡിയിൽനിന്നും നയനങ്ങളിൽനിന്നും നീളുന്ന നാഡികൾ തലച്ചോറിനു ദാഹിച്ചു ദഹിക്കുന്ന ഇത്തരം ഭാവനകൾ കാൽപനികതയുടെ പരിവേഷം നിറഞ്ഞു നിൽക്കുന്ന അന്തരീക്ഷത്തിൽ തീർച്ചയായും ഒററപ്പെട്ടുതന്നെ നിൽക്കും. ചത്തൊരഗ്നിപർവ്വതം പൂത്ത ചെമ്പിച്ച കിനാവുകൾ ചുററും കത്തിയൊഴുകീടുന്ന ദൃശ്യം അനുഭവിച്ചറിഞ്ഞ കവി തീർച്ചയായും ഒററയാനായിരുന്നിരിക്കണം. തന്റെ ചുററും മുഴങ്ങുന്ന മണിനാദങ്ങളുടെ സുഖപ്രദായകമായ സ്വാധീനത്തിൽനിന്നും തന്റേതായ കളിമൺതുരുത്തിലെ ഏകാന്തതയിൽ അഭയംതേടി. ഹൃദയത്തെ മഥിക്കുന്ന ഉൽക്കടവികാരങ്ങൾക്ക്- കാൽപനികദുഃഖങ്ങൾക്കല്ല—തന്റെ കവിതയിലൂടെ ഒരു നീർച്ചാലുതുറന്ന് കൊടുക്കുകയാണ് കവി ചെയ്യുന്നതു്. "തലച്ചോറിൽ ദാഹിച്ചു ദഹിക്കുന്ന നാഡികളെ" പ്പററിയെഴുതുമ്പോഴും ഹൃദയത്തിന്റെ മൃദുലഭാവങ്ങൾ കവി കൈവെടിയുന്നില്ല. എന്നു് ഒരു സൂക്ഷ്മാപഗ്രഥനത്തിലേയ്ക്കു് കടക്കുമ്പോൾ നമുക്ക് മനസ്സിലാകും.

ആധുനികകവികളിൽ ചിലർക്കുള്ളതു പോലെ കാൽപനികതയോടുള്ള അന്ധമായ വെറുപ്പോ പരമമായ പുച്ഛമോ പണിക്കരുടെ കവിതകളിൽ നാം കാണുന്നില്ല. സത്യത്തിൽ അദ്ദേഹത്തിനു് യാതൊന്നിനോടും വെറുപ്പോ, പുച്ഛമോ, ഇല്ല. സമായമെന്ന ചെപ്പുനിറഞ്ഞ വൃദ്ധൻ നായയോടുപോലും. അദ്ദേഹത്തിന്റെ ഹാസ്യം ഉടലെടുക്കുന്നതു പുച്ഛത്തിൽനിന്നല്ല മറിച്ച് ആർദ്രമായ സഹാനുഭൂതിയിൽനിന്നാണ്. പണിക്കരുടെ കവിതകളെ ശ്രദ്ധിച്ചു പഠിക്കുമ്പോൾ പരിണാമംകൊള്ളുന്ന ഒരു കാവ്യഭാവനയുടെ ഉടമയാണദ്ദേഹമെന്ന് നമുക്കു കാണാം. കാൽപനികതയുടെ കളരിയിൽനിന്നും പ്രയാണമാരംഭിച്ച ആ കവിതാസരണി തത്വചിന്തയുടെ പർണ്ണശാലക്കു മുന്നിൽ അല്പസമയം നിന്നശേഷം വീണ്ടും സാമൂഹ്യപ്രശ്നങ്ങളുടെ നാൽക്കവലകളിലേയ്ക്കെത്തിയിരിക്കുന്നു.

സ്വപ്നം യാഥാർത്ഥ്യങ്ങളേക്കാൾ ഈ കവിയെ ആകർഷിച്ചിട്ടുണ്ടെന്നു് പറയാം. അർത്ഥരഹിതമായ പകൽക്കിനാവുകളല്ല മറിച്ച് ആത്മദുഃഖങ്ങളുടേയും അപൂർവ്വമോഹങ്ങളുടേയും ലഹരിദായകമായ ഒരു പുനർദർശനം—മനസ്സിന്റെ അബോധമേഖലകളിൽവെച്ച് യാഥാർത്ഥ്യങ്ങളുമായി നടക്കുന്ന ഒരു പുനഃസമാഗമം ആണ് കവിയുടെ സ്വപ്നങ്ങൾ.

"വിസ്മൃതിയുടെ വെൺകളി പൂശി
സ്വപ്നമേ നീയുറങ്ങുക" എന്നും
"ഓർമ്മയിൽ നോവുന്നതു മറക്കാൻ കഴിഞ്ഞെങ്കിൽ
ഓർമ്മകളിനിമേലിൽ പിറക്കാതിരുന്നെങ്കിൽ" എന്നും

അദ്ദേഹമെഴുതുമ്പോൾ നൊമ്പരപ്പെടുന്ന ഒരാത്മാവു വിസ്മൃതിയുടെ ഗുഹാന്തർഭാഗത്തു് സ്വസ്ഥത നേടാൻ വെമ്പുന്നതായി—ആ ഇരുളിന്റെ ഗർഭത്തിൽ ഒരു

കല്പാന്ത നിദ്രയിലാണ്ടുപോകാൻ വെമ്പുന്നതായി — നമുക്കനുഭവപ്പെടും. എന്നാൽ കാലത്തിന്റെ ശക്തങ്ങളായ കരങ്ങൾക്ക് കാര്യമായ മാററമൊന്നും വരുത്താൻ കഴിയാത്ത ഏകവസ്തു മനുഷ്യമനസ്സിൽ മൊട്ടിടുന്ന സ്വപ്നങ്ങളാണ്, ശൈശവത്തിന്റെ നിഷ്കളങ്കതമുതൽ വാർദ്ധക്യത്തിന്റെ ഏകാന്തതവരെ ജീവിതത്തിനു പട്ടും വെളിച്ചവും പകർന്ന്, ആത്മാവിലെ അന്തർധാരയായി ഒരിക്കലും നിലക്കാത്ത മന്ദ്രമായ ഒരു തുടിയൊച്ചപോലെ നമ്മെ ഏതോ അജ്ഞാതലക്ഷ്യത്തിലേക്കു നയിച്ച്, നിരാശയുടെ നീർക്കയങ്ങളിൽ മുങ്ങിത്തുടിക്കുമ്പോൾ എവിടെനിന്നോ എത്തുന്ന ഒരു ജലദേവതയായി നമ്മളിലെന്നും നിറഞ്ഞുനിൽക്കുന്ന കിനാവുകളാണ്, നമ്മുടെ അസ്തിത്വത്തിന്റെ സാരസർവ്വസ്വമായി അവശേഷിച്ചിട്ടുള്ളതെന്നു കവി കരുതുന്നു. അതിനാൽ അദ്ദേഹം ഉറക്കെ പാടുന്നു.

“കാന്താരാവുക നാമുമതിനാൽ സ്വപ്ന
ങ്ങൾ തൻ കാന്താരാവുക
കണികണ്ടതിൻ നേട്ടംവാങ്ങാൻ”
എന്നും
“നാം പുണരും കിനാവിന്റെ
ദിവ്യനാഭിയിൽ
നാമുയിർകൊള്ളുക” എന്നും.

എന്തൊരു ശക്തമായ ആഹ്വാനം! സ്വപ്നങ്ങൾ തൻ കാന്താരാവുക നാം” എന്നു പാടുന്ന കവി കാലത്തിനു പുറംതിരിഞ്ഞുനിൽക്കുന്നവനാണെന്നും എസ്കേപ്പിസ്റ്റാണെന്നും പുരോഗമനസാഹിത്യ സിദ്ധാന്തക്കാരും ഇടതുപക്ഷരാഷ്ട്രീയ കവികളും ആരോപിച്ചേക്കാം. അവരെ നമുക്കു വെറുതെ വിടാം. ജീവിതത്തിന്റെ തീക്ഷ്ണമായ ഉച്ചവെയിൽ ആവോളം കൊണ്ടുനിൽക്കുന്നവരോട് നിദ്രയിൽപോലും സ്വപ്നംകാണാൻ പാടില്ല; അതു പിന്തിരിപ്പൻ മനോഭാവമാണെന്നു പറയാതിരിക്കാനുള്ള സാമാന്യവിവേകമെങ്കിലും നമുക്കു കാണിക്കാം.

പണിക്കരുടെ കാൽപനികതയെക്കുറിച്ച് അൽപംകൂടി പറഞ്ഞശേഷം നമുക്കു വിഷയത്തിന്റെ മററുവശങ്ങളിലേക്കു കടക്കാം. മലയാളത്തിലെ ഒരൊന്നാംകിട നോവലായ ‘ഖസാക്കിന്റെ ഇതിഹാസം’ കാൽപനികതയുടെ അംശമുള്ളതിനാൽ അത്രത്തോളം അതു ആധുനികതയിൽനിന്നകന്നു നില്ക്കുന്നുവെന്നു “ഹരിശ്രീ”യുടെ ‘അവതാരിക’യിൽ സച്ചിദാനന്ദൻ പറയുന്നു. അങ്ങനെയാണെങ്കിൽ ആധുനികമലയാളകവിതയുടെ ആചാര്യനെന്നറിയപ്പെടുന്ന പണിക്കരെ തൽസ്ഥാനത്തുനിന്നും ആധുനികരുടെ കൂട്ടത്തിൽനിന്നും എത്രയും വേഗം നീക്കം ചെയ്യേണ്ടിയിരിക്കുന്നു. പണിക്കരുടെ കവിതകളിൽ നല്ലൊരുഭാഗം കാൽപനിക കവിതകളാണ്. “കുരുക്ഷേത്ര”ത്തിന്റെ അവസാനഖണ്ഡംതന്നെ ഉദാഹരണമായെടുക്കാം.

“ഇത്രനാൾ നാമിണങ്ങി
പരസ്പര മന്ത്രമാത്രം
പ്രപഞ്ചം മധുരിതം
അത്രമാത്രമേ നമ്മുടെ
ജീവനമർമ്മമുള്ളെൻ
പ്രിയംകരതാരമേ” എന്നും

താരമേ, നീയെരിയുക വാനിലെൻ
ചോരയുറയിലുണരട്ടെ പാരിടം” എന്നും

മററുമുള്ളവരികൾ കാൽപനികതയുടെ മുദ്രകൾ പേറുന്നവയാണ്. സച്ചിദാനന്ദന്റെ ഭാഷയിൽ ചിന്തിക്കയാണെങ്കിൽ ആധുനികതയിൽനിന്നും കാതങ്ങളകലെ സ്ഥിതിചെയ്യുന്ന വരികൾ. പക്ഷെ, മുമ്പു പറഞ്ഞതുപോലെ, പണിക്കർക്ക് കാൽപനികതയോടു മമതയല്ലാതെ വിദ്വേഷമുള്ളതായി കാണുന്നില്ല. നമ്മളെല്ലാം ചില ദൌർബല്യങ്ങളുടെ അടിമകളാണെന്ന വാസ്തവം എത്ര നിഷേധിച്ചാലും ഇല്ലാതാകുന്നില്ല. ഇത്തരം ഹൃദയദൌർബല്യങ്ങൾ അഥവാ മാനസികൌന്നത്യങ്ങൾ മനുഷ്യ

എല്ലാം സഹജമാണ്. ശകുന്തളാ വിയോഗവേളയിൽ ജിതേന്ദ്രിയനായ കണ്വൻ പോലും ബാഷ്പോദ്ഗമനനേത്രനാവുകയുണ്ടായില്ലേ? പിന്നെയാണോ ഇന്ദ്രിയ സുഖങ്ങളുടെ നടുക്കടലിൽ നീന്തിത്തുടിക്കുന്ന സാധാരണക്കാരൻ.

കിനാവിന്റെ വസന്തവനത്തിൽനിന്നും തത്വചിന്തയുടെ ഹിമവൽപ്രാന്തങ്ങളിലേക്ക് കവി നടത്തുന്ന പ്രയാണം ശ്രദ്ധേയമാണ്. 'അഗ്നിപൂജ' എന്ന കവിതയിൽ അഗ്നിയുടെ ഉത്ഭവത്തെപ്പററി പാടിയ ശേഷം—പ്രൊമിത്യൂസിന്റെ കഥ ആറു വരികളിൽ സുന്ദരമായി നിബന്ധിച്ചശേഷം—മനുഷ്യസംസ്കാരത്തിന്റെ വളർച്ചയിലും ജീവന്റെ നിലനിൽപ്പിലും പ്രധാന പങ്കു വഹിച്ച അഗ്നിയെ കവി സ്തുതിക്കുന്നു. ചരാചരങ്ങളിലാകെ സൌന്ദര്യത്തിന്റെ ജ്വാലയായി പടന്നുനിൽക്കുന്ന അഗ്നി, കിഴക്കും പടിഞ്ഞാറും തമ്മിലുള്ള സ്നേഹത്തിന്റെ പ്രതീകമായി വർത്തിക്കുന്ന അഗ്നി, മനസ്സിലെ ഖാണ്ഡവവനങ്ങളെ നിശ്ശേഷം കരിച്ചു ചാമ്പലാക്കുന്ന അഗ്നി, കുരുക്ഷേത്ര യുദ്ധക്കളത്തിൽ നാശത്തിന്റെയും ക്രൗര്യത്തിന്റെയും ജ്വാലയായി ആളിനിൽക്കുന്ന അഗ്നി, ഹോമകുണ്ഡത്തിലെ പവിത്രതേജസ്സായ അഗ്നി, ഈ അഗ്നി ഈററത്തൊട്ട് ചുടലക്കളംവരെ നമ്മുടെ ഇഷ്ടതോഴനായി വർത്തിക്കുന്നു. അനാദ്യന്തവീചിയായ് പ്രപഞ്ചവിധാനമായ് വിശ്വമാകെ നിറഞ്ഞുനില്ക്കുന്നു.

പണിക്കരുടെ ജീവിതദർശനത്തിന്റെ മറെറാരു മുഖമാണ് 'കാടിനു കാടിന്റെ ഭംഗി' എന്ന കവിതയിൽ കാണുന്നതു്. സ്വന്തം അസ്തിത്വത്തിനും സ്വയം അർത്ഥം നൽകേണ്ടതിന്റെ ആവശ്യകതയെ കവി ഊന്നിപ്പറയുന്നു. ''മൃത്യുപൂജ'' എന്ന കവിതയിൽ മരണത്തോടുള്ള മനുഷ്യാത്മാവിന്റെ അസാധാരണപ്രേമമാണ് പ്രതിപാദിച്ചിരിക്കുന്നതു്. ജീവിതം അസഹ്യമാകുന്ന സന്ദർഭങ്ങളിൽ ഈ ലോകത്തോടു വിടപറയാനും മൃത്യുവിന്റെ കറുത്ത ചിറകുകളിലേറി തമോമയമായ വീഥിയിലൂടെ തന്റെ പ്രയാണം തുടരാനും കഴിഞ്ഞെങ്കിൽ എന്നു നാമെല്ലാം ആശിച്ചു പോകാറുണ്ട്. കവിയും ഇതുതന്നെ പറയുന്നു.

''ഒന്നുമിനി വേണ്ട
പുലരിക്കതിരുവേണ്ട
വെയിൽവേണ്ട, പകൽവേണ്ട
എന്നേക്കുമായി നീവരൂ, നീ
വരൂ, വിശ്വസിരയാകെ.
മരിച്ചുയിരതിൽത്താൻ
ലയിക്കും വിധത്തിലിനി
ഹേമന്തയാമിനി
വരൂ നീ!''

ശ്രീ. പണിക്കരുടെ ജീവിതദർശനം സമകാലീനമലയാളകവികളുടേതിൽനിന്നും തികച്ചും ഭിന്നമാണെന്നു പറയാം. സ്വപ്നങ്ങളുടെ കാമുകരാകാൻ ഉപദേശിച്ച കവി, യാഥാർത്ഥ്യങ്ങളുടെ ബീഭത്സതയിൽനിന്നും രക്ഷാമാർഗ്ഗമായി മരണത്തെ കാണുന്ന കവി, എസ്കേപ്പിസ്റ്റാണെങ്കിൽ, കുട്ടനാട്ടിലെ കുഞ്ഞിച്ചിരുതമാരുടെ ദുർവിധിയെക്കുറിച്ചു പാടുമ്പോൾ നിസ്സംഗനായ ഒരു സോഷ്യൽ ക്രിട്ടിക്കായി അദ്ദേഹം മാറുന്നതു കാണാം. കുഞ്ഞിച്ചിരുതയുടെ ദുർവിധികണ്ടു്,

''കണ്ണുതുടയ്ക്കാൻ തുവാലയുമായ്
തെങ്ങുകൾനിന്നു കരഞ്ഞോ?—ഇല്ലാ
ആകാശങ്ങളിടിഞ്ഞോ?—ഇല്ലാ
അമ്പിളിനിന്നു കരഞ്ഞോ?—ഇല്ലാ

കാരണം ഇതൊരു ഒററപ്പെട്ട വ്യക്തിയുടെ ദുഃഖമല്ല. മറിച്ച് ഒരായിരം ഗ്രാമീണ കന്യകകളുടെ ദുഃഖകഥയാണ്. ഇതേഭാവം തന്നെയാണ്,

''തന്നയൽപക്കത്തൊരുവയർ നിറയാ-
പ്പെണ്ണിനു്
പെരുവയർ നൽകും മർത്ത്യന്റെ സ്തുതി
പാടുകനാം''

എന്നവരികളിലും കാണുന്നതു്. സോഷ്യൽ ആയറുകൾ എന്ന ലേബലൊട്ടിച്ച് വേർതിരിച്ചു നിർത്തേണ്ടുന്ന കവിതകളല്ല ഇവ. ഇവയുടെ പ്രകടമായ ഭാവത്തിനു മപ്പുറം, വരികളുടെ ആഴങ്ങളിൽ, സഹജീവികളുടെ ദുരന്തപൂർണ്ണമായ ജീവിതത്തിന്റെ കുരിശു സ്വയം പേറി തീർത്ഥാടനം ചെയ്യുന്ന ഒരു വ്യക്തിയെ നമുക്ക് തീർച്ചയായും കാണാൻ കഴിയും. താനിത്തരം വരികളെഴുതിയതിന്റെ പിറേറ ദിവസം തന്നെ ലോകം മുഴുവൻ നന്നാകുമെന്ന യാതൊരുവിധ മിഥ്യാധാരണയും കവിക്കുള്ളതായി തോന്നുന്നില്ല. മറിച്ച് വേദനയുടേയും ദുഃഖത്തിന്റെയും വീചികൾ തന്റെ ഹൃദയതന്ത്രികളിൽ അനുരഞ്ജനമുണ്ടാക്കുമ്പോൾ അറിയാതെ എഴുതിപ്പോകുന്ന ചില വരികളാണിവ-ആത്മാംശത്തിന്റെ ചൂടും സഹാനുഭൂതിയുടെ കുളിരും ഒരുപോലെ ലയിച്ചുചേർന്നിട്ടുള്ള വരികൾ.

അടുത്തതായി ശ്രീ. പണിക്കർ ഈയിടെയായി എഴുതിയിട്ടുള്ള കവിതകളിലേക്കു കടക്കാം. രൂപത്തിലും ഭാവത്തിലും ഇവ ആദ്യകാല കവിതകളിൽനിന്നും വളരെയധികം അകലെ നിൽക്കുന്നു. കാൽപനികതയുടെ സ്വപ്നപരിവേഷം കവി ഏറെക്കുറെ ത്യജിച്ചിരിക്കുന്നുവെന്നു നമുക്കു ബോദ്ധ്യമാകും. ശക്തങ്ങളായ ഇമേജുകൾ വഴി ആസ്വാദക ഹൃദയത്തിന്റെ ആഴങ്ങളിലേക്കിറങ്ങിച്ചെല്ലുകയാണ് കവി ഇവിടെ ചെയ്യുന്നതു്. വ്യഭിചരിക്കപ്പെട്ട പദങ്ങൾക്ക് പുതിയ അർത്ഥങ്ങൾ നൽകി തന്റെ കവിതയിൽ പ്രയോഗിക്കാൻ കവി മടിക്കുന്നില്ല. ചുരുക്കിപ്പറഞ്ഞാൽ ആധുനികതയുടെ എല്ലാ മുദ്രകളും ഈ കവിതകളിൽ കാണാം. ഹാസ്യം അതിന്റെ ഉച്ചകോടിയിലെത്തിനിൽക്കുന്നതും ഈ കവിതകളിലത്രേ. 'ചൊറി', 'ഇണ്ടൻ', 'മരത്തവള' തുടങ്ങിയ കവിതകളിൽ മുഴങ്ങിനിൽക്കുന്ന ചിരി മലയാളകവിതയിൽ വളരെ അപൂർവ്വമായേ നാം കേട്ടിട്ടുള്ളു. കിരീടത്തിൽ ചാടിവീണ മരത്തവളയെ കൊല്ലാൻ അക്ഷൌഹിണി സൈന്യത്തൊടു കല്പിച്ചുവത്രേ ആ രാജാവ്, മരത്തവളയോടൊപ്പം രാജശിരസ്സിനെയും നിറംപതിപ്പിക്കുന്ന അക്ഷൌഹിണി സൈന്യം, 'അങ്ങനെയിരിക്കും മരത്തവളകൾ മഹാരാജാക്കന്മാരോടു കളിച്ചാൽ' എന്ന രാജശിരസ്സിന്റെ അന്ത്യവചനം—മനുഷ്യന്റെ പൊങ്ങച്ചത്തിനുനേരെ കവിയുതിർക്കുന്ന ഹാസ്യശരങ്ങളത്രേ ഇവ.

'പകലുകൾ രാത്രികൾ' എന്ന കവിത പലതുംകൊണ്ടും ഒററപ്പെട്ടു നിൽക്കുന്ന ഒരു കവിതയാണ്. മലയാളത്തിലെ ആദ്യത്തെ സീക്വൻസ് പോയമെന്നു ഇതിനെ വിശേഷിപ്പിക്കാം. ഡയറിക്കുറിപ്പുകളുടെ രീതിയിൽ 21 ഖണ്ഡങ്ങളായി എഴുതിയിരിക്കുന്ന ഒരു കവിതയാണിത്. സന്ധ്യയെന്ന സംഗമ ബിന്ദുവാണ് ഈ കവിതയിൽ ശക്തമായ ഒരിമേജായി നിലകൊള്ളുന്നതു്. സന്ധ്യക്കു ഇരുവശത്തുമായി പകലും, രാവും രണ്ടു വ്യത്യസ്ത ലോകങ്ങളുടെ, രണ്ടു കാലങ്ങളുടെ, ദുഃഖത്തിന്റെ രണ്ടു ദ്വീപുകളുടെ ചിറകററ രണ്ടു പക്ഷികളുടെ രണ്ടു വർണ്ണങ്ങളുടെ സംഗമ ബിന്ദുവായ സന്ധ്യ. ദ്വൈതങ്ങളെല്ലാം മേളിക്കുന്ന അദ്വൈത ബിന്ദു. കാലം നിശ്ചലമായി കിടക്കുന്ന ബിന്ദു. ഇരുട്ടും വെളിച്ചവും ഒന്നുചേരുമ്പോൾ നമുക്കു ലഭിക്കുന്ന സന്ധ്യയുടെ ശോണനിറമാണ്. ഉദയത്തിന്റെ നിറവും ഇതുതന്നെ. അതുകൊണ്ടാണ് കവി പാടുന്നതു്.

''നീതന്നെ ജീവിതം സന്ധ്യേ
നീതന്നെ മരണവും സന്ധ്യേ
നീതന്നെയിരുളുന്നു.
നീതന്നെ മറയുന്നു
നീതന്നെ നീതന്നെ സന്ധ്യേ''

രാത്രികൾ പിറക്കുകയും പകലുകൾ മരിക്കുകയും ചെയ്യുന്ന സന്ധ്യ ഒരേ സമയം

തന്നെ ഇൗററയും ചാടലക്കളെവും ആകുന്നു. മനുഷ്യമനസ്സിൻെറ ആകാശങ്ങളിലും ഇത്തരം സന്ധ്യകളുണ്ട്. ദേവത്വവും അസുരത്വവും ഒന്നുചേരുന്ന നിമിഷബിന്ദുക്കളാകുന്ന സന്ധ്യകൾ. രണ്ടിൻെറയും ഭാവങ്ങൾ വെടിഞ്ഞ് സ്വന്തമായ ഭാവം കൈക്കൊള്ളുന്ന മനുഷ്യത്വം ഉറവയെടുക്കുന്ന അത്തരം സന്ധ്യാബിന്ദുക്കളിലാണ് മനുഷ്യൻ ശരിക്കും ജീവിക്കുന്നത്. സന്ധ്യയിലസ്തമിക്കുന്ന പകലുകളെയും ഉദിക്കുന്ന രാത്രികളെയുമോർത്ത് ചിന്താപരവശനായിരിക്കുന്ന കവി വീണ്ടും പാടുന്നു.

നീ തന്നു ജീവിതം സന്ധ്യേ
നീ തന്നു മരണവും സന്ധ്യേ
നീതന്നെയിതളുന്നു
നീതന്നെ മറയുന്നു
നീതന്നെ നീതന്നെ സന്ധ്യേ

മരണത്തിൽനിന്നും ജന്മമെടുക്കുന്ന ജീവിതം എത്ര അസാധാരണമാണെന്ന് നാം ഒരു വേള വിചാരിച്ചേക്കാം. പക്ഷേ ഈ ജനനവും മരണത്തോളംതന്നെ കഠിന വേദനയുളവാക്കുന്നതാണെന്ന കവിക്ക് ബോദ്ധ്യമുണ്ടെന്ന് തീർത്തുപറയാം. Eliot ൻെറ വരികളോർക്കുക : "This birth was a hard and bitter agony for us, like death, our death". ജീവിതവും മരണവും ഇരുകൈകളിലും വെച്ചുനീട്ടിയ സന്ധ്യയോട് കവി മറയാൻ പറയുന്നു.

"കരിവീണ മറമാകെ-
യെരിയുന്ന പുകയുന്ന
മറയൂ നിശാഗന്ധി സന്ധ്യേ"

എന്ന അപേക്ഷ അവസാനിക്കുന്നത്

"ചിറകററ പക്ഷിക്കു
ചിറകുമായ് നീയിനി
പ്പിറകേ വരൊല്ലെ വരൊല്ലെ
അവസാനമവസാന യാത്രപറഞ്ഞുനീ
യിനിയും വരൊല്ലെ വരൊല്ലെ"

കുറേക്കൂടി ദുഃഖനിർഭരമായ അപേക്ഷയലാണ്. അതിനുശേഷം കവി വീണ്ടും പാടുന്നു:

"നീ തന്ന ജീവിതവും
നീ തന്ന മരണവും
നീ കൊണ്ടുപോവുന്നു സന്ധ്യേ"

അതെ, സന്ധ്യ ക്ഷണികമാണ്. കാലത്തിൻെറ അവിരാമമായ ഒഴുക്കിൽ കാണുന്ന ഒരു കൊച്ചുമൺദ്വീപ്. വളരെ പെട്ടെന്നു തകരും. ദ്വൈതങ്ങൾ ഒന്നുചേരുന്ന ആ സംഗമ ബിന്ദു പൊട്ടുന്നതൊന്നെയില്ലാതാകും. വീണ്ടും പകലും രാവും രണ്ടു യാഥാർത്ഥ്യങ്ങളായി നമുക്കുമുന്നിൽ വരും. സന്ധ്യയുടെ ഓർമ്മ നമ്മുടെ ഹൃദയത്തിൽ മറെറാരു വിഷാദസന്ധ്യയായി രൂപംകൊള്ളും.

'പകലുകൾ രാത്രികൾ' എന്ന കവിതയിലെ ഒമ്പതാം ഖണ്ഡത്തെ മാത്രമാണിവിടെ ആസ്വാദനവിധേയമാക്കിയിട്ടുള്ളത്. മററുള്ള ഖണ്ഡങ്ങളെല്ലാംതന്നെ ഇവിടെ നിന്നാണരംഭിയിരിക്കുന്നത്. അഥവാ മററു ഖണ്ഡങ്ങളെല്ലാം ഒന്നുചേരുന്ന മറെറാരു സന്ധ്യാബിന്ദുവാണീ ഒമ്പതാം ഖണ്ഡം. മലയാളകവിതയുടെ ശക്തിയും ഓജസ്സും മുഴുവൻ ഒരു കവിതയിൽ കാണണമെന്നുണ്ടെങ്കിൽ 'പകലുകൾ രാത്രികളു'ടെ ഒമ്പതാംഖണ്ഡം വായിച്ചാൽ മതി.

കവിതയുടെ അനാട്ടമി പഠിക്കുക ആസ്വാദകൻെറ ജോലിയല്ല. അക്കാദമിക് നിരൂപകന്മാരുടെ കുത്തകയാണത്. എങ്കിലും പണിക്കരുടെ കവിതയിൽ പൊതുവേ ദൃശ്യമാകുന്ന ചില വസ്തുതകളെപ്പററി പറഞ്ഞ് ഈ ആസ്വാദനം അവസാനിപ്പിക്കാമെന്ന് കരുതുന്നു.

ആദ്യമായി അനുവാചകൻെറ ശ്രദ്ധയിൽ പെടുന്നത്, ഈ കവിതകളിലെ സംഗീതത്തിൻെറ അന്തർധാരയാണ്. ജീവിതം

അപസ്വരങ്ങൾ നിറഞ്ഞതാണെങ്കിലും വിശാലമാകെ നിറഞ്ഞുനിൽക്കുന്ന സംഗീതത്തിന്റെ ഒരു ധാര എല്ലാ ചരാചരങ്ങളിലും നമുക്ക് കാണാം. കടൽത്തിരകളുടെ മന്ത്രധ്വനിയിലും, കാററിന്റെ വീണാനാദത്തിലും മുഴങ്ങുന്ന സംഗീതം തന്നെയാണ് ഇടിനാദത്തിലും വർഷപാതത്തിലും കൂടുതൽ ശക്തമായി പ്രത്യക്ഷപ്പെടുന്നത്. അതിന്റെ ഒരു സിംഫണി മനുഷ്യഹൃദയത്തിന്റെ ഉള്ളറകളിലും മുഴങ്ങുന്നുണ്ട്. ഇതിന്റെ പുനർപ്രകാശനമാണ് ഉത്തമ കാവ്യങ്ങളിൽ നാം കാണുന്നത്. പണിക്കരുടെ കവിതയിലത് ഉടനീളം തുളുമ്പി നില്ക്കുന്നു. രണ്ടാമതായി കവി പ്രയോഗിക്കുന്ന ഇമേജുകളാണ് നമ്മുടെ ശ്രദ്ധയിൽപ്പെടുന്നത്. ചിത്രകലയുടെ സങ്കേതങ്ങൾ കവിതയിലേക്കും പകർത്താമെന്ന് ഈ കവിതകൾ തെളിയിക്കുന്നു. അടുത്തതായി ചില പ്രത്യേക പദങ്ങളുടെ ആവർത്തനമാണ്. 'നാഡി', 'നാളി', 'ഇരുട്ട്', 'മുല്ല', 'സ്വപ്നം', 'അമ്പിളി' മുതലായ പദങ്ങൾ വളരെയധികം ആവർത്തിക്കപ്പെടുന്നു. അവ ധ്വനിപ്പിക്കുന്ന അർത്ഥങ്ങൾ അനുഭൂതികളുടെ അടഞ്ഞ വാതിലുകൾ തുറന്നുതരാൻ സഹായിക്കുന്നുവെന്ന് പറയേണ്ടിയിരിക്കുന്നു.

കവിത രൂപപരിണാമങ്ങൾക്ക് വിധേയമായ ഒരു സാഹിത്യരൂപമാണ്. തന്റെ അന്തർനേത്രങ്ങളിൽ പ്രതിഫലിച്ചുകാണുന്ന ദൃശ്യങ്ങളുടെ ആവിഷ്കാരകനാകാനാണ് കവി എക്കാലവും യത്നിച്ചിട്ടുള്ളത്. പക്ഷേ വികാരങ്ങളെ വഹിക്കാൻ ഭാഷക്കു ശക്തി പോരെന്നു തോന്നുമ്പോൾ പുതിയ ഭാഷ സൃഷ്ടിക്കാനും, സംവേദനക്ഷമത വർദ്ധിപ്പിക്കാനും കവി ബാദ്ധ്യസ്ഥനാണ്. ഭാഷയ്ക്കു വരുന്ന മാററങ്ങൾ കണ്ട് വിറളിയെടുക്കുന്ന കോമരങ്ങൾക്കും ഇതൊന്നും കവിതയേയല്ലെന്നു പുച്ഛിച്ചുതള്ളുന്ന പണ്ഡിതശിരോമണികൾക്കും കവി യാതൊരു വിലയും കൽപിക്കേണ്ടതില്ല. ഹൃദയത്തെ മഥിക്കുന്ന വികാരങ്ങളെ ഭാവനയുടെ മൂശയിലിട്ട് രൂപംകൊടുത്തശേഷം പ്രകടിപ്പിക്കുക എന്നതാണ് അയാളുടെ പ്രധാന കർത്തവ്യം. ആധുനികത പരിണാമദശയുടെ അവസാനത്തെ പടിയാണ്. ആധുനികതയുടെ മാനദണ്ഡം കാലത്തെ അതിജീവിക്കുക എന്നതാണ്, അല്ലാതെ കാലത്തിൽ ജീവിക്കുക എന്നതല്ല. ഈ മാനദണ്ഡമനുസരിച്ച് നോക്കുകയാണെങ്കിൽ പണിക്കരുടെ കവിത തീർച്ചയായും ആധുനികമാണെന്നു പറയാം. ഒരേ സമയം ഗ്രീഷ്മസൂര്യന്റെ ചൂടും പൌർണ്ണമിനിലാവിന്റെ കുളിർമ്മയും പകരുന്ന ഈ കവിതകൾ ഭാഷയ്ക്കു നേട്ടവും അഭിമാനവുമാണെന്നു പറയാം.



# ബേങ്ക് ദേശസാൽക്കരണം

ഹാഫീസ് I B. A. (Arabic)

വ്യാപാരബേങ്കുകളെ പൊതുമേഖലയിൽ കൊണ്ടുവരുന്നതിൽ സാർവ്വത്രികമായി ഭിന്നാഭിപ്രായങ്ങളാണുള്ളത്. പൊതുമേഖലയിലെ ബേങ്കുകൾ കിടമത്സരത്തിലേർപ്പെട്ട് അവയുടെ വിഭവങ്ങൾ ദുർവിനിയോഗിക്കാറില്ല. സ്വകാര്യബേങ്കുകൾ ദേശസാൽകരിച്ചാൽ അവയുടെ വിഭവങ്ങൾ നഷ്ടപ്പെടാതിരിക്കുമെന്ന് മാത്രമല്ല പ്രവർത്തനക്ഷമത വർദ്ധിക്കുകയും ചെയ്യും. കേന്ദ്രബാങ്കിൻെറ നയം നടപ്പിൽ വരുത്തുവാൻ വ്യാപാരബേങ്കുകൾ തയാറാകണമെങ്കിൽ അവക്ക് പൊതുവായ ദേശീയതാല്പര്യം ഉണ്ടാകണം. ദേശസാൽകരിച്ചാൽ മാത്രമെ അതുണ്ടാകുകയുള്ളൂ. നാണയനിർമ്മാണം നടത്തുന്ന കേന്ദ്രബാങ്ക് സക്കാറിൻെറ നിയന്ത്രണത്തിലാണ്. പണത്തിന്ന് തത്തുല്യമായ മററ് വിനിമയോപാധികൾ (ചെക്ക്, ഡ്രാഫ്ററ് മുതലായവ) ഇറക്കുന്ന വ്യാപാരബേങ്കുകളും ദേശസാൽകരിച്ചാൽ മാത്രമെ സാമ്പത്തികമാന്ദ്യം പണപ്പെരുപ്പം തുടങ്ങിയവ ഒഴിവാക്കാൻകഴിയുകയുള്ളൂ. ക്ഷേമരാഷ്ട്രസിദ്ധാന്തം എന്ന ആശയം നടപ്പിൽ വരുത്തണമെങ്കിൽ ബേങ്കുകൾ ദേശസാല്ക്കരിക്കണം.

ഇന്ത്യയിൽ വൻകിടസ്വകാര്യബാങ്കുകൾ ദേശസാൽക്കരിക്കണമെന്ന ആവശ്യം ഇമ്പീരിയൽ ബേങ്കിൻെറ ദേശസാല്ക്കരണം മുതൽ ആരംഭിച്ചിരുന്നു. ദേശസാല്ക്കരണത്തിന്ന് നഷ്ടപരിഹാരം മുഖേന ഉണ്ടാകാവുന്ന വമ്പിച്ച സാമ്പത്തികബാദ്ധ്യത ഒഴിവാക്കാൻവേണ്ടി ആദ്യമായി 1967_68ൽ സ്വകാര്യബേങ്കുകളെല്ലാം സാമൂഹ്യനിയന്ത്രണത്തിൽ കൊണ്ടുവരികയുണ്ടായി. അതിന്നു ശേഷമാണ് 1969ൽ ബേങ്കിങ്ങ് കമ്പനീസ് ആക്ട് പാസാക്കി സെൻട്രൽ ബേങ്ക് ഓഫ് ഇന്ത്യാ, ബേങ്ക് ഓഫ് ഇന്ത്യാ, പഞ്ചാബ് നേഷനൽ ബേങ്ക്, ബേങ്ക് ഓഫ് ബറോഡ, യുനൈററഡ് കമേർസ്യൽ ബേങ്ക്, കനറാ ബേങ്ക്, യുനൈററഡ് ബേങ്ക്, ദേനാ ബേങ്ക്, യൂനിയൻ ബേങ്ക്, അലഹബാദ് ബേങ്ക്, സിണ്ടിക്കേററ് ബേങ്ക്, ഇന്ത്യൻ ഓവർസീസ് ബേങ്ക്, ഇന്ത്യൻ ബേങ്ക്, ബേങ്ക് ഓഫ് മഹാരാഷ്ട്രാ എന്നീ പതിനാല് ഷെഡ്യൂൾഡ് ബാങ്കുകളാണ് ദേശസാൽകരിച്ചത്.

അതോടുകൂടി അമ്പത്കോടി രൂപയോ അതിൽ കൂടുതലോ നിക്ഷേപമുള്ള എല്ലാ സ്വകാര്യബാങ്കുകളും ഗവണ്മെണ്ട് നിയന്ത്രണത്തിലായി. വിദേശബാങ്കുകളും അമ്പ

തുകോടി രൂപയിൽ കുറവ് നിക്ഷേപമുള്ള മററ് ഷെഡ്യൂൾഡ് ബേങ്കുകളും ഈ നിയമത്തിൻെറ പരിധിയിൽ പെട്ടിട്ടില്ല. അങ്ങിനെ 2742 കോടി രൂപയുടെ നിക്ഷേപവും, 1421 കോടി രൂപയുടെ വായ്പയും പൊതുമേഖലയിൽ വന്നതോടെ ബാങ്കുകളുടെ ആകെ നിക്ഷേപത്തിൻെറ 80 ശതമാനവും സർക്കാർ പരിധിയിൽ വന്നു.

ദേശസാൽക്കരണത്തിനു് ഉപോൽബലകമായി ഉന്നയിക്കപ്പെട്ട വാദങ്ങൾ ഇവയാണ്.

1. സ്വകാര്യബേങ്കുകൾ അവയുടെ ഡയരക്ടർമാർക്ക് താല്പര്യമുള്ള വൻകിടവ്യവസായികൾക്കും വ്യാപാരികൾക്കുമാണ് കൂടുതലായും വായ്പ കൊടുത്തിരുന്നത്. ചെറുകിടവ്യവസായികൾ, കൃഷിക്കാർ, പുതുതായി വ്യാപാരരംഗത്തിറങ്ങുന്നവർ എന്നിവർക്ക് വായ്പ കൊടുക്കാൻ അവർ തയ്യാറായില്ല. അവഗണിക്കപ്പെട്ട ഈ വിഭാഗത്തിനു് കൂടുതൽ സഹായം നൽകാൻവേണ്ടിയാണ് ബാങ്കുകൾ ദേശസാല്ക്കരിച്ചത്.

2. കൃഷിക്കാരുടെ ദീർഘകാലവായ്പാ ഏജൻസികളിൽ ഒന്നും റിസർവ് ബേങ്കിൻെറ കീഴിൽ പ്രവർത്തിക്കുന്നതുമായ A.R.C. യുടെ ഫണ്ടുകൾ സ്വീകരിച്ച് കൃഷിക്കാർക്ക് എത്തിക്കുവാൻ സ്വകാര്യബാങ്കുകൾ തയ്യാറായില്ല. ദേശസാൽക്കരിക്കുന്നതുകൊണ്ടു് അവയുടെ സേവനം ഇതിനുപയോഗിക്കാവുന്നതാണ്.

3. ഇന്ത്യയുടെ സമ്പദ്‌വ്യവസ്ഥയിൽ ഏററവും വലുതും ദേശീയവരുമാനത്തിൻെറ 50 ശതമാനത്തോളം നൽകുന്നതുമായ കാർഷികമേഖലക്ക് ഏററവും കൂടുതൽ ഫണ്ടു് നൽകാൻ കഴിഞ്ഞിട്ടും സ്വകാര്യബാങ്കുകൾ 1968 അവസാനത്തോടെ കൃഷിക്കാർക്ക് കൊടുത്തത് അവരുടെ ആകെ വായ്പയുടെ 3. 1 ശതമാനം മാത്രമാണ്. സഹകരണമേഖല കൃഷിക്കാർക്ക് കൊടുക്കുന്ന വായ്പ 1975 കഴിയുമ്പോഴേക്കും ആകെ ആവശ്യത്തിൻെറ 40% പോലും വരില്ല. കൃഷിക്കാർക്ക് വേണ്ടി വരുന്ന വായ്പയിൽ 2500 കോടി രൂപ എത്തിക്കുവാൻ ഇന്ത്യയിൽ പ്രത്യേക ഏജൻസികളില്ല. ഈ സംഖ്യ ഉപയോഗപ്പെടുത്താൻ വേണ്ടിയാണ് ധാരാളം ഫണ്ടുകളും ബ്രാഞ്ചുകളും ഉള്ള 14 വൻകിടബാങ്കുകൾ ദേശസാൽക്കരിച്ചത്.

സ്വകാര്യബാങ്കുകൾ ദീർഘകാലവായ്പാരംഗത്തിറങ്ങി ഇൻഡസ്ട്രിയൽ ഫിനാൻഷ്യൽ കോർപറേഷൻ, സ്റ്റേററ് ഫിനാൻഷ്യൽ കോർപറേഷൻ, ഇൻഡസ്ട്രിയൽ ഡവലപ്പ്മെൻറ് ബാങ്ക് ഓഫ് ഇന്ത്യ, യൂനിററ് ട്രസ്റ്റ് ഓഫ് ഇന്ത്യ, ലൈഫ് ഇൻഷ്യൂറൻസ് കോർപറേഷൻ മുതലായ പൊതുമേഖലാസ്ഥാപനങ്ങളുടെ പ്രവർത്തനത്തെ തടയുകയാണ് ചെയ്യുന്നത്. ഇത് നിർത്തലാക്കുവാനും വ്യാപാരബേങ്കുകളെക്കൊണ്ടു് അവയുടെ പ്രവർത്തനം മാത്രം ചെയ്യിക്കാനുമാണ് ബേങ്കുകൾ ദേശസാൽകരിച്ചത്.

ബേങ്കുകളുടെ പ്രവർത്തനത്തിൽ ഗുരുതരമായ പ്രാദേശികാസമത്വം നിലനില്ക്കുന്നു. ഇവ മാററി വ്യാപാരബേങ്കുകൾക്ക് ശാഖകളില്ലാത്ത സ്ഥലങ്ങളിലും ബേങ്കിംഗ്പ്രവർത്തനം വ്യാപിപ്പിക്കാൻ വേണ്ടിയുമാണ് ബേങ്കുകൾ ദേശസാൽക്കരിച്ചത്.

ദേശസാൽക്കരണത്തെ തുടർന്നു് ബേങ്കുകളുടെ പ്രവർത്തനത്തിൽ പെട്ടെന്നു് വിഷമതകളുണ്ടാകാതിരിക്കാൻ താഴെ പറയുന്ന സൗകര്യങ്ങളേർപ്പെടുത്തിയിട്ടുണ്ടു്.

1. ദേശസാൽകൃതബേങ്കുകളുടെ ഡയരക്ടർബോർഡ് പിരിച്ചുവിട്ടെങ്കിലും അതാത് ബേങ്കിൻെറ ചെയർമാന്നു് ബേങ്കിൻെറ കസ്റ്റോഡിയനായി തുടരാം.

2. ബേങ്കിൻെറ പേരോടൊപ്പം ചേർത്ത 'Limited' എന്ന പദം എടുത്തുകളഞ്ഞുവെന്നല്ലാതെ പേരിൽ മററു മാററങ്ങൾ വരുത്തുന്നതല്ല.

3. സ്വകാര്യബേങ്കായിരുന്നപ്പോൾ ഉണ്ടായിരുന്ന ഓഫീസർമാരും മററുദ്യോഗസ്ഥന്മാരും ദേശസാൽകൃതബാങ്കുകളിലും അവയുടെ പഴയ സേവനവ്യവസ്ഥകളിൽ മാററം വരുത്താതെ തുടരാം. ദേശസാൽക്കരിക്കുമ്പോൾ അതാത് ബേങ്കിലുണ്ടായിരുന്ന നിക്ഷേപങ്ങളിൽ നിക്ഷേപകർക്ക് ഉള്ള അവകാശത്തിൽ യാതൊരു മാററവും വരുത്തുന്നതല്ല.

4. ദേശസാൽക്കരിച്ച എല്ലാ ബേങ്കുകൾക്കും നഷ്ടപരിഹാരം നൽകുന്നതാണ്. പിരിഞ്ഞുകിട്ടിയ മൂലധനത്തിൻെറ 50% വരെ പണമായി കൊടുക്കുന്നതാണ്. ബാക്കി തുകക്ക് 4½% പലിശ നിരക്കുള്ള 10 കൊല്ലക്കാലബോണ്ടുകളോ 5½% പലിശനിരക്കുള്ള മുപ്പതു കൊല്ലക്കാല ബോണ്ടുകളോ വാങ്ങേണ്ടിവരും.

ദേശസാൽക്കരണംകൊണ്ടുദ്ദേശിച്ച ലക്ഷ്യങ്ങൾ മുഴുവൻ നേടാൻ കഴിഞ്ഞിട്ടില്ലെങ്കിലും പല രംഗങ്ങളിലും പുരോഗതി ഉണ്ടായിട്ടുണ്ട്.

**1. ഡെപ്പോസിററ്:** 1970ൽ ദേശീയ ബാങ്കുകൾക്ക് ആകെയുണ്ടായിരുന്ന നിക്ഷേപം 4327.2 കോടി. ക. യായിരുന്നു. 1971 അവസാനത്തോടെ അത് 5100 കോടിയായും 1975 ആദ്യത്തോടെ 6000 കോടിയായും വർദ്ധിച്ചു. ദേശസാൽക്കരണത്തിനുമുമ്പ് നിക്ഷേപ വർദ്ധന 14% മായിരുന്നത് 25% ആയി ഉയർന്നു.

**2. ചെറുകിടവായ്പ:** ചെറുകിട വ്യവസായം, സ്വയം തൊഴിലിൽ ഏർപ്പെടുന്ന അഭ്യസ്തവിദ്യർ, പുതുതായി വ്യവസായ രംഗത്തിറങ്ങുന്നവർ, എന്നിവക്ക് ദേശസാൽക്കരണത്തിനുശേഷം വൻകിട ബാങ്കുകൾ അഭൂതപൂർവ്വമായ രീതിയിൽ വായ്പ കൊടുത്തുവന്നു.

**3. കൃഷി:** 1974 അവസാനത്തിൽ 8 ലക്ഷത്തോളം കർഷകർക്ക് 2300കോടിക.യി ലധികം വായ്പ കൊടുത്തു. ദേശസാൽക്കരണത്തിനു മുമ്പ് ഇത് വെറും 38 കോടി. ക യായിരുന്നു. ശരാശരി 2500 ക. വീതമുള്ള വായ്പകളാണ് കൃഷിക്കാർക്ക് കൊടുത്തു വരുന്നത്.

**4. ശാഖകൾ:** ബേങ്കുകൾക്ക് ശാഖകൾ ഇല്ലാത്ത ഗ്രാമപ്രദേശങ്ങൾവരെ അവയുടെ സേവനങ്ങൾ എത്തിക്കുക എന്ന ഉദ്ദേശ്യത്തോടെ മേലിൽ തുറക്കുന്ന ശാഖകളുടെ 70%വും ഇത്തരം സ്ഥലങ്ങളിലേക്ക് നീക്കിവെക്കുന്നതാണ്. ദേശസാൽക്കരണത്തിനുമുമ്പ് 23% മാത്രമെ അർദ്ധപട്ടണ പ്രദേശങ്ങളിലും ഗ്രാമപ്രദേശങ്ങളിലുമായി ഈ ബേങ്കുകൾക്കു ശാഖകൾ ഉണ്ടായിരുന്നത്. 1975 അവസാനത്തോടെ രണ്ടായിരത്തഞ്ഞൂറോളം പുതിയ ശാഖകൾ മാത്രം തുറക്കാൻ കഴിഞ്ഞിട്ടുണ്ട്. 1969 അവസാനത്തിൽ ഇന്ത്യയിൽ ആകെ ഉണ്ടായിരുന്ന ശാഖകൾ 8321 ആയിരുന്നു. 1975ൽ 16700 ഓളമായി വർദ്ധിച്ചു.

ദേശസാൽക്കരണത്തിനെതിരായും അഭിപ്രായങ്ങളുണ്ട്. വിദേശബാങ്കുകളും മററ് ഷെഡ്യൂൾഡ്ബാങ്കുകളും മാററി നിർത്തി 14 ബേങ്കുകൾ മാത്രം ദേശസാൽക്കരിച്ചത് നീതിസഹമല്ല. സർക്കാർ സ്ഥാപനങ്ങൾ അതിൻെറ പ്രവർത്തനത്തിൽ കാര്യക്ഷമത കാണിക്കാതിരിക്കുന്നത് സാധാരണയായി കണ്ടുവരുന്നുണ്ട്. അതിനാൽ ബേങ്കുകളും പൊതുമേഖലയിലായാൽ കാര്യക്ഷമത കുറഞ്ഞുപോകാനിടയുണ്ട്.

ഇത്തരത്തിലുള്ള അഭിപ്രായ ഭിന്നതകളുണ്ടെങ്കിലും സാമ്പത്തികവശത്തിനു പ്രാധാന്യംകൊടുത്തുകൊണ്ടും, സാമൂഹ്യനന്മ, പൊതു പുരോഗതി എന്നിവയെ ലക്ഷ്യം വെച്ചുകൊണ്ടും കൈകൊണ്ടിട്ടുള്ള ഒരു നടപടിയാണ് ദേശസാൽക്കരണം.



# ദുഃഖത്തിന്റെ തീരം

എ. അരീഫാ ബീഗം

III B.Sc. Zoology

വിജനമായ ഈ തീരത്ത് ആർത്തിരമ്പുന്ന തിരമാലകളുടെ സംഗീതം കേട്ടിരിക്കുമ്പോഴും മനസ്സിൽ അസ്വസ്ഥത ബാക്കിയാവുന്നു.

ഏകാന്തനിമിഷങ്ങളിൽ ചിന്തകൾ കാടു കയറുന്നു. മോഹങ്ങൾ സഫലമാവില്ലെന്ന് ഉറപ്പുണ്ടായിരുന്നിട്ടും അവയെ താലോലിച്ചിരുന്നു. ഇപ്പോൾ മോഹങ്ങൾ കരിഞ്ഞു വീണ് ഊഷരഭൂമിയായി മാറിയിരിക്കുന്നു മനസ്സ്.

നേടാൻ കഴിയാത്ത എന്തിനോ വേണ്ടിയുള്ള അദമ്യമായ അഭിലാഷം അതിന്റെ തീവ്രതയിൽ സ്വയം ലയിച്ചു ചേരുകയാണോ ? "I am a bundle of frustrations" എവിടെയോ വായിച്ചുമറന്ന വാക്കുകൾ.

തകർന്ന,തകരുന്ന എന്റെ ജീവിതത്തിന് ഉത്തരവാദി ഞാൻ മാത്രം. മറ്റുള്ളവരുടെ മുമ്പിൽ സ്വന്തം മനസ്സാക്ഷിയുടെ മുമ്പിൽ തെറ്റുകാരിയാകാതിരിക്കാൻ വേണ്ടി നശിപ്പിച്ചത് സ്വന്തം ജീവിതംതന്നെയായിരുന്നില്ലേ ?

അഭിനയം – എന്റെ ജീവിതം മുഴുക്കെ അതായിരുന്നു. ആറിത്തണുക്കാത്ത ദുഃഖം മാത്രം അവശേഷിക്കുന്നു.

വിദൂരതയിൽ അലിഞ്ഞലിഞ്ഞ് ഇല്ലാതെയാകുന്ന മേഘശകലങ്ങൾ....അവഗണിക്കപ്പെട്ട സ്നേഹത്തിന്റെ കഥയാവും അവയ്ക്കും പറയാനുള്ളത്.

സ്നേഹം – എന്നും ഒരു വിദൂരസ്വപ്നംമാത്രമായിരുന്നു. സമൂഹത്തിന്റെ ഉന്നതനിലവാരങ്ങളിൽ വിഹരിച്ചിരുന്നമാതാപിതാക്കൾ. വീട്ടുജോലിക്കാരുടെയും വളർത്തുമൃഗങ്ങളുടെയും ലോകത്തിൽ ഞാനെന്ന കുട്ടി വളർന്നു, പരാതികളും, പരിഭവങ്ങളുമില്ലാതെ. പക്ഷെ, അന്നുതന്നെ നഷ്ടബോധം ഒരു നിഴൽ പോലെ എന്നെ പിന്തുടർന്നിരുന്നു.

വലുതായപ്പോൾ സ്വന്തം പാതകളിൽ കൂടിമാത്രം സഞ്ചരിച്ചു. ഏകാന്തതയെ സ്നേഹിക്കാനും കവിതയിൽ സ്വയം അലിഞ്ഞു ചേരാനും പഠിച്ചു. എങ്കിലും ദുഃഖമെന്ന വികാരം മനസ്സിന്റെ ആഴങ്ങളിൽ ഊറിക്കൂടി.

എവിടെയോവെച്ചു കണ്ടുമുട്ടിയ ഒരു മുഖം ഓർമ്മകളിൽ തങ്ങിനിന്നു. കത്തുകളിൽകൂടി വളർന്നുവന്ന ബന്ധം സ്നേഹമായി മാറുമെന്ന് സങ്കല്പിക്കാൻപോലും കഴിഞ്ഞിരുന്നില്ല.

മനസ്സിന്റെ ചാപല്യം നിയന്ത്രിക്കാൻ പാടുപെട്ടു. അപ്പോഴൊന്നും അപ്രാപ്യമായ

ഉയരങ്ങളിൽനിന്ന് സ്നേഹം തിരിച്ചുകിട്ടുമെന്നു പ്രതീക്ഷിച്ചില്ല.

ഒരിക്കൽ തുറന്നെഴുതി. വർണ്ണഭംഗിയില്ലാത്ത എന്റെ ജീവിതത്തിലേക്ക ക്ഷണിക്കുന്നു. സ്വീകരിക്കുമോ ?

സ്നേഹിക്കപ്പെടുന്നു എന്ന തോന്നലുളവാക്കിയ ചുരുക്കം നിമിഷങ്ങളിലൊന്ന്. ചുററുപാടുകളെകുറിച്ചുള്ള ബോധം നഷ്ടപ്പെട്ടിരുന്ന ആ നിമിഷത്തിൽ സങ്കല്പസൗധങ്ങൾ പടുത്തുയർത്തി. എന്റെ ദുഃഖങ്ങളെ, മോഹഭംഗങ്ങളെ മറക്കാൻ കഴിഞ്ഞ ആ ഒരു നിമിഷത്തെ ബന്ധിച്ചുനിർത്താൻ ആഗ്രഹിച്ചു.

പിന്നീട് എന്റെ രാവുകളുടെ ദൈർഘ്യം വർദ്ധിച്ചു. അന്ധകാരം അലിഞ്ഞുചേർന്ന അന്തരീക്ഷത്തിൽ ചിന്തകൾ അടുക്കും ചിട്ടയുമില്ലാതെ മനസ്സിൽ ഉഴറിനടന്നു. ഒരു തീരുമാനത്തിലെത്താൻ കഴിഞ്ഞില്ല.

വയ്യ... എനിക്കതിനു കഴിയില്ല, മനസ്സു മന്ത്രിച്ചു. "മതത്തിന്റെ മതിൽക്കെട്ടുകൾ തട്ടിത്തകർക്കാനുള്ള കരുത്തൊന്നും എനിക്കില്ല, ക്ഷമിക്കൂ"... നിസ്സംഗതയോടെ എഴുതുമ്പോൾ കൈ വിറച്ചിരുന്നു.

സ്നേഹം നിരസിക്കപ്പെടുമ്പോഴുണ്ടാകുന്ന വേദന. ഭാരിച്ച ഹൃദയത്തോടെ നാലുചുമരുകൾക്കകത്തെ ഏകാന്തതയിലിരുന്ന് എനിക്കെഴുതി.

"നമ്മുടെ ബന്ധം കുറെ ആഗ്രഹങ്ങളിൽ മാത്രമൊതുങ്ങിനിന്നു. പ്രതീക്ഷകൾ നിറഞ്ഞതായിരുന്നു എന്റെ സ്നേഹം. തെററുകാരൻ ഞാനാണെങ്കിൽ ക്ഷമിക്കൂ... വേദനയില്ലാ എന്നു പറയാനൊന്നും എനിക്കാവില്ല. എങ്കിലും എന്റെ നഷ്ടസ്വപ്നങ്ങളിലെ രാജകുമാരി, നന്മകൾ മാത്രം ആശംസിക്കുന്നു."

ഹൃദയം വിങ്ങിപ്പൊട്ടി—

ഭീരു – ഭീരു, മനസ്സു കുററപ്പെടുത്തി.

ഇന്നും ആ ദുഃഖം ബാക്കിനില്ക്കുന്നുവെന്നറിയുമ്പോൾ... വേദനയുടെ കയമാണ് ഓരോ മനസ്സും. ചെറിയ ചെറിയ സംഭവങ്ങൾപോലും അതിന്റെ ആഴം കൂട്ടുന്നു.

ഒരു ജീവിതം നശിപ്പിച്ചു...

ഒന്നു മാത്രം ?

ദുർബ്ബലമായ ആ വികാരം ഒരിക്കലും മാനിക്കപ്പെട്ടില്ല. സ്നേഹം കത്തിജ്ജ്വലിച്ചപ്പോഴും ഒരു ശിലയുടെ നിസ്സംഗതയോടെ നോക്കിനില്ക്കാൻ കഴിഞ്ഞു.

സാഫല്യമടയാത്ത അഭിലാഷങ്ങളുടെ, മോഹഭംഗങ്ങളുടെ ദുഃഖം തളംകെട്ടിനില്ക്കുന്ന കണ്ണുകൾ ഇന്നും എന്നെ പിന്തുടരുന്നു. അതിന്റെ തീക്ഷ്ണതയിൽ സ്വയം എരിഞ്ഞില്ലാതാവുകയാണോ ?

എന്നെ ഓർത്തു കണ്ണുനീർ തൂകാതിരിക്ക... മനസ്സ് ഒരായിരംതവണ മൂകമായി മന്ത്രിച്ചു. ഇപ്പോൾ അതിനുമാത്രമല്ലെ കഴിയുകയുള്ളൂ.

ഒരിക്കൽ പറഞ്ഞതോർക്കുന്നു,

"സ്ത്രീകൾക്ക് ചുററുപാടുകളുമായി വേഗം ഇണങ്ങിച്ചേരാൻ സാധിക്കും."

ഇല്ല... ഇല്ല...

ദുഃഖം മനസ്സിൽ ആഴമുള്ള മുറിവുകൾ സൃഷ്ടിച്ചിരിക്കുമ്പോൾ... ആ മുറിവുകൾ അനുദിനം വലുതാകുമ്പോൾ ഞാനെങ്ങനെ ജീവിക്കും ? എന്റെ ജീവിതം സ്വപ്നങ്ങളിൽ മാത്രം ഒതുങ്ങിനില്ക്കുന്നു.

എന്റെ ജീവിതമല്ല... മുറിവേല്പിക്കപ്പെട്ട ഒരു ഹൃദയത്തിന്റെ ദുഃഖം.

ആഡംബരത്തിന്റെയും കൃത്രിമത്വത്തിന്റെയും ഇടയിൽ എന്റെ ജീവിതവസന്തങ്ങൾ വാടിവീണിരിക്കുന്നു. കാലത്തിന്റെ തടവറയിൽ സ്വയം ബന്ധിച്ചിട്ട തടവുകാരി...

ഇപ്പോൾ എന്റെ വീണയിൽനിന്നുയരുന്നത് ലയഭംഗിയില്ലാത്ത ഗാനവീചികൾ മാത്രം.

കേൾക്കാത്ത പാട്ടുകളുടെ മധുരിമ ആസ്വദിക്കാൻ വെമ്പുന്ന മനസ്സ് പലപ്പോഴും സമനിലതെറ്റി സഞ്ചരിക്കുമ്പോൾ സ്വയംനി ന്ത്രിക്കാൻ പരാജയപ്പെടുന്നു.

മനസ്സിന്റെ ആഴങ്ങളിൽ ശിഥിലമാ ഒരു ചിത്രം മാത്രം......

നാലുപാടും ശബ്ദങ്ങൾ നിറയുന്നു. പ ലിന്റെ അദ്ധ്വാനഭാരം കടലിന്റെ ആ ങ്ങളിൽ ഒഴുക്കികളയാൻ വെമ്പുന്ന ആ കളുടെ പ്രവാഹം. ഈ പ്രവാഹത്തി സ്വയം നഷ്ടപ്പെടുന്നതിനുമുമ്പ് ഞാ എന്റെ തീരവും തേടിയുള്ള പ്രയാണ തുടരട്ടെ.

# ദൃഢനിശ്ചയം

സി. അബ്ദുൽഖാദർ, I P. D. C.

ചീറിയാർത്തിരമ്പുന്ന വാരിധീതീരത്തിങ്കൽ
നീറുമുള്ളവുമായ് ഞാൻ ഭീരുവായ് നിന്നീടവേ,
ആഴിയിലേക്കും പിന്നെപ്പൂഴിയിലേക്കും മൌനമെ—
ന്നാകലേ മിഴികൾ ഹാ പതിഞ്ഞു വീണ്ടും വീണ്ടും!
അർപ്പണം ചെയ്താലോ ഞാനെന്റെ ജീവിതം ചീറി—
യാർത്തിരമ്പുമീയലയാഴിതൻ വക്ത്രത്തിങ്കൽ
ജീവിതമാകും ചുട്ടുപൊള്ളുന്ന മണൽക്കാട്ടിൽ
ഈ വിധമിനിമേലും നരകിപ്പതെന്തിനായ് ?
ജേതൃഭാവത്താൽ പുളച്ചുയരും തരംഗങ്ങൾ
ജാഥകൾ രൂപീകരിച്ചീവിധം വിളിക്കുന്നു.
"വരിക നവാതിഥേ, കരയെ തകർക്കുമെൻ
പരിവാരത്തിൽ കൂടിപ്പൗരുഷം പൂണ്ടാലും നീ!
നിശ്ചലനിശ്ചേഷ്ടനായ് മൂകനായ് സികതയിൽ
നിസ്സഹായനായ് ധർമ്മസങ്കടസ്ഥനായ് നിന്നേൻ.

രക്തപങ്കിലമായൊരേറ്റുമുട്ടലിൻശേഷം
ശക്തനാമർക്കൻ മുന്നിൽ ചത്തുവീണതു കണ്ടേൻ.
ഉദിച്ചനിമിഷംതൊട്ടാഴിയെ തപിപ്പിച്ചോൻ
ഇടിച്ചുതാഴ്ത്തപ്പെട്ടാനാഴിയിൽ—അഹോ സത്യം.

നൂതനമൊരാശയം ജാതമായെനിക്കപ്പോൾ
ഏതാളും കർമ്മഫലമശിച്ചേ മതിയാവൂ.

ദൃഢനിശ്ചയം ചെയ്തേൻ തുടർന്നു ജീവിക്കുവാൻ
ധൃതിയിൽ വാസസ്ഥലത്തേക്കു ഞാൻ കുതിച്ചോടീ.
വിലങ്ങുതടികളെ വിലവെയ്ക്കാതെ ലക്ഷ്യ—
സ്ഥലത്തെ പ്രാപിപ്പതുവരെ ഞാനടർചെയ്യും!

# ഏററവും.......

1. ഏററവും ഉയരമുള്ള മൃഗം — ജിറാഫ്. 19 അടി 3 ഇഞ്ച്

2. ഏററവും വലിയ പക്ഷി — ഒട്ടകപ്പക്ഷി.
2.40 മീററർ ഉയരം. 135 കി.ഗ്രാം തൂക്കം

3. ഏററവും നീളംകൂടിയ സർപ്പം — അനക്കോണ്ട. 37 അടി 6 ഇഞ്ച്

4. ഏററവും വേഗതകൂടിയ സർപ്പം — ബ്ലാക്ക്മാംബ. മണി. 7 മൈൽ

5. ഏററവും വേഗതകൂടിയ മൃഗം — ചീററ (ചെന്നായ്പുലി) മണി. 70 മൈൽ.

6. ഏററവും വേഗതകുറഞ്ഞ ജീവി — ഒച്ച്. മണി. 58 സെ.മീ.

7. ഏററവും അധികം ദൂരം ചാടുന്ന ജീവി — കങ്കാരു. 12.80 മീററർ ദൂരം

8. ഏററവും വേഗത്തിൽ പറക്കുന്ന പക്ഷി — സ്പയിൻ ടേയിൽഡ്
സ്വിഫ്ററ്. മണി. 106. 25 മൈൽ

9. ഏററവും കൂടിയ ആയുർദൈർഘ്യം ഉള്ള മൃഗം — രാക്ഷസ ആമ.
190 – 200 കൊല്ലം

10. ഏററവും വലിയ സസ്യം — സിക്വിയ.
ഉയരം : 272 അടി 4 ഇഞ്ച് അടിച്ചുററളവ്
101 അടി 7 ഇഞ്ച് ആകെ വ്യാപ്തം 49, 660 ക്യു. അടി.

11. ഏററവും പ്രായമുള്ള സസ്യം — മിഥൻ വൃക്ഷ്.
(ഉറങ്ങുന്ന ചന്ദ്രൻ) 4,128 കൊല്ലം

12. ഏററവും വലിയ ഇല — റേഫിയാ പാം.
നീളം 22 മീ. വീതി 12 മീ. തണ്ട്നീളം 5 മീ.

13. ഏററവും വലിയ പുഷ്പം — റാഫ്ളീ സ്യ 1.5 മീ. വ്യാസം.

സമ്പാദകൻ : നസീർ വി.
II B.Sc. Zoology

# എവിടെയോ കണ്ടുമറന്ന ഒരു സ്വപ്നം

ഫസൽ മഹമൂദ് എം. ടി.

II B.Sc. [Physics]

പായൽപിടിച്ച പാറക്കെട്ടിൽ കയറിപ്പറ്റാൻ ശ്രമിക്കുന്ന സന്ധ്യ. സ്വപ്നങ്ങൾ ഒഴുകിപ്പോയ വിധേയത്വം പൂണ്ട മനസ്സ്. ഈ അനിശ്ചിതത്വം കടന്നുവരാൻ തുടങ്ങിയതു് എവിടം മുതലാണ് ? എവിടെയാണെല്ലാം നഷ്ടപ്പെട്ടതു് ? ചൈതന്യം വറ്റിപ്പോയ ഇരുണ്ട മേഖലകളിൽ, അനുനിമിഷം മാഞ്ഞുകൊണ്ടിരുന്ന ജലരേഖകളിൽ,............

ഇന്നോ വിരിയാത്ത പുഷ്പങ്ങളും, സംഗീതംപൊഴിക്കാത്ത ഓളങ്ങളും, ഒരു കീറ് നിലാവിലൊതുങ്ങിനില്ക്കുന്ന രാത്രികളും.

ഓളപ്പരപ്പിനു് മുകളിൽ വിടർന്നുനില്ക്കുന്ന പുഷ്പങ്ങളെനോക്കി അന്നു് സബിതയെന്ന വെളുത്തുമെലിഞ്ഞ പെൺകുട്ടി പറഞ്ഞു.

"ഹായ് ഈ പൂക്കൾക്കെന്തു് ഭംഗ്യാ"

വീണ്ടും മൗനം താവളമടിക്കുന്ന നിമിഷങ്ങൾ. അതിനെ ഭേദിച്ചുകൊണ്ടു് വീണ്ടുമുയർന്ന അവളുടെ സ്വരം.

"നോക്കൂ, ആ ചുവന്ന പൂക്കൾ"

"കുട്ടീ, എല്ലാ പൂക്കൾക്കും ഭംഗിയുണ്ടു്. അവയിൽ ചിലതിനു് സുഗന്ധവും മറ്റു ചിലതിനു് ദുർഗ്ഗന്ധവുമുണ്ടു്."

"ഇതെല്ലാം കൊച്ചുകുട്ടികൾക്ക് പോലുമറിയാം. പക്ഷെ ദുർഗ്ഗന്ധം വമിക്കുന്ന സുന്ദരമായ പുഷ്പങ്ങളെക്കുറിച്ചാലോചിച്ചു് നോക്കൂ" ഒരു വൃത്തത്തിനു് ചുറ്റും മാത്രം സഞ്ചരിച്ചുകൊണ്ടിരുന്ന ദിനങ്ങൾ. എല്ലാം എവിടെ ? പുറത്തു് മരിച്ചു് കിടക്കുന്ന തണുത്ത ഇരുട്ടിൽ താൻ മാത്രം തനിച്ചു്.

"He is an energetic boy"

വിസ്മൃതിയുടെ പുക മറയ്ക്കപ്പുറത്തു് നിന്നും പ്രൊഫസറുടെ കനത്ത സ്വരം. അന്നാവാക്കുകൾക്ക് ന്യായീകരണമുണ്ടായിരുന്നു. ഇന്നെല്ലാം ചേമ്പിലയിൽ ഉറ്റി വീഴുന്ന വെള്ളത്തുള്ളികൾ.

വേർപാടുകൾ സൃഷ്ടിക്കുന്ന ആകർച്ചകൾ; അതിനു് ശേഷമുള്ള അടുപ്പം. ആയിരം താളക്കെട്ടുകളിൽനിന്നുയരുന്ന ഒരു താളാത്മകത.

അന്നു് അപ്രാപ്യമായ അനന്തതയിൽ നിന്നും നിന്റെ മണികിലുക്കംപോലുള്ള പൊട്ടിച്ചിരി കേട്ടിരുന്നു. നിന്റെ മുഖക്കുരു നിറഞ്ഞ സുന്ദരമായമുഖം ദിനരാത്രങ്ങളുടെ പരിധിയ്ക്കുള്ളിൽ ബോധമണ്ഡലത്തിൽ ഒരു ഗോളംപോലെ ചുറ്റിക്കറങ്ങി.

നീ ക്ലിയോപാട്രയായിരുന്നു; ഡെസ്ഡിമോണയായിരുന്നു; ഹെലനായിരുന്നു.

പകൽ കുറുകുകയും നിഴൽ നീളുകയും ചെയ്യുന്ന വേളകളിൽ കനത്ത നിഴൽ സൃഷ്ടിക്കുന്ന പാറക്കൂട്ടങ്ങളും നോക്കി അസ്വസ്ഥതയിൽ തളച്ചിട്ട ഭാവങ്ങളുമായി ഒരിക്കലും വരാത്ത നിന്നെയും പ്രതീക്ഷിച്ചാ പുഴക്കരയിലെ കാത്തിരിപ്പ്.

ഡിസംബറിലെ തണുത്ത പ്രഭാതങ്ങൾ, മെയ്‌മാസത്തിലെ ഉരുകിയൊലിക്കുന്ന മദ്ധ്യാഹ്നത്തിൽ തണൽ നോക്കിയുള്ള യാത്ര. പുതിയ പരിവേഷമില്ലാത്ത അകാലവാർദ്ധക്യം ബാധിച്ച സ്പന്ദനങ്ങൾ.

നെററിയിലേക്കുതിർന്നുവീഴുന്ന മുടിച്ചുരുളുകൾ നെയിൽ പോളീഷിട്ട മെലിഞ്ഞ വിരലുകൾകൊണ്ടൊതുക്കിവെക്കുന്ന നിൻെറ ചിത്രം മനസ്സിൻെറ വെളുത്ത ഭിത്തിയിൽ പൊടിതട്ടാതെ കിടന്നു. പക്ഷെ മൈലുകൾക്കകലെ നീ നിൻെറ അച്ഛനോളംപ്രായമുള്ള ആ മേജറുടെ ഭാര്യയായതു് ആ ദിവസംതന്നെ ഞാനറിഞ്ഞു. നിസ്സഹായയായ നീ. നിൻെറ ചുററും അള്ളിപ്പിടിച്ചുനില്ക്കുന്ന ബന്ധങ്ങളുടെ കൊളുത്തുകൾ.

ഒരു പ്രകാശവൃത്തത്തിൽ ഒതുക്കിയ മനസ്സ്. ശക്തിയായി വലിച്ചെടുത്തപ്പോൾ പൊള്ളലേററു. ആ വ്രണങ്ങളിലൂടെ കിനിയുന്ന ആലസ്യംപൂണ്ട ദുഃഖം.

മുമ്പത്തെപോലെ ചൂളം വിളിക്കാത്ത കാററ്; കാററിൻെറ സംഗീതം ഏററുപാടാതെ തലകുനിച്ച് നില്ക്കുന്ന കോളേജ് കേമ്പസ്സിലെ മരങ്ങൾ.

മരവിച്ച ദുഃഖങ്ങൾക്ക് പുതിയ നിറം കൊടുത്തപ്പോൾ വന്ന വ്യതിയാനം. അതു് കാരണം തകർന്നു തരിപ്പണമായ കണ്ണാടിമാളികകൾ.

ബാലിശങ്ങളായ ആശകളുടെ ശവപ്പറമ്പിൽ മരങ്ങളിൽനിന്നും കൊഴിഞ്ഞുവീഴുന്ന ഇലകൾ മൺകൂനകൾക്ക് മുകളിൽ നിറഞ്ഞുകിടന്നു. അവ ചീഞ്ഞളിഞ്ഞു വളമായി വീണ്ടും വീണ്ടും ദുഃഖങ്ങളെ വളർത്തി.

ഇടിമിന്നലും തണുത്ത കാററുമുണ്ടായിട്ടും പെയ്യാതെപോയ എത്രയെത്ര മേഘങ്ങൾ. യുഗയുഗാന്തരങ്ങൾക്കപ്പുറം സഫലമാകാൻ പററാത്ത, സാഫല്യമടയാത്ത സ്വപ്നങ്ങളുമായിനടക്കുന്ന എത്രയെത്രമനുഷ്യാത്മാക്കൾ.

ഓർമ്മകളെ നിമജ്ജനം ചെയ്യിക്കാൻ പുണ്യനദികൾ കൈപ്പാടകലെ മാത്രം. എനിക്ക് ആരുമല്ലാത്ത നീ. നിനക്ക് ആരുമല്ലാത്ത ഞാൻ.

പക്ഷെ അഗ്നിശിലകളെ പുറത്ത് വിടുന്ന ഗർഭഗൃഹത്തിൽനിന്നുയരുന്ന താപമേറിയ കാററ് ഈ താഴ്‌വരയിൽകൂടി മാത്രമെന്തേ കടന്നുപോയി? അവിടെ പൂത്തുനിന്നിരുന്ന വസന്തം നിമിഷപരിണാമംകൊണ്ട് ചാരമാകാൻ മാത്രം. നീന്തിക്കയറാൻ തുരുത്തില്ലാത്ത നദിയിൽ കൈകാൽ തളരുന്നത് വരെ നീന്താൻ മാത്രം ത്രാണിയില്ലാത്ത ഞാൻ. ഞാനെന്ന സൃഷ്ടിയോട് വെറുപ്പ് തോന്നിയ നിമിഷങ്ങളുടെ ആദ്യ സമീകരണം. കുത്തനെയുള്ള കയററങ്ങളിൽ, ഇറക്കങ്ങളിൽ മരണത്തിൻെറ സ്പർശം അണയുന്ന നിമിഷങ്ങൾ.

മനസ്സിൽ നിശ്ശബ്ദസ്നേഹത്തിൻെറ പൂത്താലവുമായി അടഞ്ഞ നടയ്ക്കു ചുററും വർഷങ്ങളോളമായി നടക്കുന്ന ആ മനുഷ്യൻ എൻെറ സുഹൃത്തായിരുന്നു. കൺമുമ്പിൽ വിടർന്നിട്ടും പറിച്ചെടുക്കാൻ അനുവാദമില്ലാത്ത പുഷ്പങ്ങൾ. കൊഴിയുന്ന ഓരോ നിമിഷവും തിരിച്ചുകിട്ടാത്ത നഷ്ടം മാത്രം സ്ഥായിയായ അനുഭവം. നിങ്ങൾക്ക് വേണ്ടി കണ്ണുനീർ പൊഴിക്കാനില്ലാത്ത മരവിച്ച നിശ്ശബ്ദതയിൽ മഞ്ഞുകട്ടയെക്കാൾ തണുത്ത നിർവ്വികാരത. "ഹായ്" ഹായ്"

ന്റെ കുട്ടീ, നെനെക്കെന്താ പററീത്'. ഈ സന്ധ്യാനേരത്തെന്താരിരിപ്പാണിത്'"

കൂട്ടത്തിൽനിന്നും തെററിയ ആട്ടിൻകുട്ടിയെപോലെ ശൂന്യതയിൽ മേയുന്ന മനസ്സുമായി മുറിയിലെ ഇരുട്ടിനോട്' സല്ലപിക്കുന്ന ത്രിസന്ധ്യകളിൽ മുറിഞ്ഞുകത്ത്' അരിച്ചെത്തുന്ന മുത്തശ്ശിയുടെ ശുഷ്കിച്ച സ്വരം. നെററിയിൽ തണുത്ത കൈകളുടെ തലോടൽ.

"ചെറുപ്പക്കാരായാ കൊറച്ച്' ചുറുചുറുക്കും ഉന്മേഷൊക്കെ വേണ്ടേ. നെനെക്കെന്തുണ്ടായി കുട്ടീ"


നഗരത്തിന്റെ മൂലയിലുള്ള മനോരോഗ വിദഗ്ദന്റെ കൺസൾട്ടിംഗ്' റൂമിലിരുന്നപ്പോൾ മദ്ധ്യവയസ്കനായ ഡോക്ടറും അതേ ചോദ്യം ചോദിച്ചു.

"എനിക്കറിയില്ല സർ. എനിക്കെന്താണ്' സംഭവിച്ചതെന്ന്' എനിക്ക്'തന്നെ മനസ്സിലാക്കാൻ പററാത്ത അവസ്ഥയിൽ ഞാനെങ്ങിനെ നിങ്ങൾക്ക്' മനസ്സിലാക്കി തരും."

രോമകൂപങ്ങളിൽ വജ്രംപോലെ തുളച്ചു കയറുന്ന തണുപ്പ്'. വരണ്ട മരുഭൂമിയാകുന്ന ഉഷ്ണം. ഓരോ കാൽവെപ്പിലും തേയ്'മാനം സംഭവിച്ച പാത. ഗ്രീഷ്മയുടെ പൂക്കൾ മരിച്ചു കിടക്കുന്ന പാത. ഇതിനു'മുമ്പും എത്രയോ പേർ കടന്നുപോയ വഴിത്താര. അത്' കൊണ്ടിതെന്റേതല്ല.

പുഴയിൽ ജലത്തിന്' സന്ധ്യ കറുത്ത നിറം പകർന്നപ്പോൾ മാളവും തേടി പതുക്കെ നടക്കുന്ന പകൽ. പാദത്തിന്നടിയിൽ ഞെരിഞ്ഞമരുന്ന മണൽത്തരികളുടെ നനുത്ത ശബ്ദം. പണ്ടൊക്കെ കോരിത്തരിപ്പുളവാക്കിയ ശബ്ദം. ഇന്നോ ദയനീയത കലർന്ന മോങ്ങൽ മാത്രം.

നിദ്രാവിഹീനങ്ങളായ രാവുകളേ, നിങ്ങളേയും തേടി ഞാനിതാ വരുന്നു. ഒരിക്കൽ കൂടി എന്നെ പുണരൂ.



# ഗണിതശാസ്ത്രത്തിന്നു് അറബികളുടെ സംഭാവന

അഹ്മദു, നരിക്കാട്ടേരി

II B.Sc. (Maths)

ഇന്നു ശാസ്ത്രവിജ്ഞാനത്തിന്റെ ഉത്തുംഗശൃംഗത്തിലിരിക്കുന്ന പാശ്ചാത്യർ അജ്ഞതയുടെയും അന്ധതയുടെയും കൂരിരുട്ടിൽ തപ്പിത്തടയുമ്പോൾ, അറബികൾ വിജ്ഞാനത്തിന്റെ പൂങ്കാവനത്തിൽ ഉല്ലസിക്കുകയായിരുന്നു. യൂറോപ്യർ കാസ്പിയൻ കടൽക്കരയിൽ കക്ക പെറുക്കിക്കൊണ്ടിരുന്നപ്പോൾ, അറബികൾ വിജ്ഞാനത്തിന്റെ മുത്തുച്ചിപ്പി വാരിക്കൂട്ടുകയായിരുന്നു.

ശാസ്ത്രത്തിനു പല അമൂല്യസംഭാവനകളും നൽകിയതു് പൗരസ്ത്യരാജ്യങ്ങളായിരുന്നു എന്നു് ജിജ്ഞാസുക്കൾക്കു വ്യക്തമാംവിധം ചരിത്രത്തിന്റെ ഏടുകളിൽ ആലേഖനം ചെയ്യപ്പെട്ടിരിക്കുന്നു. ഗണിതശാസ്ത്രത്തിന്റെ വളർച്ചക്കു പല അമൂല്യസംഭാവനകളും നല്കിയതു് ഇന്ത്യ, ബാബിലോണിയ, ചൈന, അറേബ്യ മുതലായ ഏഷ്യൻരാജ്യങ്ങളായിരുന്നു. ഗണിതശാസ്ത്രരംഗത്തു അറബികളുടെ സ്വാധീനത്തിന്റെ ഒരു ലഘുചിത്രം മാത്രമാണു് ഈ ലേഖനംകൊണ്ടുദ്ദേശിക്കുന്നതു്.

ടൈഗ്രീസ്നദിയുടെ തീരത്തു സ്ഥിതി ചെയ്യുന്ന 'ബാഗ്ദാദാ'യിരുന്നു മുസ്ലീംകളുടെ വിജ്ഞാനകേന്ദ്രം. മുസ്ലീംഭരണത്തിൻകീഴിൽ ഗണിതശാസ്ത്രത്തിൽ ഏററവും കൂടുതൽ പുരോഗതി പ്രാപിച്ചിരുന്നതും ബാഗ്ദാദ്തന്നെയായിരുന്നു. എ ഡി 712 മുതൽ 775 വരെ അബ്ബാസിയ്യാഖലീഫയായിരുന്ന അൽമൻസൂറിന്റെ ഭരണകാലത്തു്, ബാഗ്ദാദ് ബുദ്ധിജീവികളുടെ വിഹാരരംഗമായിരുന്നു. എ ഡി 798ൽ അന്തരിച്ച പേഷ്യക്കാരനായ 'യഴ്ഖൂബി-ബ്നു-ത്വാരിഖ്' എന്ന പണ്ഡിതൻ അൽമൻസൂറിന്റെ രാജസദസ്സ് സന്ദർശിക്കുകയും, ജ്യോതിശ്ശാസ്ത്രം, ഗണിതശാസ്ത്രം ( Mathematics ) എന്നിവയിൽ പല ഗ്രന്ഥങ്ങളും രചിക്കുകയും ചെയ്തു. കൂടാതെ, കലണ്ടറിനെക്കുറിച്ചു ആദ്യമായി മനസ്സിലാക്കിയതും അദ്ദേഹമാണെന്നു ചരിത്രകാരന്മാർ രേഖപ്പെടുത്തുന്നു. അൽമൻസൂറിന്റെ കാലത്തുതന്നെ, അബൂയാഹ്യ എന്ന പ്രസിദ്ധ ജ്യോതിഷാ (Astrologist) ബാഗ്ദാദ് സന്ദർശിക്കുകയും ടോളമി (Ptolomy) യുടെ 'ടെഗ്രാബസ്ലോസ്' എന്ന ഗ്രന്ഥം അറബിയിലേക്കു വിവർത്തനം ചെയ്യുകയും ചെയ്തു. അതിന്റെ ഫലമായി ഗണിതശാസ്ത്രം ബാഗ്ദാദിൽ വേരൂന്നാൻ തുടങ്ങി.

എ ഡി 777ൽ അന്തരിച്ച അൽഫസരി ജ്യോതിഷത്തെക്കുറിച്ച ഗ്രന്ഥങ്ങൾ രചിക്കുകയും ഗണിതശാസ്ത്രോപകരണങ്ങൾ നിർമ്മിക്കുകയും ചെയ്തതായി ഗണിതശാസ്ത്രചരിത്രം വ്യക്തമാക്കുന്നു. അദ്ദേഹത്തിന്റെ സമകാലീനനും പ്രസിദ്ധരസവാദിയും ആയിരുന്ന 'ജബർ' ഗണിത ശാസ്ത്രത്തിൽ ഗവേഷണങ്ങൾ നടത്തിയതായി ചരിത്രത്തിൽനിന്നു മനസ്സിലാകുന്നു.

'അറബിക്കഥക'ളിലൂടെ പ്രസിദ്ധനായ 'ഹാറൂൽ–അൽ–റഷീദി'ന്റെ ഭരണകാലത്തു (എ ഡി 786 മുതൽ 809 വരെ) യൂക്ലിഡിന്റെ പല ഗ്രന്ഥങ്ങളും അറബിയിലേക്കു വിവർത്തനം ചെയ്യുകയുണ്ടായി. ടോളമിയുടെ ഗ്രന്ഥമായ 'അൽമാഗസ്റ്റ്' അറബിയിലേക്കു തർജ്ജമചെയ്യാൻ തുടങ്ങി. അദ്ദേഹത്തിന്റെ പുത്രനായ 'അൽമാമൂൻ' വിജ്ഞാനത്തിന്റെ രക്ഷാധികാരിയായിരുന്നു. അദ്ദേഹത്തിന്റെ ഭരണകാലത്തു് ഗ്രീക്കുഗ്രന്ഥങ്ങൾ അറബിയിലേക്കു തർജ്ജമചെയ്തു. 'തരൽതപാരി', 'അൽനഹാവൻദി', അൻ അസ്റ്റോർലെബി മുതലായവർ അൽമാമൂന്റെ കാലത്തെ പ്രമുഖരായ മുസ്ലീംശാസ്ത്രപണ്ഡിതന്മാരായിരുന്നു.

അൽമാമൂനിന്റെ കാലത്തെ പ്രമുഖഗണിതശാസ്ത്രജ്ഞനായിരുന്ന 'മുഹമ്മദ്–ബ്നു–മൂസാ–അൽഖോവാരിസ്മി അബ്ദുല്ല' പ്രസിദ്ധ ജ്യോതിശ്ശാസ്ത്രജ്ഞനും പല ജ്യോതിഷ് ഗ്രന്ഥങ്ങളുടെയും കർത്താവുമായിരുന്നു. കൂടാതെ രസതന്ത്രം, ഭൗതികം, സാംഖികം മുതലായ ശാസ്ത്രവിഷയങ്ങളിൽ അഗ്രഗണ്യനും ബീജഗണിത (Algebra) ത്തിന്റെ പ്രഥമ ഗ്രന്ഥകർത്താവുമാണ് അദ്ദേഹം. അദ്ദേഹത്തിന്റെ ഇൽമുൽ ജബർവൽമുഖബല്ല' എന്ന ഗ്രന്ഥം പിന്നീട് ഇതരഭാഷകളിലേക്കു തർജ്ജമ ചെയ്യപ്പെട്ടു. ഈ ഗ്രന്ഥം 'അൽഗോരിട്ടോണി ഡി ന്യൂമെറോ ഇൻഡോറം' (Algoritoni De Neumero Indorum) എന്ന തലക്കെട്ടോടുകൂടി പ്രസിദ്ധഗ്രീക്കപണ്ഡിതൻ 'റോബർട്ടുപാസ്റ്റർ' സ്വഭാഷയിലേക്കു വിവർത്തനം ചെയ്യുകയുണ്ടായി.

എ. ഡി 9ാം നൂററാണ്ടിന്റെ ഉത്തരാർദ്ധത്തിൽ ജീവിച്ചിരുന്ന അൽമഹാനി എന്ന പണ്ഡിതൻ യൂക്ലിഡിന്റെയും ആർക്കമെഡീസിന്റെയും സിദ്ധാന്തങ്ങളെക്കുറിച്ചു ഗവേഷണം നടത്തുകയുണ്ടായി. അദ്ദേഹത്തിന്റെ സമകാലീനനും,'അറബികളുടെ തത്വചിന്തകൻ' എന്ന പേരിൽ പ്രസിദ്ധനുമായ അൽബിന്ദു ജ്യോതിഷം (Astrology), ജ്യോതിശ്ശാസ്ത്രം (Astronomy), ദർശനശാസ്ത്രം മുതലായവയിൽ ഗവേഷണങ്ങൾ നടത്തുകയും ധാരാളം ഗ്രന്ഥങ്ങൾ രചിക്കുകയുംചെയ്തു. അദ്ദേഹത്തിന്റെ പല ഗ്രന്ഥങ്ങളും എ. ഡി. 1150ൽ 'ഗാറാൾഡോ ഓഫ് ക്രമോണ' എന്ന പണ്ഡിതൻ ലാററിൻഭാഷയിലേക്കു വിവർത്തനം ചെയ്യുകയുണ്ടായി.

എ. ഡി. 9ാം നൂററാണ്ടിൽതന്നെ ജീവിച്ചിരുന്ന ബനീമൂസാ എന്ന മൂന്നു സഹോദരന്മാർ ക്ഷേത്രഗണിതത്തിൽ ഗവേഷണം നടത്തിയിരുന്നു. എ. ഡി. 826ൽ ജനിച്ച താബിത്ബ്നുഖുറാ ഗണിതശാസ്ത്രത്തിനു പല സംഭാവനകളും അർപ്പിച്ചിട്ടുണ്ട്. ക്ഷേത്രഗണിതത്തിൽ ബീജഗണിതത്തിന്റെ പ്രായോഗികത മനസ്സിലാക്കിയതു ഇദ്ദേഹമായിരുന്നു. അദ്ദേഹം "പൈത്തഗോറസ്" തിയറം അറബിയിലേക്ക് പരിഭാഷപ്പെടുത്തി. എ. ഡി. 910ൽ ജനിച്ച ഇസ്ഹാഖ്–ബ്നു്–ഹുനൈൻ അതേ തിയറംതന്നെ കൂടുതൽ വിശദീകരണത്തോടെ അറബിയിലേക്കു തർജ്ജമ ചെയ്യുകയുണ്ടായി. ഇതേകാലത്തുതന്നെ ഈജിപ്തുകാരനായിരുന്ന അഹമ്മദി–ബ്നു യൂസഫ് ആനുപാതിക ഗണിതശാസ്ത്രത്തിൽ ഒരു ഗ്രന്ഥം സംഭാവനചെയ്തു.

ഹാറൂൻ–അൽ റഷീദിന്റെ കാലശേഷം, മൂന്നു ഖലീഫമാരുടെ കാലത്തോളം ബാഗ്ദാദിൽ ഗണിതശാസ്ത്രം വളച്ച്പ്രാപിച്ചുകൊണ്ടിരുന്നു. ധാരാളം ശാസ്ത്രകാരന്മാരേയും അവരുടെ ഗ്രന്ഥങ്ങളെയുംകുറിച്ച് ഇനിയും പ്രതിപാദിക്കാനുണ്ട്. എന്നാൽ, അറബികൾ വിജ്ഞാനത്തിൽ മുൻപന്തിയിലായിരുന്നുവെന്നു മനസ്സിലാക്കാൻ ഇതു പര്യാപ്തമാണെന്നാണ് എന്റെ വിശ്വാസം.

കുരിശുയുദ്ധത്തിന്റെയും മററു പല കലഹങ്ങളുടെയും ഫലമായി അറബികളിൽനിന്നു വിജ്ഞാനം പലായനം ചെയ്തുതുടങ്ങി.



# ഗുരു


വിജയകൃഷ്ണൻ സി. പി.

I എം. എ. (ഇംഗ്ലീഷ്)


[illegible]പ്പനിയുണ്ടായിരുന്നതുകൊണ്ട് ഞാൻ മാളത്തിൽ തളർന്നുകിടക്കുകയായിരുന്നു. വിളക്കുകളെല്ലാം കെടുത്തിയിരുന്നു. ഇന്ധനമില്ലാത്ത വാഹനത്തെയെന്നപോലെ ഞാൻ ആ ദിവസത്തെ അത്രനേരവും തള്ളിനീക്കുകയായിരുന്നു. എപ്പോഴോ ഞാൻ ഉറങ്ങിയിരിക്കണം. വാതിലിൽ ഒരു മുട്ടുകേട്ടപ്പോൾ ഞാൻ ഞെട്ടിയുണർന്നു. ഭഗവാനായിരിക്കുമോ? ചാടിയെഴുന്നേൽക്കാനാണ് തോന്നിയത്. ശപിച്ചുകൊണ്ട് വാതിൽ തുറന്നപ്പോൾ പുറത്ത് ഒരാൾ നിൽക്കുന്നു.

“ആരതു് ?” ഉത്തരമില്ല. ഞാൻ തീപ്പെട്ടിയുരച്ച് മുട്ടവിളക്ക് കൊളുത്തി. അരണ്ടവെളിച്ചത്തിൽ ഒരാൾ നിൽക്കുന്നുണ്ട്.

“യൂദാസല്ലേ ?” അയാൾക്കെന്റെ പേരറിയാം. പക്ഷെ വിശ്വസിക്കാൻ പററില്ല. ഞാൻ പറഞ്ഞു, “അല്ല”

അയാൾ വെളിച്ചത്തിലേക്കു കടന്നുനിന്നു. “എനിക്കറിയാം”

അതേ മുഖം. നൂററാണ്ടുകൾ കഴിഞ്ഞിട്ടും അവിടെ മാററമില്ല. മർദ്ദനത്തിന്റെ പാടുകൾ. ഒരു ചുംബനം ഏററുവാങ്ങിയ മുഖം.

എന്റെ പേർ നിഷേധിച്ചപ്പോൾ ഞാൻ കളവുപറയുകയായിരുന്നില്ല. ഞാൻ പറഞ്ഞു, ‘എന്റെ പേർ കുഞ്ഞിരാമൻ എന്നാണ്’’

“അതു് സാരമില്ല. നിന്നെ ഞാൻ പഠിപ്പിച്ചിട്ടുണ്ടല്ലോ”

ശരിയാണ്. ഇദ്ദേഹം ഹൈസ്കൂൾ ക്ലാസ്സുകളിൽ എന്നെ പഠിപ്പിച്ചിട്ടുണ്ട്. പല നല്ല കാര്യങ്ങളും പറയാറുണ്ടായിരുന്നു. സ്നേഹം ആരുടെ മനസ്സിലും ഉണ്ടായിരുന്നില്ലെന്ന് എനിക്ക് മനസ്സിലായി. എന്നെ തല്ലിയവരെ ഞാൻ പൊതിരെ തല്ലി. അപ്പോഴൊക്കെ ഞാൻ ഗുരുവിനെയോർത്ത് ദുഃഖിച്ചിരുന്നു. അദ്ധ്യാപകൻ പറഞ്ഞു, “എനിക്കധികം കാത്തുനിൽക്കാൻ സമയമില്ല. കുറെപേർ എന്നെ പിന്തുടരുന്നുണ്ട്. അവർ കടന്നുപോകുന്നതുവരെ ഇവിടെയെവിടെയെങ്കിലും ഒളിച്ചിരിക്കാം”.

ഗുരുപത്നിയെ ഞങ്ങൾ കണ്ടിട്ടില്ല. ഗുരുദക്ഷിണ ഞാൻ കൊടുത്തിട്ടില്ല. ഇതാ അദ്ദേഹത്തെ സഹായിക്കുവാനുള്ള ഒരു സന്ദർഭം കൈവന്നിരിക്കുന്നു. അദ്ദേഹം അപ്പോഴും മുററത്തുതന്നെ നിൽക്കുകയായിരുന്നു. ഞാൻ വേഗത്തിൽ ചിന്തിച്ചു. പിടി

ക്കപ്പെടാത്ത വിധത്തിൽ എങ്ങനെ ഒളിപ്പിക്കാം. പഴയ വലിയ ഒരു ഭരണിയുണ്ട്. അതിൽ ആരും കൈവെക്കുകയില്ല. അപ്പോൾ...

നാം വീണ്ടും കണ്ടുമുട്ടിയിരിക്കുന്നു. ഞാൻ പറഞ്ഞു, ''വരൂ''. എന്തിനാണ് പിന്തുടരുന്നതെന്നും മററും ഞാൻ ചോദിച്ചില്ല. വലിയഭരണിയിൽ അദ്ദേഹത്തെ ഒളിപ്പിച്ച് ഞാൻ വാതിലടച്ചു. വരാന്തയിൽ പായയിൽ വന്നുകിടന്നു. ആകാശത്തിൽ നക്ഷത്രങ്ങൾ മിന്നുന്നുണ്ടായിരുന്നു. നന്നായി ഉഷ്ണിക്കുന്നുണ്ടായിരുന്നു. ഞാൻ വാതിൽ തുറന്ന് ഗുരുവിനോട് ചോദിച്ചു. ''ഗുരോ! ഉഷ്ണിക്കുന്നുണ്ടോ ?''

''സാരമില്ല. നീ പോയി ഉറങ്ങിക്കോളൂ''. ഞാൻ അല്പം മടിച്ചുനിന്നശേഷം ചോദിച്ചു, ''എന്തിനാണവരങ്ങയെ പിന്തുടരുന്നത് ?''

''ഞാൻ രക്ഷപ്പെട്ടതാണ്. അവരുടെ തടവറയിൽനിന്ന്. എന്നെ അവർ ആരുമറിയാതെ നശിപ്പിച്ചാലും എൻെറ പേരിനു പിറകിൽ ഞാനില്ലെന്ന സത്യം ആരുമറിയില്ല. ഇതെല്ലാം എനിക്ക് തുറന്നു പറയണമെന്നുണ്ട്''.

''ഗുരോ ! നിങ്ങൾ ഒരു വൃഥാസമരത്തിലേർപ്പെട്ടിരിക്കുകയാണ്. നിങ്ങളെയാരും വിശ്വസിക്കില്ല''.

ഭരണിയിൽനിന്ന് ശബ്ദങ്ങളൊന്നും വന്നില്ല. ഞാൻ വാതിലടച്ച് വീണ്ടും പായയിൽ വന്നുകിടന്നു. വിശപ്പ് കത്തിക്കാളുന്നുണ്ടായിരുന്നു. നക്ഷത്രങ്ങൾ കണ്ണ് ചിമ്മി.

ഒരു കാർ റോഡിൽ വന്നുനിന്നതും അതിൽനിന്ന് നാല്പേർ ഇറങ്ങി വീടിനുനേരെ നടന്നുവരുന്നതും കാണാമായിരുന്നു. ഞാൻ ഉറക്കം നടിച്ച് കിടന്നപ്പോൾ അവർ വിളിച്ചു, ''ഏയ് !''

ഞാൻ ഞെട്ടിയുണർന്നതായി നടിച്ചു. ''എന്തുവേണം ?''

''ഇവിടെ നിങ്ങളെക്കൂടാതെ വേറെയാരുമില്ലേ ?''.

അവരുടെ കയ്യിൽ ടോർച്ചുണ്ടായിരുന്നു. ഞാൻ വിളക്ക് കൊളുത്തി. അപ്പോഴാണ് ഞാൻ എല്ലാവരേയും ശ്രദ്ധിച്ചത്. കച്ചവടപ്രമാണി, വക്കീൽ, വൈദ്യൻ, പിന്നെയെനിക്കറിയാവുന്ന പൗലോസ് എന്നുപേരായ ഒരാളും. ഞാൻ പറഞ്ഞു, ''ഇല്ല''.

എൻെറ ശബ്ദത്തിൽ ധാർഷ്ട്യം കലർന്നിരുന്നു. വൈദ്യൻ ചോദിച്ചു, ''ഞങ്ങൾ ഒന്ന് നോക്കിക്കോട്ടെ ?''

ഞാൻ സമ്മതിച്ചു. അവർ ടോർച്ചടിച്ച് അകത്തേക്ക് കയറി. പൗലോസ് എൻെറ ചെവിയിൽ മന്ത്രിച്ചു, ''മോനേ ! സംഗതി കൊഴപ്പമാ. വൈദ്യരുടെ കയ്യിൽ തൃപയിരിപ്പുണ്ട്. അതങ്ങ് വാങ്ങി ആളെയങ്ങ് കൊടുത്തേക്ക്''.

ഞാൻ ഒന്നും മിണ്ടിയില്ല. അവർ എല്ലാ സ്ഥലവും നോക്കി. ഒടുവിൽ വലിയ ഭരണിയുടെ അടുത്തെത്തിയപ്പോൾ കച്ചവടപ്രമാണി ചോദിച്ചു, ''ഇതിലൊന്ന് നോക്കിക്കൂടെ ?''

''അതിൽമാത്രം കൈവെക്കരുത്''.

''ഉം ?'' വൈദ്യൻ.

''തൊടരുതെന്ന് പറഞ്ഞാൽ തൊടരുത്'' നാലുപേരുണ്ടെങ്കിലും അവർ ഭയന്നുവെന്ന് തോന്നുന്നു.

''മൗലികാവകാശധ്വംസനമാവും'' വക്കീൽ പറയുന്നത് കേട്ടു. അവർ പരസ്പരം താഴ്ന്നസ്വരത്തിൽ കാര്യങ്ങൾ ചർച്ച ചെയ്യുന്നുണ്ടായിരുന്നു. പൗലോസ് പറ

ഞ്ഞു, "എന്താന്നു് വെച്ചാൽ തരാമെന്നാ വക്കീൽ സാറ് പറയുന്നതു്"".

"ഒന്നും വേണ്ട !"

ഓക്കണം. വിശപ്പ് എന്റെ വയററിൽ കത്തിക്കാളുകയാണ്. എന്നിട്ടും ഞാനവരോട് ഭക്ഷണം വേണമെന്ന് പറഞ്ഞില്ല. അപ്പോൾ അവരെന്നെ പുറത്തേക്ക് വിളിച്ചുകൊണ്ടുപോയി എന്നോടുപറഞ്ഞു, "എന്തു് വേണമെങ്കിലും ചോദിച്ചോളു" കരപ്രമാണി കൂട്ടിച്ചേർത്തു, "പിന്നെ നിങ്ങളെപ്പോലെയൊരാളെ ഞങ്ങൾക്കാവശ്യവുമുണ്ട്. ഇലക്ഷനടുക്കുകയല്ലേ. നാളെ രാവിലെ ഗോഡൗണിലേക്ക് വന്നാൽ..."

"ഏതായാലും ഊണ് കഴിച്ച് വാ, ഞങ്ങളിവിടെയിരിക്കാം." വെളിച്ചത്തിൽ അവർ നോട്ടെടുത്ത് കാട്ടി. എനിക്ക് വിശക്കുന്നുണ്ടെന്ന കാര്യം അവർ അറിഞ്ഞിരിക്കുന്നു. വിശപ്പെന്ന രാക്ഷസൻ നോട്ടുകൾ സ്വീകരിക്കാൻ എന്നെ നിർബ്ബന്ധിക്കുന്നുണ്ടായിരുന്നു. ഞാനറിയാതെ എന്റെ വിരലുകൾ നോട്ടുകളിലേക്ക് നീണ്ടു. വക്കീൽ പറഞ്ഞു, "ഉം ! മടിക്കണ്ട. വാങ്ങിക്കോളു."

എന്റെ അഭാവത്തിൽ അവർ ഭരണിയിൽ കൈവെക്കുമെന്നും ഗുരു പിടിക്കപ്പെടുമെന്നും എനിക്ക് തീർച്ചയുണ്ടായിരുന്നു. എനിക്ക് അതിയായ ക്ഷീണം തോന്നി. ഗുരു കേൾക്കട്ടെയെന്ന് കരുതി ഞാൻ ഉച്ചത്തിൽ പറഞ്ഞു, "നാണ്യപ്പെരുപ്പം ഒരാഗോളപ്രതിഭാസമാണല്ലോ ? പിന്നെയെനിക്ക് വിശക്കുന്നുമുണ്ട്."

ഞാൻ മനസ്സിൽ കണക്കുകൾകൂട്ടി. തൽക്കാലം 'ബദരിയാ' ഹോട്ടലിലേക്ക് നടക്കാം. പിന്നെ ഇഷ്ടംപോലെ ആഘോഷിക്കാൻ സന്ദർഭവുമുണ്ടല്ലോ. പോരെങ്കിൽ ഇന്ത്യ ഒരു സെക്കുലർ രാജ്യവുമാണ്.

മടങ്ങിവന്നപ്പോൾ ഭരണി കാലിയായിരുന്നു. പിന്നീട് രാവിലെയാണ് അറിഞ്ഞത്; അദ്ദേഹത്തെ കൂടുതൽ വിലകൊടുത്ത് ആരോ വാങ്ങിയെന്നും, അദ്ദേഹം സഞ്ചരിച്ചിരുന്ന വിമാനം നിർബ്ബന്ധിച്ച് ബാങ്കോക്കിലിറക്കിയെന്നും മററും മററും. പിന്നീട് നടന്നതെന്തെന്നറിയാൻ ഞാൻ മിനക്കെട്ടില്ല. വിമാനക്കൊള്ള ഇക്കാലത്ത് വളരെ സാധാരണമാണല്ലോ.

മനുഷ്യൻ ജനിക്കുന്നതു് ജീവിക്കുവാനാണ്; ജീവിക്കുന്നതിനുവേണ്ടി തയ്യാറെടുക്കാനല്ല.

—പാസ്റ്റർനാക്ക്

ചോദ്യം ചെയ്യപ്പെടാത്ത ജീവിതം ഒരിക്കലും അഭികാമ്യമല്ല.

—സോക്രട്ടീസ്

ജീവിതം ചൈതന്യമാണ്, പ്രാർത്ഥനയാണ്, പുരോഗമനമാണ്. വിശ്രമമെന്നൊന്ന് ഈ ലോകത്തിലില്ല. ഉണ്ടെങ്കിൽ അതിന്റെ പേരാണ് മരണം.

—അല്ലാമാ ഇക്ബാൽ

ജീവിതമെന്നതു് ഉറങ്ങിക്കിടക്കുന്ന മനുഷ്യന്റെ ചെവിയിൽ വിഡ്ഢിപറഞ്ഞ കെട്ടുകഥയാണ്.

—ഷേക്സ്പിയർ

സമ്പാദനം : റോണി ചാക്കോ പുലിക്കോട്ടിൽ

# ഹോളിവുഡ് സിനിമയും ഇന്ത്യൻ സിനിമയും

കെ. ടി. കുഞ്ഞഹമ്മദ്
II B. Sc. (Zoology)

ഒരു ഇംഗ്ലീഷ് സിനിമയും ഒരു മലയാള സിനിമയും കണ്ട ഒരുത്തനോട്, ഏതു സിനിമയാണ് കൂടുതൽ നല്ലതെന്ന് ഞാൻ ചോദിച്ചു. അതു രണ്ടും രണ്ട് തരമാണെന്നാണവൻ പറഞ്ഞത്. സിനിമ സംവിധായകന്റെ കല എന്നു പറയുന്നതു ശരിയാണെങ്കിൽ ഈ ഉത്തരത്തിന്ന് പ്രസക്തിയില്ല.

സിനിമാലോകത്തിലെ 'മെക്ക'യാണ് ഹോളിവുഡ്. ലോകപ്രശസ്തങ്ങളായ ചിത്രങ്ങളെല്ലാം നിർമ്മിക്കപ്പെടുന്നത് അവിടെയാണ്. അവിടെയാണ് കോടീശ്വരന്മാരായ സിനിമാ വ്യവസായികൾ പണം വാരിക്കോരി ചിത്രങ്ങൾ നിർമ്മിക്കുന്നത്. നൂറുശതമാനവും വ്യവസായികളുടെ കയ്യിലാണ് ഹോളിവുഡ് സിനിമ എന്നതൊരു നഗ്നയാഥാർത്ഥ്യമാണ്. ഹോളിവുഡ് സിനിമാരംഗത്തും ഉയർച്ചയും താഴ്ചയുമുണ്ടായിട്ടുണ്ട്. അവിടുത്തെ ഏററവും വലിയ സിനിമാ നിർമ്മാതാക്കളാണ് വാർണർ ബ്രദേഴ്സ്,Twentieth Century Fox, Metro Golden Meyers തുടങ്ങിയവ.

Twentieth Century Fox-ന്റെ പോസിഡിയോൺ അഡ്വെഞ്ചർ (Posideon adventure), വാർണർ ബ്രദേഴ്സ് നിർമ്മിച്ച എന്റർ ദ ഡ്രാഗൺ (Enter the Dragon), വാർണർ ബ്രദേർസും 20th Century Foxഉം കൂടി നിർമ്മിച്ച Towering Inferno, എം. ജി. എം. ന്റെ 'Trader Horn' തുടങ്ങിയവ ഈ അടുത്തകാലത്ത് വന്ന പ്രസിദ്ധങ്ങളായ ഹോളിവുഡ് ചിത്രങ്ങളിൽ പെടും.

മേൽപറഞ്ഞ ചിത്രങ്ങളിൽ 'Towering Inferno'ആണ് കലാപരമായി ഏററവും ഉയർന്നനിൽക്കുന്നത്. അനേകം ഡോളർ ചെലവഴിച്ചുനിർമ്മിച്ച ഈ ചിത്രത്തിൽ സംവിധാനം എന്ന കല പരമകാഷ്ഠയിലെത്തിയിട്ടുണ്ട്' എന്നുള്ളത് അനിഷേധ്യമാണ്. ലോകത്തിലെ ഉയരംകൂടിയ ഒരു Tower തീപ്പിടിച്ചപ്പോൾ അതിലകപ്പെട്ട ജനങ്ങളെ, തങ്ങളുടെ ജീവൻ ബലികഴിക്കാൻ തയ്യാറായി രക്ഷപ്പെടുത്തുന്ന ത്യാഗമനസ്കരായ, ധൈര്യശാലികളായ കുറച്ച് ആൾക്കാരുടെ ആ ധീരമായപ്രവൃത്തിയാണ് ഇതിൽ ചിത്രീകരിച്ചിരിക്കുന്നത്. ഇത്തരം ഒരു വിഷമഘട്ടം ജീവിതത്തിൽ എപ്പോഴെങ്കിലും നേരിടുകയാണെങ്കിൽ നമ്മിലുണ്ടാകേണ്ട ചേതോവികാരം എന്തായിരിക്കണമെന്ന് ഈ ചിത്രം കണ്ടവർ പരിചിന്തനം ചെയ്യുമെന്ന കാര്യത്തിൽ സംശയമില്ല. ഒരു സോദ്ദേശചിത്രമായ ഇതിന്ന് മൂന്ന അക്കാഡമിക്ക് അവാർഡ്കിട്ടി എന്നുള്ളതിൽ അത്ഭുതമില്ല.

കാലഘട്ടങ്ങളുടെ അടിസ്ഥാനത്തിൽ ഹോളിവുഡ്ഡ് സിനിമയെ ചിന്തനവിധേയമാക്കുകയാണെങ്കിൽ കലയുടെ പടിപടിയായുള്ള തകർച്ച ദർശനീയമാണ്. മുഴുവൻ കലയും വ്യവസായികളുടെ പിടിയിലാകുമ്പോൾ ഇത് സ്വാഭാവികമാണല്ലോ. ഈ യജമാനന്മാരുടെ അടിമകൾ ഇന്നു ലോകത്ത് പലയിടത്തും ഇന്ത്യയിലും വേരുന്നിക്കഴിഞ്ഞു. ഹോളിവുഡ്ഡിലുള്ള തങ്ങളുടെ യജമാനന്മാരുടെ ഒപ്പമെത്താൻ ഈ അടിമകൾ പാടുപെടുകയാണ്.

ഇനി ഇന്ത്യൻ സിനിമയിലേക്ക് കടക്കുകയാണെങ്കിൽ നമ്മുടെ മനസ്സിൽ ഓടിയെത്തുന്നത് ഹിന്ദി സിനിമയാണ്. ഹോളിവുഡ്ഡ് സിനിമയെ അപ്പടി അനുകരിക്കുകയാണ് അവർ ചെയ്യുന്നത്. 'പരിചയ്'', 'സൗണ്ട് ഓഫ് മ്യൂസിക്ക്'' എന്ന പ്രശസ്ത ചിത്രത്തിന്റെ ഇന്ത്യൻ പശ്ചാത്തലത്തിലുള്ള ആവിഷ്കരണമാണ്. മറ്റൊരു ഹിന്ദിചിത്രമായ 'കോഷിഷ്''ഹാപ്പിനസ്സ് ഫോർ അസ് എഗേൻ'' എന്ന ജാപ്പനീസ് ചിത്രത്തിന്റെ ഹിന്ദിപ്പതിപ്പാണ്. 'ഗോഡ്ഫാദർ' ഇവിടെ ധർമ്മാത്മയായി; 'ബക്കറ്റ്'' 'നമക് ഹറാമും' ബാവർച്ചി, ഖൂൻ ഖൂൻ, ഖേൽ ഖേൽമെ എന്നിങ്ങനെ ഇനിയും ഒട്ടനവധി ഹിന്ദി ചിത്രങ്ങൾ അനുക്രമമായ ഷോട്ടുകളുടെ കാര്യത്തിൽ പോലും ഒറിജിനൽ ചിത്രങ്ങളെ മാതൃകയാക്കിയിരിക്കുന്നു. അടുത്തിറങ്ങിയ 'ഷോലെ'യും ഹോളിവുഡ്ഡ് ചിത്രങ്ങളെ ചില ചില കാര്യങ്ങളുടെ അടിസ്ഥാനത്തിൽ നമ്മുടെ സ്മൃതിപഥത്തിലെത്തിക്കുന്നു.

ഈ നഗ്നമായ അനുകരണം ഹിന്ദിയിൽ മാത്രമല്ല, മറ്റ് ഇന്ത്യൻ ഭാഷകളിലും ഉണ്ടെന്നുള്ളത് സുവിദിതമാണ്. ഇന്ത്യൻ ചലച്ചിത്രലോകത്ത് എപ്പോഴെങ്കിലും നല്ല ചിത്രങ്ങൾ കാഴ്ചവെക്കുന്നത് ബംഗാളും കേരളവും കന്നഡവുമാണ്. ഹിന്ദിയിലും നല്ല ചിത്രങ്ങൾ ഉണ്ടാകുന്നില്ല എന്നല്ല പറയുന്നത്. അങ്കുർ, രജനിഗന്ധ എന്നീ ദേശീയ അവാർഡിന്നർഹമായ ഹിന്ദി ചിത്രങ്ങളെ മറക്കാൻ ആർക്കു സാധിക്കും. 1975ൽ ഏറ്റവും നല്ല ചിത്രത്തിന്നുള്ള അവാർഡിന്നർഹമായ 'ചോമന ദുഡി' തെലുങ്കുഭാഷയുടെ എടുത്തു പറയത്തക്ക നേട്ടമാണ്.

ഹോളിവുഡ്ഡ് സിനിമകളുടെ ഈ അനുകരണം സ്വാഭാവികമാണെങ്കിലും അത് അറിവില്ലായ്മയുടെ അനന്തരഫലമാണ്. പക്ഷേ, വ്യവസായികൾക്ക് പണമാണല്ലോ പ്രധാന ലക്ഷ്യം. പ്രശസ്ത ഇംഗ്ലീഷ് സാഹിത്യകാരനായ ജെ. ബി. പ്രീസ്റ്റ്ലി ഒരിക്കൽ ഹോളിവുഡ്ഡ് സന്ദർശിച്ചശേഷം പറഞ്ഞ അഭിപ്രായം ശ്രദ്ധേയമാണ്.

''ഓരോ ആയിരം അടിക്കും കണക്കില്ലാതെ ഡോളറുകൾ സ്വപ്നംകാണുന്ന ഈ കച്ചവടം നടത്തുന്നത്, കലാകാരന്മാരാണെന്ന് അഭിനയിക്കുന്ന കച്ചവടക്കാരും, കച്ചവടക്കാരാണെന്ന് സ്വയം കരുതാൻ ബാദ്ധ്യസ്ഥരായ കലാകാരന്മാരുമാണ്. ഈ വിചിത്രമായ അന്തരീക്ഷത്തിൽ ആരും തുടർച്ചയായി ഉറച്ചുനിൽക്കുന്നില്ല. കലാകാരന്റെ കല ഇവിടെ ചോർന്നുപോകുന്നു. കച്ചവടക്കാരൻ താൽക്കാലിക ബിസിനസ്സുകാരനോ ഉറച്ചുനിൽക്കാൻ കഴിയാത്തവനോ ആയിത്തീരുന്നു..

സിനിമാലോകത്തെ അസ്ഥിരതയും ജെ. ബി. പ്രീസ്റ്റ്ലിയുടെ ഈ വാക്കുകളിൽ ദർശനീയമാണ്. കലയോട് ഒട്ടിനിൽക്കുന്ന ഒരു വ്യവസായമായതുകൊണ്ട് കലയെ അപ്പാടെ അങ്ങ് ഒഴിച്ചുനിർത്താൻ ആർക്കും സാദ്ധ്യമല്ല. കാരണം, സിനിമ ആധുനാതനമായ ഒരു കലയാണ്. അതിനെ കുഴിച്ചുമൂടാൻ ആരൊക്കെ ശ്രമിച്ചാലും അവർ അവസാനം പരാജിതരാകയേ ഉള്ളൂ.

ഏററവും നല്ല ചിത്രത്തിന്നു് അവാർഡു് നേടുന്നവയുടെ പ്രത്യേകതയെപ്പററി നമുക്കൊന്നു നോക്കാം. ഇന്ത്യയിൽ 'സ്വയംവരം' വളരെ നല്ല ചിത്രത്തിന്നുള്ള അവാർഡു് നേടിയിരുന്നു. പക്ഷേ സാധാരണക്കാർക്കു് മനസ്സിലാവാത്ത തരത്തിലുള്ളതായിരുന്നു ആ ചിത്രം. കലയെ നൂവേവിൻെറ തരംഗങ്ങളിൽ തളച്ചിടുമ്പോൾ അതു് സാധാരണക്കാരന്നു് ദഹിക്കുകയില്ല. കലയെ ആസ്വദിക്കാൻ പര്യാപ്തമാക്കണമെങ്കിൽ അതവതരിക്കുന്ന മാദ്ധ്യമത്തിൻെറ രീതിയും ആസ്വാദനശൈലിയിലുള്ളതായിരിക്കണം. അല്ലെങ്കിൽ പ്രേക്ഷകൻെറ നിലവാരം വളരെ ഉയരണം.

അവാർഡു്നേടിയ ഇംഗ്ലീഷ് ചിത്രങ്ങൾ ഏതു സാധാരണക്കാരനും ആസ്വദിക്കാൻ പററും. അപവാദങ്ങളില്ലെന്നില്ല. കലാപരമായും രസകരമായും (രസകരമായി എന്നിവിടെ പറയുന്നതു്സാധാരണ പ്രേക്ഷകരെ ഉദ്ദേശിച്ചാണു്) നിർമ്മിക്കാൻ ഇന്നും ഇംഗ്ലീഷുകാർക്കേ അറിയൂ. അതിന്നു പ്രത്യക്ഷോദാഹരണമാണു് Towering inferno പോലെയുള്ള ചിത്രങ്ങൾ. ഇന്ത്യയിൽ വിവിധഭാഷയിൽ അവാർഡു്നേടിയ ചിത്രങ്ങൾ പരിശോധിച്ചാൽ സാധാരണക്കാരൻ പറയുന്ന 'അതവാർഡു് കിട്ടിയതാണു്, അതു കാണാൻ കൊള്ളില്ല' എന്നഅഭിപ്രായം അസംഗതമാണെന്നു തോന്നുകയില്ല.

അതുകൊണ്ടു് അനുക്രമമായി നമ്മുടെ പ്രേക്ഷകരെ നിലവാരത്തകർച്ചയിൽനിന്നു് ഉന്നതനിലവാരത്തിലേക്കു് ഉയർത്തണമെങ്കിൽ ആദ്യമായി കലയും 'രസവും' ഒത്തിണങ്ങിപ്പരിലസിക്കുന്ന ചിത്രങ്ങൾ ഇവിടെ ഉണ്ടായേ തീരൂ. എങ്കിൽ മാത്രമേ സിനിമയിലെ കല അതിൻെറ പരിപൂർണ്ണരൂപത്തിൽ സാധാരണക്കാരന്നു് അനുഭവവേദ്യമാകൂ. അക്കാര്യത്തിൽ ഇന്ത്യൻ സിനിമാനിർമ്മാതാക്കളുടെയും സംവിധായകന്മാരുടെയും കണ്ണുതുറന്നാൽ നന്നു്.

# ഇരുട്ട്

**കെ. സത്യനാഥൻ**
Ist B.Sc. Botany.

ഇരുളിനെ കീറിമുറിച്ചുകൊണ്ടൊഴുകുന്ന വെളിച്ചത്തിന്റെ ശോഭയിലേക്ക് നോക്കി അയാൾ എല്ലാം മറന്നിരുന്നു. തീനാളം ഏറ്റ് പിടഞ്ഞുവീഴുന്ന പാറ്റകളെ നോക്കി അയാൾ പൊട്ടിച്ചിരിച്ചു.

"ഇതു് ജീവിതമാണ്; പാറ്റകളുടെ ക്ഷണികമായ ജീവിതം. വെളിച്ചത്തിൽ ജീവൻ തുടിക്കുന്നു. ഇരുട്ടിലോ? ഇരുട്ട് ......ഇരുട്ട്......മരണമാണ്; മരണം".

അയാൾ പൊട്ടിച്ചിരിച്ചുകൊണ്ട് ആരോടെന്നില്ലാതെ വിളിച്ചുപറഞ്ഞു.

"വെളിച്ചത്തിന്റെ പാതയിലൂടെ നാം അവസാനം ഇരുട്ടിൽ ചെന്നെത്തുന്നു."

അയാളുടെ ശബ്ദം വീണ്ടും അവിടെ മുഴങ്ങിക്കേട്ടു.

"ഇല്ല പാറ്റകളേ, നിങ്ങളെ ഞാൻ മരിക്കാനനുവദിക്കില്ല". അയാളുടെ മനസ്സ് മന്ത്രിച്ചു.

അയാൾ എല്ലാ ശക്തിയോടുംകൂടി പാറ്റകളെ വെളിച്ചത്തിൽനിന്നും ആട്ടിയകറ്റി. പക്ഷേ, അവ പൂർവ്വാധികം ശക്തിയോടെ വെളിച്ചത്തിലേക്ക് പറന്നുവന്നു. പാറ്റകളുടെ മരണത്തിനോടുള്ള സ്നേഹം കണ്ടയാൾ പൊട്ടിച്ചിരിച്ചു. ക്രമേണ ആ മുഖം കോപംകൊണ്ട് ചുവന്നു. എല്ലാ ശക്തിയോടുംകൂടി അയാൾ ആ വിളക്ക് ഊതിക്കെടുത്തി. ഇരുട്ടിൽ പാറ്റകൾ എങ്ങോട്ടെന്നില്ലാതെ പറന്നകന്നു.

'ഇരുട്ട്' അയാൾ ഞെട്ടിവിറച്ചു. 'അയ്യോ ഇരുട്ട്. ഇവിടെ മരണം ഒളിഞ്ഞിരിപ്പുണ്ട്. എന്നെ രക്ഷിക്കൂ'. അയാൾ പേടിച്ചുനിലവിളിച്ചു.

വെളിച്ചത്തെത്തേടി അയാൾ എങ്ങോട്ടെന്നില്ലാതെ ഓടി. അങ്ങകലെ തെരുവുവിളക്കിന്റെ ചുവട്ടിൽ അയാൾ കിതച്ചുകൊണ്ടു നിന്നു.

"ഇല്ല, ഇരുട്ടിനു് ഞാൻ പിടികൊടുക്കില്ല" അയാൾ വെളിച്ചത്തിനോടുമന്ത്രിച്ചു.

'ഇവിടെ ഇരുട്ടില്ല. ഇവിടെ വെളിച്ചമാണ്. ഇവിടെ ഇരുട്ടിനു് പ്രവേശനമില്ല'. അയാൾ ആശ്വസിച്ചു. ഇരുട്ടിനോട് പല്ലിളിച്ചുകൊണ്ട് ഒരു ജേതാവിനെപ്പോലെ അയാൾ പൊട്ടിച്ചിരിച്ചു.

ഒരു നിമിഷം അയാളുടെ പിറകിൽ പതിയിരുന്നിരുന്ന ഇരുട്ടിനെ കണ്ടയാൾ ഞെട്ടിവിറച്ചു. "തന്റെ പിന്നിൽ എത്ര സമർത്ഥമായി ഇരുട്ട് ഒളിച്ചിരിക്കുന്നു." അയാൾ ഭയത്തോടെ ഓർത്തു. "അയ്യോ, അതു് തന്റെ പിറകെ വരുകയാണല്ലോ".

അയാൾ സർവ്വശക്തിയുമെടുത്ത് ഓടി. ഇരുട്ടില്ലാത്ത, വെളിച്ചം മാത്രം നിറഞ്ഞ ഒരു പ്രദേശം തേടി. അയാൾ ഒരു പേനായയെപ്പോലെ കിതച്ചുകൊണ്ടിരുന്നു. എന്നിട്ടും അയാൾ ഓട്ടം നിർത്തിയില്ല.

അയാൾ പിന്നീടൊരിക്കലും വെളിച്ചം കണ്ടില്ല. അവസാനനിമിഷത്തിൽ അയാൾ മനസ്സിലാക്കി വെളിച്ചത്തിന്റെ അന്ത്യം ഇരുട്ടാണ്. ഇരുട്ട്—കട്ടപിടിച്ച ഇരുട്ട്. അതിനെ ജയിക്കാൻ ആർക്കും സാധ്യമല്ല. ആർക്കും.

# ഇവളാരോ....?

ഹസ്സൻകുട്ടി E. P.
II BSc. (BOTANY)

അമ്പലമുറ്റത്ത് കൈകൂപ്പി നില്ക്കുമീ,
അഞ്ജനമിഴിയാമിവളാരോ ?
അർദ്ധനിമീലിത നേത്രദളത്താ–
ലർച്ചന ചെയ്തിടുമിവളാരോ ?

നിതംബബിംബം പുൽകും പൂങ്കുഴൽ
നീരദപാളിക്കസൂയചേർപ്പൂ
വെൺചന്ദനക്കുറി നെറ്റിയിലിട്ടവൾ
വെളുത്ത വാവിന്റെ പ്രിയ തോഴിയോ ?

തെളിഞ്ഞ താരുണ്യം മറച്ച്നില്ക്കും–
തെന്നലിലാടുന്ന ലോലാംബരം
ഈറനുടുത്തു നില്ക്കുന്നോരിവൾ
ഈരേഴുലകിൻ പ്രതിരൂപമോ ?

# കരിന്തിരി

സരിജ, ററി. കെ. I. P. D. C.

ക്രൂരമാംവിധിയുടെ വിളയാട്ടത്തിൻ മുന്നിൽ
ഞാനൊരു വെറും കരിന്തിരിയായെരിയുന്നു!
വീഴുന്ന പരിഹാസശരങ്ങളേററു ഞാൻ
കേഴുന്നു ഞാനെൻ ബലഹീനതയോ
ർത്തോർത്തെ.
സ്നേഹത്തിന്നുറവ തേടി ഞാനലയുന്നു
ജീവിതമരുവിലൂടശ്രാന്തമലയുന്നു!
ഹാ പരാജയമെന്നെ കീഴടക്കുന്നു കഷ്ടം
ഞാനസഹ്യതയോടെ പിന്തിരിയുന്നു വേഗം!
മൃത്യുവെക്കുറിച്ചു ഞാനോർക്കുന്നിതവസാനം
ശക്തമായ് മനസ്സാക്ഷി പെട്ടെന്നു വിലക്കുന്നു.
ദുഃഖത്തിൻ പെരുംഭാണ്ഡം പേറിക്കൊണ്ടു
ഞാനേതോ
സ്വപ്നത്തിൻ സാക്ഷാത്കാരം ലക്ഷ്യം
വെച്ചിരിക്കുന്നു
ഇല്ലൊരിടത്തും തന്നെ തെല്ലുമൊരാത്മാർത്ഥത
ഇല്ലല്ലോ സ്നേഹത്തിന്റെ വാക്കു
ചൊല്ലുവാനാരും.
ഞാനലയുന്നു ദുഃഖത്തിന്റെ ബിന്ദുവായ്,
യാത്രാ-
ക്ഷീണമാറുവാൻ പ്രതീക്ഷത്തണൽ
കാണ്മീലെങ്ങും!

# മതം ഈ യുഗത്തിൽ

സലാം തേഞ്ഞിപ്പലം

I B. A. Arabi

ജീവിതം സുഖപ്രദവും സമാധാനദായകവുമായിരിക്കണം. എല്ലാവരും ആഗ്രഹിക്കുകയും അംഗീകരിക്കുകയും ചെയ്യുന്ന ഒരാശയമാണിതു്. എല്ലാവരും ഇതിന്നായി പല തത്വങ്ങളുമംഗീകരിച്ചു, വിവിധ മാർഗ്ഗങ്ങൾ സ്വീകരിച്ചു തീവ്രയത്നം നടത്തുന്നതായാണ് കാണാൻകഴിയുന്നതു്. ആധുനികവൈജ്ഞാനികപുരോഗതിയും ശാസ്ത്രീയനേട്ടങ്ങളും ആശ്ചര്യകരമായ ഫലങ്ങളാണെങ്കിലും അവക്കൊന്നും തന്നെ മനുഷ്യജീവിതത്തിലെ തമസ്സകറ്റാൻ കഴിഞ്ഞിട്ടില്ലെന്നതാണ് യാഥാർത്ഥ്യം. നവലോകത്തിൻെറ അനന്തതയിൽ അലയടികൾ സൃഷ്ടിച്ചുകൊണ്ട് ഉയർന്നുവരുന്ന അസ്വാസ്ഥ്യവും അസമാധാനവും അനിശ്ചിതത്വവും മനുഷ്യവിനാശത്തിൻെറ ലക്ഷണങ്ങളായിട്ടാണ് കാണുന്നതു്. സങ്കീർണ്ണമായ ഈ പ്രശ്നത്തിൻെറ ദൂഷ്യങ്ങളെക്കുറിച്ച് ലോകം ഉറക്കെ ചിന്തിച്ചുകൊണ്ടിരിക്കയാണ്.

പ്രതിവിധിയുടെ പുതിയ മേഖല കണ്ടെത്താൻ ശ്രമിക്കുന്നവർ പരസ്പരവിരുദ്ധങ്ങളായ നിർദ്ദേശങ്ങളാണ് മുന്നോട്ട് വെക്കുന്നതു്. ഇവയിൽ ഒന്നുംതന്നെ പൂർണ്ണമായും ഉള്ളതോ അല്ലെങ്കിൽ ഏകപക്ഷീയമായ ഒരു നിഗമനത്തിലെത്താനോ സാദ്ധ്യമല്ലെങ്കിലും ഭൂരിപക്ഷത്തിൻെറയും കണ്ണുകൾ മതത്തിലേക്ക് പതിക്കുന്നുവെന്ന യാഥാർത്ഥ്യം പറയത്തക്കതാണ്.

## മതവും ശാസ്ത്രവും:

വളരെയധികം തെററിദ്ധരിക്കപ്പെട്ട ഒന്നാണ് മതം. നവയുഗത്തിൽ മതത്തിൻെറ സാദ്ധ്യതകൾ വിലയിരുത്താൻ തെററിദ്ധാ ണകളിൽനിന്നും മുക്തമായ ഒരു നിഷ്പക്ഷ ഹൃദയമാണാവശ്യം. യഥാർത്ഥത്തിൽ മതവു ശാസ്ത്രവും വിരുദ്ധങ്ങളല്ല. രണ്ടിൻെറയും ഇട യിൽ വൈജാത്യമുണ്ടെങ്കിലും വൈരുദ്ധ്യങ്ങ ളില്ല. പ്രപഞ്ചവും ഭൗതികപ്രതിഭാസങ്ങളു എന്താകുന്നു എന്നതാണ് ശാസ്ത്രത്തിൻെറ അന്വേഷണം. പദാർത്ഥവും ഊർജ്ജവു എങ്ങിനെ പെരുമാറുന്നുവെന്നും അവയുടെ പരസ്പരപ്രവർത്തനങ്ങളും ഫലങ്ങളും നി ന്ത്രിക്കുന്ന നിയമങ്ങൾ എന്തെല്ലാമാണെന്ന് പരിശോധിക്കലും അവയെ മനുഷ്യനുപ ക്തമാക്കലുമാണ് ശാസ്ത്രം. എന്നാൽ മത ഇതിനെ വീക്ഷിക്കുന്നതു്, എന്തിന് എന്തു കൊണ്ട് എന്ന അന്വേഷണവ്യഥിയോ കൂടിയാണ്. ശാസ്ത്രം ഒരു ജീവിയിൽ അതുൾക്കൊള്ളുന്ന ഘടകങ്ങൾ, അവയുടെ പ്രവർ നക്രമങ്ങൾ, ചലനതത്വങ്ങൾ എന്നിവ മന സ്സിലാക്കുമ്പോൾ അതിൻെറ ഉത്ഭവകാരണം ജീവിതവ്യവസ്ഥ, മരണം, മരണാനന്ത കാര്യം എന്നിവയെക്കുറിച്ചായിരിക്കും മത കൈകാര്യം ചെയ്യുന്നതു്.

മനുഷ്യജീവിതം സുഗമവും സുന്ദരവു ക്കാൻ ശാസ്ത്രത്തിനു് കഴിഞ്ഞേക്കും. എന്നാ സമാധാനവും സന്തോഷവുമുള്ളതാക്കാ

ംതന്നെ വേണം. സത്യം, സ്നേഹം, നീതി തുടങ്ങിയ മൗലികയാഥാർത്ഥ്യങ്ങളെ സംബന്ധിച്ച് ശാസ്ത്രത്തിനൊന്നുമറിയില്ല. എന്നാൽ അതെല്ലാം ചർച്ചചെയ്യുന്നത് മതമാണ്. മനുഷ്യജീവിതത്തിൽ മതവും ശാസ്ത്രവും തുല്യപങ്കാണ് വഹിക്കുന്നത്. ഒന്നിനെ മാററിനിർത്തിയാൽ അത് പൂർണ്ണമാകുന്നതല്ല.

## ചില വിടവു:

മതത്തെ നേരിൽ മനസ്സിലാക്കാൻ ശ്രമിക്കുന്നതിനു പകരം പലരും മതത്തിൻെറ ശത്രുവായ സെക്കുലരിസത്തിൻെറ വാക്കുകളയാണ് ശ്രദ്ധിക്കുന്നത്. പ്രീതിയുടേയും ഭീതിയുടേയും സന്തതിയായിട്ടാണവർ മതത്തെ കാണുന്നത്. യാഥാസ്ഥിതിക പുരോഹിതന്മാരുടെ ചിന്താഗതിയും പുരോഗതിയുടെ ശത്രുവുമായിട്ടവർ മതത്തെ തരംതാഴ്ത്തി. അസ്വാതന്ത്ര്യത്തിൻെറയും അന്ധവിശ്വാസങ്ങളുടേയും രക്തപ്പുഴകളുടേയും പര്യായമായി മുദ്രകുത്തി. ഇങ്ങിനെ മതത്തിനെതിരിൽ തയ്യാറാക്കിയ ചാർജ്ജ് ഷീററ് വളരെ വലുതാണ്.

മനുഷ്യാരംഭം മുതല്ലാരംഭിച്ച് മനുഷ്യനോടൊപ്പം വളർന്ന ജീവൽപ്രസ്ഥാനമാണ് മതം. ചരിത്രത്തിൻെറ ഇരുളടഞ്ഞ ഇടനാഴികകളിൽ മാനവരാശിക്ക് മാർഗ്ഗദർശനം നൽകിയ ദിവ്യജ്യോതിസ്സായിരുന്നു അത്. പക്ഷേ കാലത്തിൻെറ ഗതാനുഗതികപ്രവാഹത്തിൽ ഇടുങ്ങിയ വഴിക്കവെരകളിൽവെച്ച് മതത്തെദുരുപയോഗപ്പെടുത്തിയതിൻെറ ദുരന്തഫലമായിട്ടാണ് ഇത്തരം അപവാദങ്ങൾ ഉത്ഭവിച്ചത്.

ക്രിസ്ത്യാനിററിയായിരുന്നു ആദ്യമായും ഈ വിമർശനത്തിൻെറ ശരവ്യം. യൂറോപ്പിൽ ക്രിസ്തന്യൂനപക്ഷത്തിനെതിരിൽ പള്ളിമേധാവിത്വം അഴിച്ചുവിട്ട മർദ്ദനമുറകൾ ദാരുണമായിരുന്നു. മുരട്ടുമൂഢവിശ്വാസത്തെ ചോദ്യംചെയ്തതിൻെറ പേരിൽ എത്രയോ ശാസ്ത്രജ്ഞന്മാർ നിർദ്ദയരായി വധിക്കപ്പെട്ടു. പക്ഷെ കാററ് തിരിഞ്ഞുവീശി. ചെങ്കോൽ സ്വാർത്ഥതാല്പര്യത്തിന്നായി കുരിശിനെ ദുരുപയോഗപ്പെടുത്തിയതായിരുന്നെങ്കിലും മതത്തെയാണ് ഭൗതികവാദികൾ പിടികൂടിയത്. മതവിധ്വംസനം മാത്രമായിരുന്നവരുടെ മോചനമാർഗ്ഗം. ദൗർഭാഗ്യകരമായ ഇത്തരം സംഭവങ്ങളുടെ പ്രത്യാഘാതം ക്രിസ്ത്യാനിററിയെ മാത്രമല്ല സർവ്വമതങ്ങളെയും പിടികൂടിയിട്ടുണ്ട്. തൽഫലമായി എല്ലാ കുററങ്ങളും മതത്തിൻെറ പേരിൽ കെട്ടിയേൽപ്പിച്ച് സ്വയം രക്ഷപ്പെടുന്ന ഒരവസ്ഥാവിശേഷംകൂടി ഇവിടെയുണ്ട്.

## സെക്കുലരിസത്തെ വിസ്തരിച്ചാൽ:

മതത്തിനെതിരിൽ ഉന്നയിച്ച അപവാദങ്ങൾ സെക്കുലരിസത്തെസ്സംബന്ധിച്ച് എങ്ങിനെയിരിക്കുന്നുവെന്നു പരിശോധിച്ചാൽ മനസ്സിലാക്കാം അവക്കതിന്നർഹതയില്ല എന്നു. സങ്കുചിതരും സ്വാർത്ഥംഭരികളുമായ അന്നത്തെ ക്രൈസ്തവമേധാവികൾ മനുഷ്യസ്വാതന്ത്ര്യത്തെ നിഷ്ഠൂരമായി ഹനിച്ചുവെങ്കിൽ അതിൻെറ പാപഭാരം പേറേണ്ടത് മതമല്ല. മതത്തെ ചൂഷണംചെയ്ത പുരോഹിതന്മാരാണ്. നൂററാണ്ടുകളുടെ നീളത്തിൽ മനുഷ്യൻെറ അസഹിഷ്ണുതക്കും അനർഹമായ അധികാരവാഴ്ചക്കുമെതിരിൽ കുരിശുയുദ്ധം സംഘടിപ്പിച്ച മതത്തിൻെറ സേവനങ്ങൾ തെററായി വിലയിരുത്തുന്നത് തികഞ്ഞ കൃതഘ്നതയായിരിക്കും. എന്തുതന്നെയായാലും മതത്തെ വിട്ടുതരുവാൻ ഭാവമില്ലെങ്കിൽ കടുത്ത മനുഷ്യപീഡനങ്ങൾക്കും മർദ്ദനപരമ്പരകൾക്കും അനുമതി നൽകിയ സെക്കുലരിസ്റ്റ് ദൃക്സാക്ഷിയെ അല്പംവിസ്തരിക്കേണ്ടതുണ്ട്.

## പരിഷ്കൃതനാടുകളിൽ:

ചരിത്രത്തിൽ തുല്യതയില്ലാത്ത രക്തച്ചൊരിച്ചിലുകൾക്കും ആക്രമമർദ്ദനങ്ങൾക്കും ഉത്ത

രവാദിയായ സെക്കലരിസം, ചിന്താസ്വാതന്ത്ര്യത്തെയും മൗലികാവകാശസംരക്ഷണത്തെയും എത്ര 'ആദരവോട്ട്' കൂടിയാണ് വീക്ഷിക്കുന്നതെന്ന് ഒരു മിന്നലോട്ടത്തിലൂടെ നമുക്ക് നോക്കാം.

1648-ൽ സെക്കലരിസം രംഗപ്രവേശം ചെയ്തതു് മുതൽ ഇങ്ങോട്ട് യൂറോപ്പ് യുദ്ധത്തിൻെറ ഘോരാട്ടഹാസംകൊണ്ട് പ്രകമ്പിക്കുകയായിരുന്നു. യൂറോപ്പിലൂടെ യുദ്ധത്തിൻെറ ചങ്ങലകളുമായി ഓടിനടക്കുകയായിരുന്നു സെക്കലരിസം. "നെപ്പോളിയനിക്-ഫ്രഞ്ച്-പ്രഷ്യൻ യുദ്ധങ്ങൾക്കിടയിലുള്ള സമയം 53 കൊല്ലമായിരുന്നു. ഫ്രഞ്ച്-പ്രഷ്യൻ യുദ്ധങ്ങളുടെയും ഒന്നാംലോകമഹായുദ്ധത്തിൻെറയും ഇടയിലുള്ള ഒഴിവ് 43 കൊല്ലമായിരുന്നപ്പോൾ ഒന്നും രണ്ടും യുദ്ധങ്ങൾക്കിടയിലുള്ള സമയം 21 കൊല്ലമായിരുന്നു. മനുഷ്യസൗഖ്യത്തിന്നാവശ്യമായ സർവ്വവിധ സജ്ജീകരണങ്ങളുമുള്ള ഒരു സന്ദർഭത്തിലാണ് ഇതു് സംഭവിച്ചതു്."

(commissions and conscience of west)

അമേരിക്കയിൽ വർണ്ണവിവേചനത്തിൻെറ പേരിൽ, റഷ്യയിൽ വർഗ്ഗാധിപത്യത്തിൻെറ പേരിൽ, ജർമ്മനിയിൽ ദേശീയതയുടേയും ജാതീയതയുടേയും പേരിൽ നടന്ന തുല്യതയില്ലാത്ത ഭീകരസംഭവങ്ങൾ ആർക്കെങ്കിലും നിഷേധിക്കാനൊക്കുമോ ?

രക്തച്ചൊരിച്ചിലിൻെറയും മർദ്ദനങ്ങളുടേയും കഥയിങ്ങിനെ. ചിന്താസ്വാതന്ത്ര്യത്തിൻെറയും മൗലികാവകാശ സംരക്ഷണത്തിൻെറയും കഥയെന്ത് ? നവീനയുഗത്തിലെ ചിന്താഗ്രേസരനായ റസ്സലിൻെറ വാക്കുകൾ കേൾക്കുക.

"ജനങ്ങളിൽ പലരും വിചാരിക്കുന്നത്ര ഇരുണ്ടതാണ് റഷ്യ എന്നു ഞാൻ കരുതുന്നില്ല. റഷ്യയെസ്സംബന്ധിച്ച് എനിക്കധികമൊന്നുമറിയില്ലെങ്കിലും അറിയാൻ കഴിഞ്ഞേടത്തോളം വളരെ ചീത്തയാണ് അ ടത്തെ അവസ്ഥ. എന്നാൽ അമേരിക്കയു രൂപം White Washed ആണെന്ന് മാത്ര ജനങ്ങൾക്ക് അറിഞ്ഞുകൂടാത്ത ഭയാനക ളായ ധാരാളം കാര്യങ്ങൾ അവിടെ സംഭ ക്കുന്നുണ്ട്. പ്രത്യക്ഷത്തിലില്ലെങ്കിലും ഉള്ള ലൂടെ, വളരെ പ്രതിഫലനാത്മകമായ ഒ തരം സ്വേഛാധിപത്യമുണ്ടവിടെ... അമേ രിക്കയിൽ വലിയൊരളവോളം ഭയാനക നിലനില്ക്കുന്നതായി ഞാൻകരുതുന്നു. നമ്മു പത്രങ്ങൾ അവക്ക് വേണ്ടത്ര പ്രാധാന്യ കൊടുക്കില്ലെന്ന് മാത്രം."

(Bertrand Russel, How Near is Wa

"അത്‌ലാൻറിക്കിൻെറ ഇരുകരയിലുമുള ചിന്തിക്കുന്ന മനുഷ്യന്ന് വായ തുറക്കുവാ പേടിയാണെന്നതു് ദൗർഭാഗ്യകരമല്ലേ എന്ന് ഒരാൾ ചോദിച്ചപ്പോൾ റസ്സൽ മ പടി പറയുകയാണ്: "അതെ, അതെ. എന ക്കതിനെസ്സംബന്ധിച്ച ബോധമുണ്ടെന്ന നിങ്ങൾ മനസ്സിലാക്കിയിരിക്കും. പണിമു ക്കം നടത്തുന്നവർക്കെതിരെ അമേരിക്കയിൽ ചിലപ്പോൾ പട്ടാളത്തെ ഉപയോഗിക്കാ ണ്ടെന്ന് പറഞ്ഞതിന്നാണ് എന്നെ ആ മാസം ജയിലിലടച്ചതു്....... വസ്തുത നിഷേധിക്കാനെനിക്ക് സാധിച്ചിട്ടില്ല പറയാൻ പാടില്ലാത്ത സത്യമാണതെന്ന ണവർ മറുപടി പറഞ്ഞതു്".

(How Near is War, Russel

ചിക്കാഗോ യൂനിവേഴ്സിററിയിലെ മു അദ്ധ്യക്ഷനായ ഡാ: റോബർട്ട് എം. ഹചി ഗ്സ് എഴുതുന്നു: "സ്വതന്ത്രമായ പരിശോ ധനയും ചർച്ചയും അസാദ്ധ്യമാകയാൽ അമേ രിക്കയുടെ പലഭാഗങ്ങളിലും വിദ്യാഭ്യാസം ദുഷ്കരമാണ്. ഇത്തരം സമാജങ്ങൾക്കിട യിൽ ധനശാസ്ത്ര – ചരിത്ര – രാഷ്ട്രമീമാംസ ദ്ധ്യാപകർക്ക് പഠിപ്പിക്കുക സാദ്ധ്യമല്ല. സ ഹിത്യാദ്ധ്യാപകർപോലും കരുതിയിരിക്കേ ണ്ടിവരുന്നു."

( The Listener Weekly, London

## മുസ്‌ലിം നാടുകളിൽ:

സന്മാർഗ്ഗത്തിന്റെ പ്രതാപപ്രകർഷവുമായി രംഗത്തുവന്ന ഒരു ജീവിത വ്യവസ്ഥിതിയാണ് ഇസ്ലാം. എന്നാൽ ഇതിന്റെ നിഴനില്ലിനെപ്പോലും തുടച്ചുമാററാൻ സെക്കുലരിസം സ്വീകരിച്ച നടപടികൾ എത്ര വിചിത്രമാണ്. മുസ്ലിംനാടുകളിൽ സെക്കുലരിസത്തിന്റെ ധ്വജവാഹകരായിരുന്ന മുസ്തഫാകമാലും റാസാഷാപഹ്‌ലവിയും. ഒരു ജനതയുടെ വികാരത്തെയും വിശ്വാസത്തെയും അടിച്ചമർത്തി മതത്തെയും മതചിഹ്നത്തെയും തുർക്കിനാട്ടിൽനിന്നും തുരത്തിയോടിയാൻ അത്താതുർക്കിന് യാതൊരു വിഷമവും അനുഭവപ്പെട്ടില്ല. നൂററാണ്ടുകളായി നിലനിന്നിരുന്ന അറബിയിലുള്ള ബാങ്കുവിളി നിരോധിച്ചു. അറബിഭാഷ തുടച്ചുനീക്കി. തൊപ്പി ധരിക്കുന്നതു് വിലക്കി. പാശ്ചാത്യൻ രീതിയിൽ വസ്ത്രധാരണം നിർബന്ധമാക്കി. പള്ളികൾ മ്യൂസിയങ്ങളാക്കിമാററി. എല്ലാം വാളിന്റെ മൂർച്ചകൊണ്ടു്. ഈജിപ്തിൽ സെക്കുലരിസ്റ്റ് കിങ്കരന്മാരുടെ പടിയിൽപെട്ട് എത്രയെത്ര ഇസ്ലാമികചിന്തകന്മാരും പണ്ഡിതന്മാരുമാണ് കഴുമരത്തിൽകയറിയതു്. ഇവിടെയെല്ലാം നടന്ന നരഹത്യ സെക്കുലരിസത്തിന്റെ കണക്കിൽ ചേർക്കാത്തതെന്തുകൊണ്ടാണ്?

## മടക്കം മതത്തിലേക്ക്:

മതവിമർശകർക്ക് അസഹ്യമായിട്ടുള്ള ഒന്നാണ് ദൈവം. പക്ഷെ നവോത്ഥാനത്തിനുശേഷം പ്രബലമായിക്കൊണ്ടിരുന്ന ദൈവ വിദ്വേഷത്തിന് 20-ാം നൂററാണ്ടിൽ ശ്രദ്ധാർഹമായ സ്വരമാററം സംഭവിച്ചിട്ടുണ്ട്. പ്രപഞ്ചരഹസ്യങ്ങൾ കൂടുതൽ അറിയുന്തോറും ദൈവത്തിന്റെ അസ്തിത്വം തെളിഞ്ഞുകൊണ്ടേയിരിക്കയാണ്. ഭൗതികവസ്തുവിനെ (Matter) സംഭവങ്ങളുടെ സമു...യും അഗോചരമായശക്തി (Energy) ...യും ശാസ്ത്രം കണ്ടെത്തുമ്പോൾ ദൈവത്തെ ...ം കുരിശിലേററുന്നതു് ശരിയല്ല. ഈ നൂററാണ്ടിലെ ശാസ്ത്രാചാര്യനായ ഐൻസ്റ്റീന്റെ വാക്കുകൾ നോക്കുക: "മതമില്ലാത്ത ശാസ്ത്രം മുടന്തനും ശാസ്ത്രമില്ലാത്ത മതം അന്ധനുമാകുന്നു" 'Evidence of God in an expanding Universe' എന്ന പേരിൽ അമേരിക്കയിൽ പ്രസിദ്ധീകരിച്ച ഒരു കൃതിയിൽ, പ്രഗത്ഭരായ നാല്പതു ശാസ്ത്രജ്ഞന്മാർ, പ്രപഞ്ചത്തെപ്പററിയുള്ള പഠനത്തിന്റെ വെളിച്ചത്തിൽ യാദൃശ്ചികവാദത്തെ വേണ്ടവണ്ണം വിമർശിക്കുകയും ദൈവാസ്തിക്യത്തെ ഉറപ്പിച്ചു പറയുകയും ചെയ്യുന്നു. ശാസ്ത്രീയ ചിന്താരീതി പടുത്തുയർത്തപ്പെട്ട അസ്ഥിവാരം തന്നെ ദൈവാസ്തിക്യമാണെന്നാണ് ജീവ-രസ ശാസ്ത്രത്തിൽ അവഗാഹം നേടിയ ലിൻഡ്‌ബർഗ്ഗിന്റെ അഭിപ്രായം.

സനാതനതത്വങ്ങളും ആത്മീയ മൂല്യങ്ങളും ജീവിതത്തിനനിവാര്യമാകുന്നു. ദിവ്യബോധവും പരലോകബോധവും മനുഷ്യത്വത്തിന്റെ നൈസർഗ്ഗികമായ സ്വഭാവവിശേഷങ്ങളാണ്, ജീവിതത്തിൽ അങ്ങോളമിങ്ങോളം മൊട്ടിട്ട് നില്ക്കുന്ന പ്രതീക്ഷകൾ, ഉദ്ധതമായ ജീവിതപ്രശ്നങ്ങളോട് മല്ലിടുവാൻ പ്രേരിപ്പിക്കുന്ന യാഥാർത്ഥ്യങ്ങൾ, സ്നേഹത്തിന്റെയും ഉദാരതയുടേയും അനുഭവത്തിന്റെയും ഉറവിടങ്ങളായി വർത്തിക്കുന്ന പ്രചോദകവസ്തുക്കൾ_ഇവയെല്ലാം മതവിശ്വാസത്തിന്റെ സവിശേഷതകളാണ്. സമാധാനം, സദാചാരം, വിശാലവീക്ഷണം, ത്യാഗപരിശ്രമങ്ങൾ തുടങ്ങിയ മനുഷ്യത്വപരമായ കാര്യങ്ങൾ ശാസ്ത്രീയ യുഗത്തിനുമാവശ്യമുണ്ട്. അവയ്ക്കുവേണ്ടി ആധുനികയുഗം ഇരവു പകൽ മുറവിളി കൂട്ടിക്കൊണ്ടിരിക്കുകയും ചെയ്യുന്നു. പക്ഷെ പ്രസ്തുത മൗലികവശങ്ങളെ സമുൽപാദിപ്പിക്കുന്ന ഏതുപാധിയാണ് ശാസ്ത്രത്തിന്റെ പക്കലുള്ളത്? ഒന്നുമില്ലെന്ന് വ്യക്തം. അതോടെ നിർബന്ധമായും ശാസ്ത്രത്തിന് മതത്തെ കൂട്ടുപിടിക്കേണ്ടിവരുന്നു.

# മോചനം

എം. പ്രസന്ന, III B.A

സഹിക്കാനാവാതെ, കുന്നിന്റെ ഉച്ചിയിലിരുന്നുകൊണ്ട് അവൾ തേങ്ങി: 'നോക്കൂ പ്രതാപ്, രാജീവിനെ ഞാൻ കൊന്നതല്ല സത്യം.' വാക്കിടയിൽ അയാളുണ്ടാക്കിയ പല്ലവി, വിജനമായ കുന്നിൻ പ്രദേശത്തും താഴ്‌വരയിലും അയാളുടെ മൌനം അവൾക്ക് വല്ലാത്ത അസ്വസ്ഥത സൃഷ്ടിച്ചു.

കാലത്തിന്റെ വ്യതിക്ഷയങ്ങളിൽ, ഇപ്പോൾ പകലിന്റെ വാർദ്ധക്യരശ്മികളേറ്റുകിടക്കുന്ന കുന്ന്. ഉച്ചിയിൽനിന്ന് നോക്കുമ്പോൾ അഗാധഗർത്തം പോലെ താഴ്‌വര. താഴ്‌വരയിലേക്കുള്ള പാത കുന്നിന്റെ തടിച്ചതും മെല്ലിച്ചതുമായ വിള്ളലുകളിലൂടെ. ഒരു കൈ കുന്നിലൂന്നി വല്ലാതെ കിതച്ചുകൊണ്ട് അയാൾ കുന്നിറങ്ങുമ്പോഴൊക്കെ അവൾ ഓർമ്മിപ്പിച്ചു: 'സ്ലിപ്പ് ചെയ്യും. സൂക്ഷിക്കൂ.!'

താഴ്‌വരയിലേക്കിറങ്ങിയപ്പോൾ മുൾച്ചെടികളുടെ ഗാനം ശ്രവിച്ചുകൊണ്ടവൾ അയാളെ നയിച്ചു. അവളുടെ മൌനവും കണ്ണുകളിലെ നിഷ്കളങ്കതയും അയാളിൽ ദൌർബല്യങ്ങളുടെ സ്പന്ദനങ്ങളുണർത്തി:

കുന്നിന്റെ താഴ്‌വര കഴിയുന്നിടത്ത് ചെമ്മൺപാത. പാതയുടെ അവസാനം മെലിഞ്ഞ, വെളിച്ചമറ്റ ഇടവഴി. പാതയുടെ വിജനതയിൽ അവൾ പരാതിപ്പെട്ടു: ''നിങ്ങൾ ഇനിയെങ്കിലും സംശയങ്ങൾ ആവർത്തിക്കാതിരിക്കൂ.! കൊച്ചു കുഞ്ഞിന്റേതുപോലെ ദുർബലമായിക്കഴിഞ്ഞിരുന്നു അയാളുടെ മൌനം; അവളുടെ ശബ്ദവും. 'ഒരിക്കൽ ഞാനും രാജീവും കുന്നിന്റെ ഉച്ചി വരെ കയറി. പ്രതാപ്, രാജീവിന്റെ കാലിന് സുഖമില്ലെന്ന് നിങ്ങൾക്കറിയില്ലേ? എനിക്ക് ഒരു മത്സരബുദ്ധി തോന്നി. ഞാൻ മുന്നിലെത്തിയപ്പോഴൊക്കെ അവൻ വീണു കിതയ്ക്കുകയും പിന്നെ, കഴിവുകേട് മറന്ന് അള്ളിപ്പിടിച്ച് കയറുകയും ചെയ്തു......! അയാൾ ഒരു സന്ധ്യയിൽ അവൾ ഒറ്റയ്ക്ക് നിന്ന് ഒരു ശവത്തെ ഏറ്റെടുക്കാനുള്ള ബോധത്തിൽ തേങ്ങിക്കരഞ്ഞതോർത്തു.

വെയിൽ ആറാൻ തുടങ്ങുമ്പോൾ കൊട്ടയും ഈർക്കിൽച്ചൂലുമായി അമ്മയിറങ്ങും. അന്ന്, മണൽപ്പാതയ്ക്ക് ഇരുവശത്തും ആൾപ്പാർപ്പില്ലാത്ത പറമ്പിൽ മുണ്ടിന്റെ അറ്റം വലിച്ചുകുത്തി തലയിൽ തോർത്ത്കെട്ടി ചവലയടിക്കുമ്പോഴൊക്കെ വള്ളിട്രൗസർ വലിച്ചുകയറ്റിക്കൊണ്ട് പിറകെ നടക്കും. ഒരിക്കൽ കീശനിറയെ കണ്ണിമാങ്ങകൾ പെറുക്കിക്കൂട്ടി.... ഓടിയെത്തിയപ്പോൾ അനാഥമായി കിടക്കുന്ന കൊട്ട. മതിലിന് താഴെ, വലിയൊരു എല്ലിൻതുണ്ടുപോലെ അമ്മ. മണൽത്തരിയിലൂടെ ഭൂമിയിലേക്ക് വലിയാൻപോകുന്ന രക്തം. ഒറ്റപ്പെട്ടുപോയ പക്ഷിക്കുഞ്ഞിനെപ്പോലെ, സുരക്ഷിതത്വം നഷ്ടപ്പെട്ട അനാഥത്വത്തിന്റെ രോദനം.

പടിക്കെട്ടിനു മുകളിൽ അയാളെ നിർത്തിക്കൊണ്ട് അവൾ വിരൽ ചൂണ്ടി. 'നോക്കൂ, പുറംകാഴ്ച !..., മതിലിനോട് ചേർന്ന് ഒരാട്ടിൻകുട്ടി പകച്ചുനോക്കി. പിന്നെ, വാതു് പതുക്കെ, മൂളുന്നതുപോലെ കരയാൻതുടങ്ങി.

'ഇപ്പോൾ ഇതു് മേച്ചിൽ സ്ഥലമായി ഉപയോഗിക്കുകയാവും. ഒററപ്പെട്ടു പോയതാവും ഈ കുട്ടി'.

'എന്തൊരു അനാഥത്വം ! പാവം കുട്ടി !' അയാൾക്കതേ പറയാൻ കഴിഞ്ഞുള്ളു.

'ഇതുപോലെ ഞാനും അനാഥയാവും, ഇനിയും. നോക്കൂ പ്രതാപ്, എന്തായാലും എനിക്ക് നിങ്ങളെയും ഉപേക്ഷിച്ചേ പററൂ'.

അയാൾ ആട്ടിൻകുട്ടിയുടെ കണ്ണുകളിലെ ആലംബമററ ഭാവം ശ്രദ്ധിച്ചു.

'എന്തിനു് ? നിനക്ക് നിന്നെ എവിടെയെങ്കിലും തളച്ചിട്ടുകൂടെ ?'

അവൾ മിണ്ടാതെ പടിവാതിൽ കടന്നു നടന്നു; അവളിൽ നിന്നൊരു മറുപടി ഏതു നിമിഷത്തിലും ശ്രദ്ധിച്ച് അയാളും.

'മനുഷ്യവാസന എന്തൊക്കെയാണ് ! എന്തെങ്കിലുമൊക്കെ പുതുക്കാനും പുതുതാവാനും ഞാനും ആഗ്രഹിക്കുന്നു'.

പുതുമയും പഴമയും ഇല്ലാത്ത ഒരു ലോകത്തെ ഓർത്തു് പോയി അയാൾ. രോഹിണിയുടെ ലോകം. വീടും കുട്ടികളും ഭക്ഷണവും മാത്രം ചര്യകളാക്കി അവൾ. കടപ്പാടിൻെറയും ആവർത്തനത്തിൻെറയും ലോകത്തിൽ എന്തൊരു വിരസതയായിരുന്നു !

'ഒരുപക്ഷെ, ഓർമ്മകൾ പുതുക്കാനുള്ള മനുഷ്യവാസനകൊണ്ടാവാം ഞാനിവിടെ വീണ്ടും വന്നതു്'.

ചിതൽ തിന്ന കഴക്കോലുകൾക്ക് മീതെ [illegible]ിയ ഭാരംപോലെ അവിടവിടെ കരിപിടിച്ച ഓടുകൾ. കാലം കുറിവേല്പിച്ച ചുമരുകൾ...കുളത്തിന്നരികെയുള്ള ചരൽപ്പാതയുടെ അവസാനത്തിൽ ദുഃഖസ്വപ്നംപോലെ വിളക്കുകല്ലുകൾ. ഈ കല്ലുകൾക്കുള്ളിൽനിശ്ചലരായി തപസ്സിരിക്കുന്ന ദൈവങ്ങളെ എത്ര സന്ധ്യകളിൽ ഈ പെൺകുട്ടി പ്രദക്ഷിണം വെച്ചിട്ടുണ്ടാവും ! അനാഥത്വം പീഡനങ്ങളേല്പിക്കുന്നതിനുമുമ്പ്, നിറയെ സ്വപ്നങ്ങളൊരുക്കി ഇളസിദ്ദങ്ങളുമായി പ്രത്യാശ കതിരിട്ട മുഖം.

കുളത്തിൽ പ്രതിഫലിച്ച നിഴലുകൾക്ക് നേരെ അവൾ കല്ലെറിഞ്ഞു. 'ഈ കുളത്തിന് എന്തൊരു ആഴമുണ്ടെന്നോ ! ഈ കുളത്തിൽ ചാടിയാണ് നളിനേടത്തി ആത്മഹത്യ ചെയ്തതു് !

—രാത്രിയിൽ ചിമ്മിനിയുടെ അരണ്ട വെളിച്ചത്തിൽ മുത്തശ്ശിയെ കെട്ടിപ്പിടിച്ച് കരഞ്ഞു. ശൂന്യതയിൽ കാലത്തിൻെറ പാടുകളൊരുക്കി, തന്നിൽ സുരക്ഷിതത്വം തേടുന്ന കൈകളിൽ തലോടി മുത്തശ്ശിയിരുന്നു.

'പ്രതാപ്, നളിനേടത്തിയേയും ഞാനാണ് കൊന്നതെന്ന് നിങ്ങളെന്തുകൊണ്ട് പറയുന്നില്ല ? നാലുവർഷങ്ങൾ എന്നെ കാത്തു സൂക്ഷിച്ചതിനുശേഷം, ഒരു രാത്രിയിൽ കോവണിപ്പടിയിൽനിന്ന് കാൽ വഴുതി താഴെ വീണു മരിച്ച മുത്തശ്ശിയേയും ഞാൻ കൊന്നതാണെന്ന് കൂടി പറയൂ......

വെയിലിൻെറ അവസാനവും കഴിഞ്ഞു. അരണ്ട വെളിച്ചത്തിൽ തണുപ്പിൻെറ രേഖകൾ ഇഴഞ്ഞു.

'വീടിൻെറ ഉള്ളിലേക്ക് കടക്കണോ ?

അയാൾ സംശയിച്ചു; പിന്നെ, തിരിഞ്ഞു നടന്നു.

'വെളിച്ചമററുവീഴുന്ന ഈ നേരത്തു് അതു് വേണ്ടെന്നു് വെയ്ക്കുകയാണ് നല്ലതു്. ഒരിക്കൽ, ഞാനെല്ലാം അടച്ചു തഴുതിട്ടു പോന്നു. ഇപ്പോൾ തുരുമ്പ് പിടിച്ചുകാണും'.

കാലംപോലെ വ്യാപിച്ചുകിടക്കുന്ന വലിയ പ്രദേശം. നിറഞ്ഞുനില്ക്കുന്ന ഞാവൽ മരങ്ങൾക്കും തേക്ക് മരങ്ങൾക്കും താഴെ, പാറക്കഷണങ്ങളും ചപ്പുചവറുകളും പുൽനാമ്പുകളും അയാൾ ഞാവൽ മരങ്ങൾക്ക് മുകളിൽ കണ്ണോടിച്ചു.

'ഇത് ഞാവൽപ്പഴത്തിന്റെ സീസണല്ല. ഈ മരങ്ങളൊക്കെ നിറയെ കായ്ക്കാറുണ്ടായിരുന്നു.'

ഞാവൽപ്പഴങ്ങളെപ്പററി അവൾ എപ്പോഴോ ഒരിക്കൽ പറഞ്ഞത് അയാളോർത്തു. താഴെ വീണ് ഞളുത്ത ഞാവൽപ്പഴങ്ങൾ പെറുക്കി നടക്കുമ്പോഴൊക്കെ രാജീവ് പിന്നിലായിരിക്കും; അവനെ സഹായിച്ചുകൊണ്ട് നളിന്യേടത്തിയും. ഒന്ന് നിൽക്കൂ പെണ്ണേ. ഈ കുട്ടി പിന്നിലായിപ്പോവുന്നു'.

'നൊണ്ണേട്ട്യള്' മററുള്ളോരൊപ്പം നടക്കണ്ടല്ലോ! രാജീവിന്റെ നോട്ടം ആർദ്രമാവുമ്പോഴൊക്കെ നളിന്യേടത്തി പൊട്ടിക്കരഞ്ഞു. 'നിനക്കെന്തൊരു ഹൃദയമാണ്'. ഒരിക്കൽ തേക്ക് മരത്തിൽ നിന്ന് കൂടോടെ താഴെ വീണ പക്ഷിക്കുഞ്ഞിന് എന്തൊരു നിരാലംബത്വമായിരുന്നു! നൂല് പോലത്തെ കാലുകളുള്ള പക്ഷിക്കുഞ്ഞിനെ കൈയ്യിലെടുത്തപ്പോഴെ തടഞ്ഞു. 'വേണ്ട മോളെ അവിടെയിട്ടേക്കു'—നളിന്യേടത്തി.

ആരും കാണാതെ നെല്ലൊഴിഞ്ഞ പത്തായത്തിനുള്ളിൽ പക്ഷിക്കുഞ്ഞിനെ സൂക്ഷിച്ചു. പിറേറന്ന് പത്തായത്തിനുള്ളിൽ ചത്ത്, മണത്ത് കിടക്കുന്ന പക്ഷിക്കുഞ്ഞ്. അന്ന് മുഴുവൻ രാജീവ് വിദൂരതയിൽ നോട്ടമിട്ടിരുന്നു! മോളെ, അതിന്റെ തള്ള അതിനെ കാണാഞ്ഞ് കരേണ്ടാവും.'

മലകളും പുഴകളും കടന്നെത്തുന്ന സന്ധ്യയെ, ശൂന്യതയിൽ മുഴുവൻ നോക്കിക്കണ്ട അയാൾ. സന്ധ്യയുടെ നേർത്ത ഇരുട്ട് ത അവളുടെ വോയൽസാരി നരച്ചതുപോലെ

'നീയെന്തിന് വിലകുറഞ്ഞ വോയൽ സാരിമാത്രമുടുക്കുന്നു ?'

അവൾ പുഞ്ചിരിച്ചു. 'ഒരു പട്ടാളനേ സിന് ഇതൊക്കെ മതി.'

അയാളപ്പോൾ രോഹിണിയെയാണോ ർത്തത്. വിലകൂടിയ സാരികൾ മാത്ര അവൾ ചുററിയിരുന്നുള്ളു. ഉയർന്ന പട്ടാളേ ദ്യോഗസ്ഥന്റെ ഭാര്യയും എല്ലാ മുതലുകളു ഒന്നിച്ചു കൂട്ടി സ്വന്തമാക്കിയ മുതലാളിയുടെ ഏകമകളുമാണല്ലോ രോഹിണി. സ്വയ സമ്പാദിച്ച സ്വത്തിനെപ്പററി അയാൾ പ യുമ്പോഴൊക്കെ അമ്മ [illegible] എല്ലിൻ തുണ ത്തെ ഓർത്തുപോയിരുന്നു. അർഹതയുള്ളതു കൂടി സ്വന്തമാക്കാതെ അടുക്കളത്തളത്തിൽ കണ്ണുകളിലെ നനവ് വററാതെ സദാ ചല ക്കുന്ന അമ്മ. ചോരചിന്തി, പടക്കളത്തിൽ വീണുമരിച്ചവനെപ്പോലെ ജീവിതത്തോട് നിശ്ശബ്ദമായി ഏററുമുട്ടി മരിക്കുന്നതിന് മു മ്പ് അമ്മയുടെ മുഖം ഒരിക്കലും തെളിഞ്ഞി രുന്നില്ലല്ലോ.

'സന്ധ്യയും കഴിയാറായി. നമുക്ക് തിരി ച്ചുനടന്നാലോ?' നീണ്ട ആലോചനക ളിൽനിന്നുള്ള മടക്കമാണ് ആ സ്വരമെന്ന് വ്യക്തം.

എന്നിട്ടും അവൾ അനങ്ങാതെ ഞാവൽ മരത്തിന്നരികെ നിന്നു. അവളുടെ പാതി വിടർന്ന കണ്ണുകളിലോ മുഖത്തെ മ്ലാനത യിലോ എവിടെയെങ്കിലും നളിന്യേടത്തി യുടെ ഛായയുണ്ടാവുമെന്നയാൾ ഊഹിച്ചു.

പൂത്തുലഞ്ഞ ഗുമിസ്സു' മുകളിൽ നിറഞ്ഞ സന്ധ്യ. പരസ്പരം ഇലകൾ പുണർന്നുകിട ക്കുന്ന മരങ്ങൾക്ക് കീഴെ, സന്ധ്യയിൽ അവ്യക്തരേഖപോലെ നളിന്യേടത്തി.

…ന്ന, കണ്ണടയ്ക്കുമ്പോഴൊക്കെ നളിനേ് …ിയെ കണ്ടു; അവളോടൊട്ടി നില്ക്കുന്ന …ചിപ്പ്മാസ്റ്ററേയും.

…ിമഞ്ഞുതുള്ളികളേറ്റുണർന്ന്, പുൽനാമ്പു …ക്കുമ്പി. ശൂന്യതയിൽ, തണുപ്പിന്റെ …തങ്ങൾ.

…നോക്കൂ, ഇതാണ് രാജീവിന്റെ വീട്ടി…ലുള്ള പാത.' ഇരുട്ടിൽ അവളുടെ മുഖ…ം അയാൾക്കവ്യക്തമായിരുന്നു.

…ാളേ, നിനക്ക് രാജീവിനെ വെറു…ു?' ഇരുട്ടിൽ, അയാളുടെ മുഖത്തെ …ാംക്ഷ ഒരു ചെറിയ അഗ്നിനാളം …ല അവളെ സ്പർശിച്ചു.

…ക്ഷേ, ഇപ്പോൾ ഞാൻ രാജീവിനെ …ധമായി പ്രേമിക്കുന്നു.'

…ലൗകികവികാരങ്ങളുടെ വിത്തുകൾ …ുനിൽ എവിടെയൊക്കെയോ അന്തർ…ായിരിക്കാം; ഇരുട്ടിൽ വെളിച്ച…ന്റെ വിലയറിയുന്നതുപോലെ; തട്ടിന്…ിൽ താനും രാജീവും ഒന്നിച്ചായിരുന്നു. …, ചലനങ്ങളും ശബ്ദങ്ങളും… തിളങ്ങി…ുന്ന നിലവിളക്കിന്റെ തിരി കെട്ട…ളഞ്ഞു. ഒരു രാത്രിയെങ്കിലും ഇന്ന …മുഖഭാവമറിയാതെ അഹങ്കരിക്കട്ടെ. …്കല്ലിൽ കല്യാണം പ്രമാണിച്ച് … കത്തിച്ചിട്ടുള്ള തിരികൾ…വിളുത്ത …ശക്കീറുകൾക്ക് താഴെ ചലനമറ്റ

'നിന്റെ മുല്ലപ്പൂക്കൾക്ക് എന്തൊരു ഗന്ധമാണ്!'

'പക്ഷേ, പെട്ടെന്ന് വാടും.'

പിന്നെ കീഴടക്കപ്പെട്ടപ്പോൾ, തന്നെ ആരോ സ്വന്തമാക്കുന്നു എന്ന് മനസ്സിലാക്കുമ്പോൾ മോചനമില്ലെന്ന സ്വന്തം തേങ്ങലിലൂടെ കാലത്തെ തള്ളിച്ചിട്ട് തീർക്കാനുള്ള വ്യഗ്രത.

വഴിനീളെ, അവൾ അയാളെ ഓർമ്മിപ്പിച്ചു. നിങ്ങൾ രോഹിണിയുടെ അടുത്തേക്ക് തിരിച്ചു പോവൂ. അവളും കുട്ടികളും നിങ്ങളെ ഉപേക്ഷിക്കില്ല.

ചെമ്മൺപാതയിൽ അവർ രണ്ടുപേരും എല്ലാവർക്കും അപരിചിതരായിക്കഴിഞ്ഞിരുന്നു. നാട്ടുവെളിച്ചത്തിൽ അവർ പരസ്പരം ചേർന്ന് നടക്കുമ്പോഴൊക്കെ ഇവരാ ആരെന്നറിയാതെ ഒട്ടുനേരം നോക്കിനിന്നു: പിന്നെ, നടന്നുപോയി. അയാൾ [illegible] തെളിച്ച് [illegible] അവൾക്ക് നീട്ടുമ്പോഴൊക്കെ, തണുപ്പിൽ പുളഞ്ഞുവരുന്ന അയാളുടെ കണ്ണുകളിലെ അവളെ സ്വന്തമാക്കാനുള്ള തീക്ഷ്ണഭാവം കാണാതിരിക്കാൻ ആഗ്രഹിച്ചു, അവൾ. കുന്നിറങ്ങുമ്പോഴേക്കും അയാൾ തളരുമെന്നുറപ്പായിരുന്ന അവൾക്ക്, ഇനിയൊരു മോചനത്തിനുള്ള മാർഗ്ഗം ആലോചിക്കേണ്ടതായില്ലായിരുന്നു.

# നഷ്ടസ്വപ്നങ്ങൾ

ഷാഹിനാ ബഷീർ : P.D

എന്റെ സ്വപ്നങ്ങൾ കൊഴിഞ്ഞുവീണു...
എന്റെ മോഹങ്ങൾ തകർന്നുവീണു!

കാലമാം പാന്ഥനെനിക്കു നൽകീ
കമനീയ സ്വപ്നത്തിൻ കളിപ്പാവകൾ!
വെറുതെ മോഹത്തിന്നലയിൽ മുങ്ങീ
വെൺമുത്തു വാരാൻ ഞാൻ പാടുപെട്ടു!

പൊട്ടിത്തകർന്നു കളിപ്പാവകൾ
കിട്ടിയില്ലൊററ ഉമ്മുത്തുപോലും!
പകരൂ ഹൃദയമേ, തപ്തമാമെൻ
കരളിലാശ്വാസത്തുഷാരബിന്ദു !

# നഷ്ടവസന്തം

സുബൈദ

ഇരുട്ടിൽകൂടി ഊളിയിട്ട് പായുന്ന ബസ്സിന്റെ പുറത്ത് വീഴുന്ന മഴത്തുള്ളികളുടെ ശബ്ദം. ഇടയ്ക്കിടയ്ക്ക് ഉള്ള ശക്തമായ കാററും ഇടിമിന്നലും മനസ്സിന്റെ സ്വസ്ഥത നശിപ്പിച്ചുകൊണ്ടിരുന്നു. ഓരോ നിമിഷം കഴിയുമ്പോഴും അറിയാതെ വാച്ചിലേക്ക നോക്കിപ്പോകുന്നു. ഓർമ്മകളുടെ ചുഴിയിലേക്ക് ആഴ്ന്നാഴ്ന്നുപോകുമ്പോൾ ഹൃദയമിടിപ്പ് കൂടുന്നു.

ഇനിയെപ്പോഴായിരിക്കും വീട്ടിലെത്തുക ? താനെന്തേ ഇന്നിത്ര നേരം വൈകാൻ കാരണം ?''

ക്ലാസ്സ് കഴിഞ്ഞു ബസ്സ്സ്റ്റാൻഡിൽ എത്തിയപ്പോൾ സമയം അഞ്ച് ആയിരുന്നു. അഞ്ച് മുപ്പതിനുള്ള ബസ്സിനുവേണ്ടി കാത്തിരുന്നു. സാധാരണ ബസ്സ് വരാറുള്ള സമയംകഴിഞ്ഞിട്ടും വരാതിരുന്നപ്പോൾ ആകെ പേടിയായി. ബസ്സ് വരുമെന്ന പ്രതീക്ഷയോടെ കാത്തിരുന്നപ്പോൾ ''ബസ്സ് വന്നില്ലെ ?'' എന്ന അപരിചിതമായ ശബ്ദം. പിന്തിരിഞ്ഞു നോക്കിയപ്പോൾ പരിചിതമായ ആ മുഖം.

''പലപ്പോഴും ആ മുഖം കാണുമ്പോൾ ഒരു ദീർഘനിശ്വാസം അന്തരീക്ഷത്തിൽ വിലയം പ്രാപിക്കാറുണ്ട്. ഓർമ്മകൾ കടന്നലുകൾമാതിരി മനസ്സിന്റെ സ്വസ്ഥത നശിപ്പിക്കുമ്പോൾ വേദനയോടെ കണ്ണുകൾ പിൻവലിക്കും. വർഷങ്ങൾക്കുമുമ്പ് തന്റെ ഹൃദയത്തിലെങ്ങോ സൂക്ഷിച്ച സ്വപ്നം. സ്മരണകളിൽ മാത്രം അവശേഷിക്കുന്ന, ഒരുപിടി ചാരമായി മാറിയ തന്റെ എല്ലാമായിരുന്ന രമേശ്. രമേശില്ലാതെ നിമിഷങ്ങൾ നീങ്ങുക പ്രയാസമായിരുന്നു. പക്ഷെ...ഇപ്പോൾ അതെല്ലാം ഒരു നഷ്ടവസന്തം മാത്രം.''

''ഇല്ല'' എന്ന ഒററവാക്കിൽ മറുപടി ഒതുക്കാൻ ശ്രമിച്ചപ്പോൾ ആ മനുഷ്യൻ സംഭാഷണത്തിന്റെ ശൃംഖല അഴിക്കാൻ ശ്രമിക്കുകയായിരുന്നു. ചിരകാലപരിചിതനെ പോലെ സംസാരിച്ചപ്പോൾ താൻ എല്ലാം മൂളിക്കേട്ടു. മനസ്സ് എവിടെയെല്ലാമോ ചുററിക്കറങ്ങുകയായിരുന്നു. വീണ്ടും സമയം നോക്കിയപ്പോൾ 6 ആകാറായിരിക്കുന്നു. വെപ്രാളത്തോടുകൂടി ഈ ബസ്സിൽതന്നെ കയറി. മനസ്സിനെന്തോ ഒരു ഭാരം. ആ മനുഷ്യൻ പിന്നെ എങ്ങോട്ടാണ് പോയതെന്ന് കണ്ടില്ല. ഇനിയും ബസ്സിറങ്ങിയിട്ട് അരമണിക്കൂർ നടക്കണം. അതും ഈ ശക്തമായ മഴയത്ത്. രാത്രി നല്ലവണ്ണം ഇരുട്ടിയിട്ടുണ്ട്. കഴിയുന്നത്ര ധൈര്യം സംഭരിക്കാൻ ശ്രമിച്ചു. എന്നിട്ടും മനസ്സ് വഴുതിപോകുന്നു. ബസ്സ് നിർത്തിയപ്പോൾ ഇറങ്ങി. ആരും കാണാതിരിക്കാൻ ആഗ്രഹിച്ചു. ഇരുട്ടിന്റെ അരികുപററി നടന്നു. റോഡ് മുറിച്ചുകടന്ന് ഇടവഴിയിലേക്ക ഇറങ്ങാൻ ഭാവിച്ചപ്പോൾ ഭീതി പത്തിവിടർത്തി. കട്ടപിടിച്ച ഇരുട്ടിനെ ഇടയ്ക്കിടയ്ക്ക് കീറിമുറിച്ചുകൊണ്ടുള്ള മിന്നൽ പിണർ. ധാരമുറിയാതെ പെയ്യുന്ന മഴ. ഇടവഴിയി

ൽക്കൂടി കുത്തിയൊലിച്ചൊഴുകുന്ന വെള്ളം. സാരി പിടിച്ചുകുത്തി, പുസ്തകം മുറുകെ പിടിച്ചു, മറുകൈയിൽ കുടയും. കാലുകൾ മുന്നോട്ടുവെച്ചു. വെള്ളത്തിന്റെ ശക്തമായ പ്രവാഹത്തിൽ കാലുകൾ നിലത്തുറപ്പിക്കാൻ ബദ്ധപ്പെട്ടു. കല്ലുകൾ മണ്ണിളകിപ്പോയ. മിന്നലിനെത്തുടർന്നുണ്ടായ ശക്തമായ ഇടി. ഒരു നിമിഷം തന്റെ ധൈര്യമൊപ്പാടെ തകർന്നു. ഏതായാലും വയലിന്റെ അടുത്തെത്തി. വയൽവരമ്പത്തുക്കൂടി നടന്നപ്പോൾ കാലുകൾ വഴുതിപ്പോകുന്നു. ബാലൻസ് തെറ്റാതിരിക്കാൻ ശ്രമിച്ചു. ഒന്നു തെറ്റിയാൽ........ധൃതിയിൽ വയലിൽ നിന്ന് രക്ഷപ്പെടാനുള്ള ശ്രമത്തിൽ കാലുകൾ തെറ്റലും വീഴലും ഒന്നിച്ചുകഴിഞ്ഞു. മനസ്സാന്നിദ്ധ്യം അപ്പാടെ തകർന്നു. പുസ്തകങ്ങൾ ചിതറിപ്പോയിരിക്കുന്നു. ഇനി എങ്ങിനെ പെറുക്കിയെടുക്കും ? അറിയാതെ കവിളിൽക്കൂടി ഒഴുകിയ ചുടുകണ്ണീർപുറം കൈകൊണ്ടു തുടച്ചു. പുസ്തകങ്ങൾ കുറെ നേരത്തെ തിരച്ചിലിനുശേഷം കണ്ടെടുത്തു. ചെളിയിൽ പുതഞ്ഞ പുസ്തകങ്ങൾ. നനഞ്ഞൊട്ടിയ സാരി കുറച്ചുകൂടി പിടിച്ചുകുത്തി. ഇനിയും ഒരിടവഴിക്കൂടി കടക്കണം. മഴ കുറേശ്ശെ ശമിച്ചിരിക്കുന്നു. ഇലകളിൽ മഴത്തുള്ളികൾ വീഴുന്ന ശബ്ദം കേൾക്കാം. അകലെ വീട്ടിലെ ഉമ്മറത്തെ വെളിച്ചം കണ്ടപ്പോൾ ദുഃഖം അണപൊട്ടിയൊഴുകുകയായിരുന്നു. പടികൾ കയറിയപ്പോൾ തന്നെ കാത്തിരിക്കുന്ന അമ്മയെക്കൂടി കണ്ടപ്പോൾ പിടിച്ചുനിൽക്കാൻ കഴിഞ്ഞില്ല. അമ്മയെന്താണ് പറഞ്ഞതെന്നു പോലും കേട്ടില്ല. പൊട്ടിക്കരഞ്ഞു. കരഞ്ഞു കരഞ്ഞു മതിയായപ്പോൾ, ഡ്രസ്സ്മാറി കാപ്പികുടിക്കാൻ ഇരുന്നപ്പോൾ താൻ തന്നിൽനിന്ന് എത്രയോ അകലെ ആയിരുന്നു. പുസ്തകം മുന്നിൽ തുറന്നുവെച്ചപ്പോൾ ഓർമ്മകൾ ഒരായിരം ചില്ലുകഷ്ണങ്ങളായി നുറുങ്ങുകയായിരുന്നു. പുസ്തകത്തിലെ ഏതോ ഒരു ബിന്ദുവിൽ മാത്രം കണ്ണുകൾ തറച്ചുനില്ക്കുന്നു. മനസ്സ് കടിഞ്ഞാണില്ലാത്ത കുതിരയെ പോലെ എവിടെല്ലാമോ സഞ്ചരിക്കുന്നു. മനസ്സും ശരീരവും തളർന്നിട്ടും ഉറക്കം കൺപോളകളെ തഴുകാൻ മടിച്ചു. പണ്ട് ഒരു സങ്കല്പസാമ്രാജ്യം മുഴുവൻ വെട്ടിപിടിച്ചപ്പോൾ... സ്വപ്നസൗധങ്ങൾ പടുത്തുയർത്തിയപ്പോൾ......ഒരിക്കലും അതൊരു മണൽക്കൊട്ടാരമായി തീരുമെന്ന് അറിഞ്ഞിരുന്നില്ല. സ്മരണകൾ ഒതുക്കി താനെന്ന ചിപ്പിയിലേക്കൊതുങ്ങി വേദനകളെ കടിച്ചമർത്താൻ ശ്രമിച്ചപ്പോൾ ഭാരിച്ച കൺപോളകൾ അറിയാതെ അടഞ്ഞുകൊണ്ടിരുന്നു.

# നിലാവിൽ

ഉസ്മാൻ, മാറഞ്ചേരി III BSc.

തുടിയ്ക്കും നക്ഷത്രങ്ങൾ
താരാട്ടുപാടി, ഭൂമി–
കട്ടത്തൊരുറക്കമായ്
നിലാവിൻ വിരിപ്പിന്മേൽ
അനുഭൂതികൾ പൂക്ക–
മീനീലനിലാവിൽ ഞാൻ
അണഞ്ഞു പുൽകാൻ കാത്തേൻ
നിദ്രയെക്കുറെ നേരം!
ഒന്ന് ഞാൻ മയങ്ങവേ
കാണുന്നു ഭവദ്രൂപം
എന്മനഃ കവാടത്തിൽ
പൊൻപ്രഭ ചിന്തിക്കൊണ്ട്!
ഉന്നതമോഹങ്ങൾതൻ
വിടരും താളുകളിൽ
അണവൃവീണയായ് നീ
സ്നേഹത്തിൻ ശ്രുതിമീട്ടി

*　　*　　*　　*

ആത്മാവിന്നടിത്തട്ടിൽ
നീ കൊളുത്തിയ ദീപം
ആത്മനായികേ കെടി–
ല്ലെത്ര കാറ്റടിച്ചാലും.
നിർമ്മലപ്രേമം കൊണ്ടെൻ
ജീവനൊരർത്ഥം നൽകാൻ
വന്നുദിച്ച നീ, നിന്നാൽ
നയിക്കപ്പെടട്ടേ ഞാൻ!

# നിന്നെത്തേടി

(ഹബീബ്, എ. III B Com.,)

പൂനിലാവെങ്ങോ ഹാ പോയ്മറഞ്ഞു
പാതിരാദുർമ്മുഖം കാട്ടി വന്നു.
എങ്ങുനീ യെങ്ങുനീ യോമലാളേ
എങ്ങു ഞാൻ നിന്നെത്തിരഞ്ഞിടേണ്ടു ?
ആരണ്യം തന്നിലീയന്ധതയിൻ
ആത്മാവു നീറിപ്പുകഞ്ഞിടുന്നു.
ആശാപ്രദീപം ഹാ കെട്ടുപോയി
മോഹനസൗധമോ വീണുടഞ്ഞു !
നാളെപ്പുലരുന്ന പൊൻപുലരി
കാണാതെ ഞാനും പൊലിഞ്ഞുപോകാം.
മണിദീപമായി നീയെത്തുമെങ്കിൽ
അണിവീണയായി നീ പാട്ടുമെങ്കിൽ,
എൻജീവിതന്ത്രിയിൽ ശ്രുതിയുയരും
എങ്കിൽ... ആ എങ്കിൽ സഫലമാമോ !

---

ഞാനലയുന്നു ദുഃഖത്തിൻറൊ ബിന്ദുവായ്,
യാത്രാ-
ക്ഷീണമാറ്റുവാൻ പ്രതീക്ഷതണൽ
കാണ്മീലെങ്ങും !



# ഒരു മോഹഭംഗത്തിന്റെകഥ

അനിത, പാലാക്കര
I P. D. C.

നാശം! ഇതെന്താ സമയം പോകാത്തത്? മനസ്സിൽ എന്തെന്നില്ലാത്ത അമർഷം പതഞ്ഞുപൊങ്ങി. തന്റെ വാച്ച് 'ഗോസ്ലോ' നയം സ്വീകരിച്ചതിനാലാണ് ബാക്ക് ബെഞ്ചിൽ വന്നിരുന്നത്. അവിടെ ഇരുന്നാൽ ലൈബ്രറിയുടെ ചുമരിൽ ഉഗ്രപ്രതാപിയായി ക്ലോക്കങ്ങനെ വിലസുന്നതു കാണാം! പക്ഷേ... അത് വേഗം നടക്കുന്നതിൽ മടിയനാണെന്നു തോന്നുന്നു.

സാറ് ടെക്സ്റ്റ് ബുക്കിലെ എക്സർസൈസ് ചെയ്യിക്കയാണ്. ബാക്ക് ബെഞ്ചിലെ മിക്ക കുട്ടികളും പുസ്തകം അടുക്കിവെയ്ക്കുന്ന തിരക്കിലാണ്. മുൻബെഞ്ചിലെ ചില വിദ്വാന്മാർമാത്രം (വിദുഷികളും) അസ്സലായി എഴുതുന്നുണ്ട്.

ഇന്നെങ്കിലും നേരത്തെ വീട്ടിലെത്തണം. 'രാധ'യിൽ ഷോലെ മുന്നേറുകയാണ്. ഇന്ന് സിനിമയ്ക്ക് പോകാമെന്ന് അച്ഛൻ പറഞ്ഞിരുന്നു. പരീക്ഷയടുത്തതിനാൽ തന്നെ, കൊണ്ടുപോവില്ലെന്നാണ് ആദ്യം പറഞ്ഞിരുന്നത്. അവസാനം താണുകേണപേക്ഷിച്ച് സമ്മതംവാങ്ങി. അതും 5 മണി കൃത്യത്തിന് വീട്ടിലെത്തിക്കൊള്ളാമെന്ന കരാറിൽ. കാര്യസാദ്ധ്യത്തിന് കുറച്ച് പളുങ്കുമണികൾ കണ്ണിൽനിന്നൊഴുക്കേണ്ടിവന്നു- പ്രിയപ്പെട്ട വജ്രായുധം! സാരമില്ല, ഇനിയും സ്റ്റോക്കുണ്ട്.

ഏതായാലും കാത്തു, കാത്ത് സമയം 3-55 ആയി. അഞ്ചുമിനുട്ടുകൂടികഴിഞ്ഞാൽ- ങ്ഹേ,- എന്താണെല്ലാവരും ചിരിക്കുന്നത്? "ഓ മൈ ഗോഡ്" സാറെന്തോ ചോദ്യം ചോദിച്ചെന്നുതോന്നുന്നു. എഴുന്നേല്ക്കാൻ ശ്രമിച്ചിട്ടും കാലുറയ്ക്കുന്നില്ലല്ലോ. ക്ലാസ്സിലെ പൊട്ടിച്ചിരികൾക്കിടയ്ക്ക് സാറ് പറയുന്നതുകേട്ടു. "Don't disturb her ; She is worried about her lonely children at home."

ക്ലാസ്സിലാകെപൊട്ടിച്ചിരി. ശനികൾക്ക് ചിരിക്കാൻ കണ്ടൊരു നേരം! ഹാവൂ, രക്ഷപ്പെട്ടു. ബെല്ലടിച്ചല്ലോ. ആരുടേയും മുഖത്തുനോക്കാതെ ബുക്കെടുത്തോടി. വേഗം 'ലേഡീസ് റൂമിൽ' നിന്ന് ബാഗുമെടുത്ത് ശരം വിട്ടപോലെ പാഞ്ഞു.

'എന്താപ്പാദ്, ഇവ്ടെ മാരത്തോൺ ഓട്ടവുമുണ്ടോ?" ആരോ ചോദിക്കുന്നതു കേട്ടു. തിരിഞ്ഞുനോക്കാതെ ഓടി. കോളേജിന്റെ മുൻവശത്തെത്തിയപ്പോഴാണ്, ചാറൽസ് ഡിക്കൻസിന്റെ മി. പിക്ക്‌വിക്കിനെക്കൂട

ശെ വരാതെന്ന ചേട്ടന്റെ കല്പനയോർത്തത്. എല്ലാം സഹിക്കാം പക്ഷെ, ചേട്ടന്റെ ചെവിപിടിച്ച് തിരുമ്മൽ മാത്രം സഹിക്കാൻ ഒക്കുകേല- അത് ഹൃദ്രോഗത്തിന്, പററിയ മരുന്നാണെങ്കിൽ പോലും! വന്ന വേഗത്തിൽതന്നെ തിരിച്ചോടി. ലൈബ്രറിയിൽനിന്ന് മി: പിക്ക്വിക്കിനേയും ഒക്കത്തു് കെട്ടി വീണ്ടുംഓടി. ഓട്ടെടാ ഓട്ടം! “മാറിക്കൊട്ടത്തെക്കെടോ, കൊച്ചിൻ എക്സ്പ്രസ്സിന് പോകാനുള്ളതാ”. ബി.കോം ക്ലാസ്സിലെ വല്ല്യപ്പന്മാരാണ്.

“അവരവിടെനിന്ന് പറഞ്ഞോട്ടെ, പെങ്ങള് പൊക്കോ” തിരിഞ്ഞുനോക്കി. ഒരു ഹിപ്പിച്ചായനാണ്, സൈക്കളീന്ന് വീണാലുള്ള ചിരിചിരിക്കുന്നു. “നമ്മളെ മാവും പൂക്കുമച്ചായാ” പറയാൻതോന്നിയെങ്കിലും പറഞ്ഞില്ല. കാരണം, താനിപ്പോൾ നിരാശ്രയയാണ്.

അയ്യടിമനമേ! ‘ലീനീഷ്’ അല്ലെ ആ പോകുന്നത്? ആരാത്, രാജിയല്ലേ ആ ചിരിക്കുന്നേ? അവളുടെ ഒരു കോളിനോസ്! താനങ്ങനെ ചിരിക്കയൊന്നും വേണ്ടടോ. തന്നെ ഞാൻ പിന്നെ കണ്ടോളാം.

ഇനിയേതായാലും $\frac{3}{4}$ മണിക്കൂറ് കുന്തം വിഴുങ്ങിയപോലെ നില്ക്കുകതന്നെ. ഓ- നമ്മുടെ കൂട്ടുകാരികള് വരുന്നുണ്ട്.

“മിനിയിപ്പോൾ ‘രാധ’യിലെത്തിയിരിക്കും അല്ലെ, ലിസി?” ഒരുത്തിയുടെ പരിഹാസം, മററുള്ളവരുടെ കൂട്ടച്ചിരി. സഹിക്കുകതന്നെ. അല്ലാതെന്താ ചെയ്യാ? അവർ പറയുന്നതിലൊന്നും നില്ക്കാതെ ശ്രദ്ധ ‘ഷോലെ’യിൽ ചുററിത്തിരിയുകയാണ്. ആരോ ആ പേരു് പറഞ്ഞുവെന്നു തോന്നുന്നു. ഓ-ഫാത്തിമ കഥ പറയുകയാണ്. കഥ കേട്ടാൽ സിനിമ കാണുമ്പോൾ ഇൻററസ്റ്റ് കുറയും. അതിനാൽ കഥ കേൾക്കാത്തത്ര ദൂരത്തിൽ — കാററാടിമരച്ചുവട്ടിൽ — ചെന്നു നിന്നു.

ഓ- നമ്മുടെ ശകടമല്ലെ ആ വരുന്നത്? അല്ലാ, അതെന്താ, തയ്യൽക്കടയുടെ മുൻപിൽ നിർത്തിയത്? ഡ്രൈവർക്ക് ഷർട്ട് തയ്ക്കാനായിരിക്കും! ഏതായാലും ഓട്ടകതന്നെ അയ്യോ. ബാഗിന്റെ കയ്യുംപൊട്ടി.

“വീണിതല്ലോ കിടക്കുന്നു ധരണിയിൽ
ചെമ്മണ്ണു മണിഞ്ഞയ്യോ ശിവശിവ !”

ഒരു അരക്കവിയുടെ ആത്മവിലാപമാണ്.

“പൊങ്ങച്ച സഞ്ചിയിലെന്തുണ്ട്?
ചീപ്പുണ്ട്, ചാന്തുണ്ട്.”

മറെറാരുത്തന്റെ വക. ബാഗും പെറുക്കിയെടുത്തോടി. ററാവൂ, സ്റ്റോപ്പിനടുത്തെത്തി. ഹയ്യോ, ബസ്സ് പോവുവാണോ? ഞാനിവിടെ എത്താൻ കാത്തിരുന്ന ബസ്സേ, നിനക്ക്, ഞാൻ കയറുന്നതുവരെയൊന്ന് ക്ഷമിച്ചുകൂടാരുന്നോ? “ററാററാ, ററാററാ, പൊന്നുപെങ്ങളേ ററാററാ” ബസ്സിൽനിന്നാണ്. ഒരാങ്ങളെയെങ്കിലുമുണ്ടായല്ലോ, വലിയ ആശ്വാസംതന്നെ! വായക്കുള്ളിൽ പല്ലുകൾ ഞെരിയുന്നോ എന്നു സംശയം!

ഇനിയും അടുത്ത ബസ്സിന് കാത്തുനില്ക്കുകതന്നെ. ദിവസവും നേരത്തെ വീട്ടിലെത്തണമെന്ന് കൊച്ചനിയത്തിയെ ഉപദേശിക്കുന്ന ശാരിച്ചേച്ചി. “പാവം ശാരേച്ചി എന്തറിഞ്ഞു വിഭോ!”

ഓ, വരുന്നുണ്ട്, മറെറാരു ശകടം. ഇതിലെങ്ങനെയെങ്കിലും ഒന്നു കയറിപ്പററണം.

“എന്ത്ര്ത്താദ്, ബസ്സ് ങ്ങളെ സ്വന്തം വക്യാ?” ഏതോ ഒരു വയസ്സനാണ്. കേൾക്കാത്തതായി നടിച്ചു.

“തിക്കാതെ, എന്നെ തിക്കാതെ”-ഏതോ ഒരു ഗർദ്ദഭമാണ്. ഇന്നാരെയാണാവോകണി

കണ്ടത്? രാവിലെതന്നെ കണ്ണാടിയാണ് നോക്കിയതെന്നു തോന്നുന്നു.

ഏതായാലും ഇറങ്ങേണ്ട സ്റ്റോപ്പെത്തി. പക്ഷെ ബസ്സ് നിർത്തുന്ന ലക്ഷണം കണ്ടില്ല. ബെല്ലടിക്കുന്നതിന്റെ ശബ്ദം കൂടിവരുന്തോറും ബസ്സിന്റെ വേഗതയും വർദ്ധിക്കുകയാണ്. ഡ്രൈവർ കുതിരയോട്ടത്തുനിന്ന് വരുന്ന വഴിയാണെന്നു തോന്നുന്നു. ഏതായാലും സ്റ്റോപ്പിൽനിന്നും കുറേ ദൂരെക്കൊണ്ടുപോയി ഒരു സഡൻബ്രേക്ക്. ഹാവൂ– ഇപ്പോഴെങ്കിലും ഒന്ന് നിർത്തിയല്ലോ. കർത്താവിന് സ്തുതി. വേഗം ഇറങ്ങി ഓടി. വീട്ടിലെത്തിയാണ് നിന്നത്. ഒതുക്കുകൾ കയറുമ്പോൾ ചേട്ടൻ വരാന്തയിലിരുന്ന് വായിക്കുന്നത് കണ്ടു. കണ്ടപ്പോൾതന്നെ ചേട്ടന്റെ "Announcement"

"അയ്യോ മിനീ, അവര് പോയിട്ട് അര മണിക്കൂറായി. നിന്നെ കുറേ wait ചെയ്തു. നീയെന്താ ഇത്ര late ആയത്? സാരമില്ല. പോയി വസ്ത്രം കഴിക്കു."

ഇതുംകണ്ട് പെരുച്ചാഴിയെപ്പോലെ നിന്നുപോയി. ശകടങ്ങളേ, ഇതെന്നോട് വേണമായിരുന്നു. ഇതിനുമാത്രം ഞാനെന്തു തെറ്റുചെയ്തു? സിനിമയേതായാലും കാണാൻ കഴിഞ്ഞില്ല. രാത്രി കഥ പറയുമ്പോൾ അത് കേൾക്കുകയെങ്കിലും ചെയ്യാമായിരുന്നു. കടിച്ചതുമില്ല, പിടിച്ചതുമില്ല! അടുക്കളയിലേക്ക് നടക്കുമ്പോൾ അമ്മ നിന്നു മുട്ടിത്തൊട്ടി വരികയായിരുന്നു.



# പഥികൻ

യു. എ. നസീർ,

II BSc. B

പായുന്നു. മരങ്ങൾ, മനുഷ്യർ, രോഗികൾ വീടുകൾ. എല്ലാം വളരെ വേഗതയിൽ പിന്നോട്ട് മറയുന്നു. പ്രപഞ്ചം ദ്രുതതയെ തേടുന്നു. റോഡരുകിലെ ചലിക്കുന്നതും ചലിക്കാത്തതുമായ വസ്തുകൾ പിന്നോട്ട് മറയുമ്പോൾ ബസ്സ് ഒരു കടിഞ്ഞാണില്ലാത്ത കുതിരയെപ്പോലെ മുന്നോട്ട് ഗമിക്കുന്നു. ഞാനും എന്റെ മനസ്സും ശരീരവും ബസ്സിന്റെ വേഗതയിൽ ലയിച്ച് സീററിൽ ആയാസത്തോടെ ഇരുന്ന സുഖം കൊള്ളുന്നു. ഹാ എന്തൊരു സുഖം. ഇതു നിർമ്മിച്ചവൻ മഹാൻതന്നെ സംശയമില്ല. വലതുഭാഗത്തു ശയിക്കാൻവെമ്പുന്ന സൂര്യനെ കാണാം. മനോഹരമായ കാഴ്ചതന്നെ. ഇളംതെന്നൽ എന്നെ തഴുകിക്കൊണ്ടെയിരിക്കുന്നു. ഞാൻ പറക്കുകയാണ്. നീലയും ചുവപ്പും കലന്ന ആകാശത്തിലൂടെ. ഞാൻ രാജാവാണ്. രാജാവ് പറക്കുന്നു. പ്രജകളില്ലാത്ത രാജാവ്. അല്ല ഞാൻ സഞ്ചാരിയാണ്. കോളേജിൽനിന്നും ബസ്സിൽ വീട്ടിലേക്കു പോകുന്നു.

ബസ്സ് ഇടക്ക് വേഗത കൂട്ടുകയും കുറക്കുകയും നിർത്തുകയും ചെയ്യുന്നു. വീണ്ടും പറക്കുന്നു. ഞാൻ രാജാവാകുന്നു. ഹാ ആകാശമെ നീ എത്ര സൗന്ദര്യവതിയാണ്. എന്താണ് നിന്റെ മുഖം കറുക്കുന്നാണോ? ദിവാകരൻ നിന്നെ വിട്ട് സമുദ്രത്തെ പ്രാപിക്കുകയാണൊ? ച്ഛെ! എന്തൊരു ശല്യം. എന്തൊക്കെയാണ് ചിന്തിക്കുന്നത്. അതെങ്കിലും ഈയിടെയായി മനസ്സിനെ നിയന്ത്രിക്കാൻ പററുന്നില്ല. ചിന്തിക്കുന്നതു തെററാണെന്നു ആരെങ്കിലും പറഞ്ഞിട്ടുണ്ടോ? ഉണ്ടാവില്ല. പറഞ്ഞെങ്കിൽ തന്നെ എന്താണ്? അല്ലെങ്കിലും ഈയിടെയായി എന്തൊ ഒരു വിഷമം. ഒരുതര അസ്വസ്ഥത. ഇന്നു വൈകുന്നേരം തന്നെ ഓഡിറേറാറിയത്തിൽവെച്ച് [illegible]താണ്? മനസ്സിലെ വിഷമം അകററാനൊ അതൊ സംതൃപ്തി [illegible]? ഉത്തരമില്ലാത്ത ചോദ്യങ്ങൾ. ഹോസ്ററലിൽനിന്നും പോരേണ്ടതില്ലായിരുന്നു. അതു ഒരു പരിഹാരമാർഗ്ഗമാണോ? തനിക്കു ദാഹിക്കുന്നുണ്ടോ? ഇല്ല. ദാഹത്തിന്റെ കാര്യം ഓർത്തപ്പോഴാണ് സ്റ്റാൻഡിൽവെച്ച് നടന്ന സംഭവം ഓർത്തത്. രണ്ടു മൂന്നു പെൺകുട്ടികൾ എന്റെ കൂട്ടുകാരുടെ മുമ്പിൽ വെച്ച് അവരെ കൂൾബാറിൽ കയററാൻ പറഞ്ഞതും, കാരണമില്ലാതെ കയററുകയില്ല എന്നു പറഞ്ഞു താൻ ഒഴിഞ്ഞതും: വൃത്തികെട്ട കുട്ടികൾ! അല്ലെങ്കിൽ അവരെ എന്തിനു കുററം പറയുന്നു. പാവങ്ങൾ പെണ്ണുങ്ങൾ

പെട്ടെന്നാണ് ബസ്സിൻെറ പിന്നിൽ നിന്നും ഒരു ഭയങ്കര പൊട്ടിത്തെറി കേട്ടത്. എന്താണത്. അപകടമാണോ? എന്നാൽ ബസ്സ് മറിയട്ടെ, തിരിയട്ടെ, ഒഴുകട്ടെ. അയ്യോ! ബസ്സ് മറിഞ്ഞാൽ എല്ലാവരും മരിക്കുമല്ലോ! കണ്ടക്ടറും, ഡ്രൈവറും യാത്രക്കാരും ഞാനും. മരണം. ഇപ്പോൾ മരിക്കണമോ? വേണ്ട. പോരൂ മരണമേ പോരൂ.

'ടയറു പൊട്ടിയതാണ്" പിന്നിൽനിന്നും ഒരു യാത്രക്കാരൻെറ അഭിപ്രായം. ബസ്സ് സാവധാനത്തിൽ ഒഴിഞ്ഞ സ്ഥലത്തു സൈഡാക്കി നിർത്തി.

"പത്തു മിനുട്ടുകൊണ്ടു ശരിയാക്കാം" കണ്ടക്ടറുടെ ശുഭാപ്തി വിശ്വാസം! കുറെ യാത്രക്കാർ പുറത്തിറങ്ങി. ഒഴിഞ്ഞ ചെറിയ സ്വകാര്യ വിമാനത്താവളത്തിൻെറ റൺവെയുടെ ഒരരുകിലാണ് ബസ്സ് നിർത്തിയിരിക്കുന്നത്. പുറത്തിറങ്ങിക്കളയാം. ഫയൽ സീറ്റിൽവെച്ചു പുറത്തിറങ്ങി. ആകാശവും ഭൂമിയും ഇരുണ്ടിട്ടുണ്ടെങ്കിലും ഒരിളം കാറ്റ്. എവിടെ പോകാം. തനിക്കു കൂട്ടുകാരില്ല. ഏകാന്ത പഥികൻ. റൺവെയിലൂടെ കുറച്ചു നടന്നു ഒരു ഭാഗത്തു ഒറ്റക്കു മാറി ഇരുന്നു. കിടക്കണമെന്നു തോന്നി. അവിടെ മലർന്നു കിടന്നു. ഹാ, എന്തു സുഖം. നക്ഷത്രങ്ങൾ, ആകാശം, കാറ്റ്. ഇപ്പോൾ ഒരു വിമാനം വന്നു ലാൻറുചെയ്താൽ തൻെറ മേൽകൂടി ഉരസിപ്പോകും. വേണ്ട എൻെറ മുകളിലൂടെ പറന്നാൽ മതി. അത് ആർ പറപ്പിക്കും. വേണ്ട എനിക്കുതന്നെ പറപ്പിക്കണം. ഒരു വിമാനം വേണം. ഡക്കോട്ട ആയാലും മതി. കോപൈലറ്റും, എയർഹോസ്റ്റസ്സും യാത്രക്കാരും ആരും വേണ്ട. ഞാൻ ഒറ്റക്ക്. ആകാശത്തിലൂടെ പറന്നു കളിക്കണം. അല്ലെങ്കിൽ വേണ്ട. കൂട്ടുകാർ വേണം. ഒരു കൂട്ടുകാരൻ (കൂട്ടുകാരി) വേണം ഹൊ എന്തൊക്കെയാണ് ഞാൻ ചിന്തിക്കുന്നത്. തൻെറ ചിന്തകൾ കുതിരയുടെ രൂപത്തിൽ അശ്വമേധയാഗം നടത്തുന്നു. എൻെറ കുതിരയെ പിടിച്ചുകെട്ടാൻ ആരുമില്ലേ? ഞാൻ ചക്രവർത്തി. എൻെറ ലോകത്തെ ചക്രവർത്തി. അന്തഃപുരങ്ങളില്ലാത്ത ചക്രവർത്തി. ഓരോ മനുഷ്യരും ഓരോ ചക്രവർത്തിമാർ. ചക്രവർത്തിമാരുടെ ലോകം. മൂടുപടമണിയാത്ത ചക്രവർത്തിമാർ. ദൈവം എന്തിനിതൊക്കെ സൃഷ്ടിച്ചു. ഈ ആകാശത്തിൽ എന്തിനിതൊക്കെ നിരത്തിച്ചു. ആധ്യാത്മികചിന്തയിലേക്കു കടക്കുകയാണോ?

"റൈറ്റ്" കണ്ടക്ടറുടെ ശബ്ദം. ടയർ മാറ്റി ബസ്സ് സ്റ്റാർട്ടാക്കിയിരിക്കുന്നു. ഓടിച്ചെന്നു ബസ്സിൽകയറി. ഓടിയപ്പോൾ ഉന്മേഷം. പ്രസരിപ്പ്, സീറ്റിലിരുന്നപ്പോൾ എൻെറ കൂടെ നാട്ടുകാരനാണെന്നു തോന്നിക്കുന്ന തടിച്ച മനുഷ്യൻ. അദ്ദേഹം ചിരിച്ചു, ഞാനും ചിരിച്ചുകൊടുത്തു. ദൈവമെ ഇയാൾ എന്നെ കത്തിവെക്കാനുള്ള പുറപ്പാടാണോ?

"എവിടെനിന്നാ വരുന്നത്"

ചോദ്യം.

"കോളേജിൽനിന്ന്"

ഉത്തരം


"കോളേജു കുട്ടിയോ?"

"ഇല്ല"

"ഇനി എത്രകൊല്ലത്തെ പഠിപ്പുണ്ട്"

"ഒരു കൊല്ലത്തെ"

എനിക്ക് മനസ്സിൽ സന്തോഷിക്കാതിരിക്കാൻ കഴിഞ്ഞില്ല. എൻെറ യാഗാശ്വത്തെ പിടിച്ചുകെട്ടിയ ധീരൻ. അനുമോദനമർഹിക്കുന്നു. തണുപ്പ്! മനസ്സിൽ തണുപ്പ്. ഇപ്പോൾ ഒരു സഹയാത്രികനെ കിട്ടിയിരിക്കുന്നു.



# പ്രയാണം

എം. പി. വിജയകുമാ[ർ]
Ist B. Sc. Chemistry. No: 9[...]

ഈ പൂത്തുലഞ്ഞാടുന്ന ഏഴിലാംപാലക്കുചുവട്ടിൽ ഇതെന്റെ മൂന്നാമത്തെ സന്ധ്യ. വയൽവരമ്പുകൾക്കു മുകളിൽ രതിനൃത്തമാടുന്ന നെൽക്കതിരുകളെ നോക്കിയിരിക്കെ അവയിലെ വികാരം സൃഷ്ടിച്ച മർമ്മരങ്ങൾ കേട്ടിരിക്കെ മനസ്സാകുന്ന കരിംകടലിലെ ഓർമ്മകളാകുന്ന കടൽപാമ്പുകൾ ചീറിയണയുന്നു, അഗ്നിസ്ഫുലിംഗങ്ങളുമായി.

ദുഃഖങ്ങൾപുരട്ടിയ വിധിയുടെ ക്രൂരമ്പുകൾ മുൻകൂട്ടികണ്ടു തങ്ങളുടെ സ്വപ്നങ്ങൾ കുത്തിനിറച്ച പളുങ്കുമേടയുടെ പരിസരമാകെ മൂടൽമഞ്ഞു പുതക്കുവാൻ ആർക്കെങ്കിലും കഴിഞ്ഞിട്ടുണ്ടോ? ഉണ്ടാവാം. പക്ഷെ, സ്വപ്നങ്ങൾ വേദനകൊണ്ടു വിങ്ങിപൊട്ടുമ്പോൾ ആർത്തട്ടഹസിക്കുന്ന ദുഃഖങ്ങൾക്കിവിടെ പഞ്ഞമില്ല.

ഈ പരിസരത്തിന്റെ വക്രതയും ഈ മരുഭൂമിയുടെ ഭീകരതയും ആദ്യമായി കണ്ണുമിഴിച്ചു നോക്കിയപ്പോൾതന്നെ എന്നെ ആരാധാളിപ്പിച്ചു. ആ നിമിഷത്തിൽ വേദനകൊണ്ടു പൊട്ടിക്കരഞ്ഞു. ക്രോധം ഇരുമുഷ്ടികളെക്കൊണ്ടു മിടിപ്പിച്ചു. പേററിച്ചിയുടേയും മററനേകം പെണ്ണുങ്ങളുടേയും മുന്നിൽവെച്ചു തന്നെ അങ്ങനെ എന്നെ ഈ ഭൂമിയിലേക്കുന്തിവിട്ട അജ്ഞാതശക്തിയോടു പ്രതിഷേധിച്ചു.

എന്റെ പിറവിയുടെ സുഗന്ധം (?) മൂക്കിൽ തുളച്ചുകയറിയപ്പോൾ വേലക്ക[ാ]രത്തി ചോയിച്ചി ഉമ്മറത്തേക്കു കുതിച്ചു വേവലാതിപ്പെട്ടു തലങ്ങും വിലങ്ങും നട[...]ക്കുന്ന അച്ഛനെ സസന്തോഷം അറിയി[...]ച്ചിരിക്കും. "ഉണ്ണ്യാരേ...ഉണ്ണ്യാരെ...ആണ്കുട്ട്യാണ്. കൂക്കിളുടി മൂന്നുവട്ടം...."

അച്ഛൻ മൂന്നുതവണ കൂക്കിയിരിക്കും. നിശീഥിനിയുടെ മാറിൽ നക്ഷത്രമ[...]ല്ലിക്കെ ഈ ശബ്ദം അയൽക്കാരെ ആല[...]സ്യത്തിൽനിന്നുണർത്തിയിരിക്കും. എന്റെ ജനനത്തിന്റെ സൈറൺ! അറിഞ്ഞുവന്നപ്പോഴേക്കും ആരെല്ലാം എന്തെല്ലാം ശപി[...]ച്ചെന്നെങ്ങനെ ഓക്കാൻ! ഏതു രാമന്റെ പാദാഘാതമാണാവോ മോക്ഷമാർഗ്ഗം?

എന്റെ പൊക്കിൾകൊടി കൊഴിഞ്ഞുവീഴുന്നതിനുമുമ്പ്, — അതിനടുത്ത ദിവസങ്ങളിലും—കറുത്ത വള, സില്ക്കുകുപ്പായം, വാസനസോപ്പ്, കട്ടിക്കുറ..അങ്ങിനെ അങ്ങിനെ എന്തെല്ലാം ഒഴുകി. ചുററുമുള്ളവർക്കിങ്ങിനെയെല്ലാം സ്നേഹിക്കുവാനറിയാം !

കറുത്ത വസ്ത്രംധരിച്ചു, കറുത്ത സഞ്ചിപേറിയ അയ്യപ്പഭക്തന്മാർ എനിക്കു വേണ്ടി തുടികൊട്ടിപാടി. പുള്ളുവൻ കുടവുമായി വന്ന ജാനകിയും മകൾ രമണിയും പിന്നെ

തലയിൽ കുടമവളർത്തിയ വീണക്കാരൻ രാമനും എന്റെ തളിർമെയ്യിൽ പതിഞ്ഞ നാപ്പോതകൾ നുള്ളിയെടുത്തു.

ക്ഷേത്രനടയിൽ ചമ്രം പടിഞ്ഞിരുന്ന അമ്മാവൻ മടിയിലിരുത്തി ചോറുതന്നു. ഇരുചെവികളിലും എന്റെ നാമം മന്ത്രിച്ചു കൗതുകത്തോടെ നോക്കിനിന്നവർ ചോറു വാരി എന്റെ ചുണ്ടിൽ തേച്ചു. കൈനീട്ടി പേരുവിളിച്ചു. ഒന്നും അറിയാതെ എനിക്കു മിഴിച്ചുനില്ക്കാൻ കഴിഞ്ഞു.

ചിരട്ടപിട്ട്, കുററിപ്പെര, സദ്യ, നാലുവട്ടം, കറി, അച്ഛനമ്മമാർ ദിവസങ്ങൾ നീങ്ങി. ആണ്ടുപിറന്നാളിനു് ആണ്ടിയൂട്ട്. എല്ലാം കേമം. ഇതെല്ലാം പഴയ കഥ..

ഞാനെന്തൊരു വിഡ്ഢി. നിമിഷങ്ങൾ നെയ്തുതന്ന മാസ്മര സ്വപ്നങ്ങൾ ഒരേ ബലൂണിൽ ഊതികേററിയപ്പോൾ ഒരു സൂചികുത്ത് അതു ചുപ്പിച്ചുകളയുമെന്നു് ഓർത്തില്ല. കാലം ചാരിതന്ന മുളയേണിയുടെ കമ്പിലെ മുള്ളുനോക്കാതെ ഞാൻ കേറി. കടന്നലുകൾ പാറിയലഞ്ഞ എത്ര പുളിമരങ്ങൾക്കു ചോട്ടിൽ കാലമെന്ന നിർദ്ദയം തളച്ചിട്ടു.

എന്റെ അമ്മ പണ്ടെത്ര വലിയൊരു സ്നേഹസ്രോതസ്സായിരുന്നു! വയമ്പും മാശിക്കയും രുദ്രാക്ഷവും പൊന്നും അരച്ച തൊണ്ണുകളിൽ തേക്കുമ്പോൾ നീട്ടിയ കാലുകളിൽ കിടന്നു ഞാൻ കുഞ്ഞിക്കാലുകൾ കുടഞ്ഞു.

പൂക്കോയതങ്ങളുടെ സ്കൂളിലേക്കു പോകുമ്പോൾ അമ്മ ചോയിച്ചിയോടു പറയുന്നു "ഓൻ ക്ലാസ്സിലൊന്നാമനാ. എന്റെ കുട്ടി വലുതായിട്ടുവേണം ചോയിച്ചേച്യു ഈ നാലുകെട്ടൊക്കെ ഒന്നു പൊളിച്ചു ശരിയാക്കാൻ."

വെറും സങ്കല്പം. പാവം അച്ഛൻ. ബലിക്കാക്കകൾ ആറുതവണ കവ്യം ഉണ്ടു. പ്രിയപ്പെട്ട അച്ഛാ, ദുഃഖിക്കാതിരിക്കൂ. അമ്മ എന്തിനു വിധവയായിരിക്കണം. ആ കമ്പനി പണിക്കാരനെ തളച്ചിടാൻമാത്രം അവൾക്കിന്നും താരുണ്യമുണ്ടു്.

ശ്യാമള. കണ്ണുകളിൽ ദീപ്തിയുള്ള ചെഞ്ചുണ്ടുകളിൽ സദാ നനവുള്ള, കീരിപ്പല്ലുള്ള ജൂനിയർ പ്രീഡിഗ്രി വിദ്യാർത്ഥിനി. നിനക്കു് ഞാൻ ജീവൻ. എനിക്കു് നീയും. എന്തൊരു ചേലുള്ള പെൺകുട്ടി. ചെന്താമരദളചയങ്ങളിലേക്ക് പറന്നടുക്കുന്ന കൊച്ചുകരിവണ്ടുപോലെ ചുണ്ടിനരികെ ഒരു കാക്കപ്പുള്ളി. രാവിലേകളിൽ പൂവേണി ഈറനണിഞ്ഞു. നനവിൽ തിരുകിവെച്ച റോസാപ്പൂദളങ്ങൾ തണുപ്പുകൊണ്ടു് വിറങ്ങലിച്ചു.

ഒരിക്കൽ ചുമച്ചപ്പോൾ എന്റെ ഉമിനീരിൽ സന്ധ്യാകാശവർണ്ണങ്ങൾ. അതു കട്ടിച്ചുവപ്പുള്ള പൂക്കളായി വിരിഞ്ഞു.

നീ എന്തേ മുഖം തിരിച്ചുകളഞ്ഞു, ശ്യാമേ? ഞാൻ എന്നിട്ടും നിന്നെക്കുറിച്ചുതന്നെ ഓർക്കുന്നു. എന്റെ തെററ് അതായിരിക്കാം.

ജീവിതമെന്ന പിച്ചിൽ നാം ക്രിക്കററു കളിക്കുന്നു. നാമോരോരുത്തരും ബാററ്സ്മാൻമാർ. ദുർവിധിയുടെ ബോളുകൾ നമ്മുടെ വിക്കററിനു നേരെ. അധികം നിലനില്പുള്ളവർ ഇപ്പുംമാത്രം.

എന്റെ വിക്കററു വീണുകഴിഞ്ഞു. ഗുളികയും ടോണിക്കും എത്രകാലം? അമ്മക്കു ഞാനൊരു ഭാരം. അതിനേക്കാൾ ഒരു ഭീഷണി.

പടിഞ്ഞാറെ വളപ്പിൽ പറങ്കിമാവിൻ കൊമ്പ്, ജോണി, നീ തെരഞ്ഞെടുത്തു. എനിക്കു കഴിയാത്തതു്. നിൻെറ ദുഃഖം എന്തായിരുന്നു? കരിയാത്താൻ കോട്ടക്കരികിൽ നമ്മളിരുന്നപ്പോഴും നീ നിൻെറ ദുഃഖം എന്നിൽനിന്നു മറച്ചു പിടിച്ചു. ഇവിടെ അടിയൊഴുക്കുകൾ ഇല്ലാത്തവർ ഇല്ലായിരിക്കാം. ആഴത്തിലേക്കു ചെല്ലണ്ടേ അതറിയുവാൻ.

ഇവിടത്തെ പുഷ്പങ്ങളെല്ലാം ഭംഗിയേറിയ നിറമുള്ള ഉടുപ്പിട്ട വേശ്യകൾ! പൂർണ്ണനഗ്നനിഷ്കളങ്കതയോടെ ചിരിക്കാനവർക്കറിയില്ല.

കട്ടിലിൽ ചുരുണ്ടുകിടക്കുമ്പോൾ അമ്മയുടെ നിശ്വാസങ്ങൾ കണ്ണുകളിലിടക്കു തെങ്ങിവരുന്നു. എനിക്കിവിടെ മടുത്തു. എല്ലാവരും ആകാശക്കോട്ട പണിയുന്നവരാണ്.

പുറത്ത് കൂരിരുട്ട്. ദൂരെ, ദൂരെ. ആശകളില്ലാത്ത ഒരു ദേശമുണ്ടോ? ദുഃഖമില്ലാത്തവരുടെ? ഞാൻ എല്ലാം വലിച്ചെറിയുന്നു. ഇനിയും ഈ ഭാരം വേണ്ട.

കതകേ, നീ ഇക്കിളിപ്പെടല്ലേ.

ഈ ഒളിച്ചോട്ടത്തിനു പററിയ മറ കൂരിരുട്ടുതന്നെ. വെട്ടം വീഴും മുമ്പുതന്നെ കണ്ണെത്താത്ത ദൂരം എത്തണം.

# സംതൃപ്തി

ലതിക I P. D. C. S-4

അകലെ, കുന്നിൻ ചെരിവിൽനിന്നും സായം സന്ധ്യയുടെ വരവേല്പ്. ഇത്തിരി നേരത്തെ ജീവിതത്തിനായ് മാത്രം പിറവിയെടുക്കുന്ന സന്ധ്യ. ഇവിടെ, സഫലീകരിക്കാത്ത ഒരു പിടി ആശകളുടെ മനോരാജ്യത്തിൽ സ്വയം ജീവിതം നശിപ്പിക്കേണ്ടിവന്ന അവൾ! ഒരിററ് സ്നേഹത്തിനായ് ഹൃദയം ദാഹിച്ചപ്പോൾ, വീണ്ടും ഓർമ്മകളെന്ന ശ്മശാനത്തിലേക്ക് മനസ്സിനെ പായിക്കാൻ ശ്രമിക്കാതെ, സന്ധ്യവന്ന് മുകരുന്ന ആ കുന്നിനെ നോക്കി നെടുവീർപ്പിട്ടുംകൊണ്ട് അവൾ ആ നീലത്തടാകക്കരയിൽ ഇരുന്നു. കുറേ കല്ലുകൾ പെറുക്കി, ഓരോന്നായ് ആ തടാകത്തിലേയ്ക്കെറിഞ്ഞു അവൾ രസിച്ചു. മനം നിറയെ വേദനയുടെ താങ്ങാനാവാത്ത ഭാരമായിരുന്നു. വെറും ബാഹ്യവികാരത്തിനായ്മാത്രം അയാൾക്ക് കീഴടങ്ങുമ്പോൾ ഞാൻതന്നെ ശ്രദ്ധിക്കേണ്ടതായിരുന്നു. പക്ഷെ... അയാൾ സ്വയം തന്നെ ഉപേക്ഷിക്കാൻ തയ്യാറായതാണോ ? അല്ലായിരുന്നു എന്ന് പിന്നീടാണ് അറിയാൻ കഴിഞ്ഞത്.

വീണ്ടും കണ്ണുകൾ പാഞ്ഞത് അങ്ങകലെയുള്ള ആ കുന്നിന്മേലേയ്ക്കായിരുന്നു. എന്നെപോലെ ആശകൾ ആ കുന്നിനും ഇല്ലേ? പക്ഷെ അവ രണ്ടും തികച്ചും വ്യത്യസ്തമാണ്. എന്നെങ്കിലും ഒരിക്കൽ വർഷംവന്ന് തന്നെ പുളകമണിയിക്കും എന്ന മോഹത്താൽ, അതിനായ് ആററ്നോററ് ഇരിയ്ക്കുന്ന കുന്ന്. ആ മോഹം മിഥ്യയല്ല. എന്നെങ്കിലും വർഷം വരാതിരിക്കില്ല. അന്ന് കുന്നിന്റെ ദാഹം തീരുമാറ് അവൾ ആശ്ലേഷിയ്ക്കും. പക്ഷെ...

ഞാനോ...എന്നിലെ മോഹങ്ങൾ എല്ലാം വെന്തെരിഞ്ഞു. ഇനി അവയുടെ ചാമ്പലുകൾ മാത്രമെ എനിയ്ക്ക് ബാക്കിയുള്ളൂ. ഒരിക്കലും മാററം വരാനില്ലാത്ത ശാശ്വതമായ എന്റെ ആഗ്രഹം. വന്ധ്യതയ്ക്ക വിധിക്കപ്പെട്ട എന്നിലെ ഹൃദയം. സഹതാപം തോന്നി.

വീണ്ടും ഓർമ്മകളിലേക്ക് മനസ്സ് പ്രയാണംതുടന്നു.

...അയാൾ... അയാളുടെ ഏതോ ഒരു മുറപ്പെണ്ണിനെ വിവാഹം കഴിച്ചു. അമ്മയുടെ നിർബ്ബന്ധമായിരുന്നു പിന്നിൽ. ഒടുവിൽ നിസ്സഹായനായ് അതിനു വഴങ്ങി......ആ നിമിഷവും അയാൾ തന്നെ മറന്നു. ഒന്ന് യാത്ര ചോദിയ്ക്കാനുള്ള നല്ല മനസ്സ്പോലും അയാൾക്ക് ഉണ്ടായിരുന്നില്ലേ...ചോദിക്കാഞ്ഞതായിരുന്നു ഒരു വിധത്തിൽ നല്ലത്. അയാൾക്കുവേണ്ടി ആർക്കും കീഴടങ്ങാതെ, ഞാൻ ജീവിച്ചു. എന്നും ഈ കുന്നിൻചെരിവിലെ തടാകക്കരയിൽ വന്നിരിക്കും. അപ്പോൾ, മനം നിറയെ ഭാവിയെപ്പററിയുള്ള ആകാശകോട്ടകൾ തീർക്കും, ഒരുനാളിൽ അദ്ദേഹം തിരിച്ചുവരുംഎന്ന ആശ്വാസത്തോടെ...

ഇന്ന് താൻ ഏകാകിനിയാണ്. ഈ നീലത്തടാകം മാത്രമെ തനിയ്ക്കിന്ന് ഒരാശ്ര

യമുള്ള. അയാളോ... ഏതോ ഒരു പുതിയ ജീവിതം നയിക്കുകയായിരിക്കും ഒന്നും ഓർമ്മിക്കാതെ.

കുന്നിനെ ചുംബിക്കുമാറ് അകന്ന്പോകുന്ന മേഘശകലങ്ങൾ പകൽ മുഴുവനും അലഞ്ഞ്നടന്നു തളർന്ന്, ക്ഷീണത്തോടെ അഭയകേന്ദ്രങ്ങളിലേക്ക് പറന്നുപോകുന്ന പറവകൾ... കുന്നിൻചെരിവിൽനിന്നും ഓടിയെത്തിയ ഏതോ ഗാനത്തിൽ മുഴുകി അവളിരുന്നു നിർവികാരയായി. പിന്നേയും അവൾ കല്ലുകൾ പെറുക്കി എറിഞ്ഞു, നിശ്ചലമായ് നിൽക്കുന്ന വെള്ളത്തിനെ ചലിപ്പിക്കുമാറ്. പണ്ടൊരുനാൾ... ഈനീലത്തടാകക്കരയിൽ സൂര്യാസ്തമയം നോക്കിയിരിക്കവെ, അയാൾ പറഞ്ഞു. ഈ നീലത്തടാകം നമ്മുടേതാണ്. നിന്റെ കണ്ണുകൾക്കുള്ള അത്ര അഴക് ഈ തടാകത്തിനുണ്ട്- അങ്ങിനെ എത്രയെത്ര ദിനങ്ങളിലെ സായാഹ്നം ഈ കരയിൽ കഴിച്ചുകൂട്ടിയിരുന്നു. എല്ലാം മൺമറഞ്ഞുപോയ ഓർമ്മകൾ. ഏതു് നിമിഷവും ജീവൻ നൽകപ്പെടുന്ന ആ ഓർമ്മകളെ മനസ്സിൽനിന്നും പിഴുതെറിയാൻ ഈ നീലത്തടാകംപോലും എന്നെ നിർബ്ബന്ധിച്ചു. എന്നിട്ടും കൈവെടിയാൻ കഴിയാതെ, ഒരു പുതിയ ഗന്ധം നുകരാനാവാതെ അവൾ നിസ്സഹായിയായ് ഇരുന്നു. കുളിർമയുള്ള തെന്നലേററ് തെങ്ങോലകൾ പാടി. സന്ധ്യ പിന്മാറി തുടങ്ങിയിരുന്നു. മാനം നിശ്ചലമായിരുന്നു. പറവകൾ മരച്ചില്ലികളിലിരുന്ന് ഉറങ്ങി തുടങ്ങിയിരുന്നു. കറുപ്പ് വ്യാപിപ്പിക്കുവാൻ ശ്രമിക്കുന്ന ഇരുൾ. അവൾ തപസ്സിൽനിന്നും ഉണർന്നു. നീലത്തടാകം വ്യക്തമല്ലാതായ് കൊണ്ടിരുന്നു. അവൾ എഴുന്നേററുനടന്നു. അയാളുടെ രൂപം വ്യക്തമായ് എഴുന്നുനില്ക്കുന്ന അവളുടെ ഹൃദയം അസ്വസ്ഥമായിരുന്നു അപ്പോഴും. തളർന്ന മനസ്സോടെ കാൽ മുന്നോട്ട്വെയ്ക്കുമ്പോൾ ഒരിക്കലും കണ്ടിട്ടില്ലാത്ത, കാണാൻ ഇടയില്ലാത്ത ആ 'മുറപ്പെണ്ണിന്റെ' സങ്കല്പരൂപമായിരുന്നു മനം നിറയെ. ഒന്നും താങ്ങുവാൻ ശക്തിയില്ലാതെ മുറിയിൽ കിടക്കയിൽചെന്ന് വീഴുമ്പോൾ അകലെ കുന്നിൻചെരിവിൽ പെയ്യുന്ന മഴയുടെ ഇരമ്പം കാതിൽ വന്നലച്ചു. താൻമാത്രം ഇന്നും പരാജയപ്പെടുന്നു. പിന്നെ ശ്രവിക്കാൻ കഴിയാതെ ജനൽപാളികൾ വലിച്ചടക്കുമ്പോൾ മനം നിറയെ കുന്നിന്റെ സംതൃപ്തി നിറഞ്ഞമുഖമായിരുന്നു...

# സങ്കൽപസംഗമം

ടി. കെ. കുഞ്ഞബ്ദുള്ള
(Final B.Sc. Botany)

ചിത്രാംഗനയുടെ ചാരത്തു ഞാനെന്റെ
ചിത്തിരത്തോണിയിലിറങ്ങി

പൊൻകതിർതാളുകൾ സൗരഭം
ചാർത്തിയ
സുന്ദരസുമദളശയ്യയിൽ
ചന്ദ്രനും താരവും നോക്കി
ചിരിച്ചപ്പോൾ
ചുംബനം ഞങ്ങൾ കൈമാറി

സ്വർഗ്ഗവും നരകവും ദൂരെയായ്നിന്നു
സ്വർഗ്ഗകുമാരികൾ കണ്ണടച്ചു.
ഗാനലഹരിതൻ ചാരുത നിറച്ചുള്ള
ഗാത്രേന്ദ്രിയങ്ങൾ ജ്വലിച്ചു.